KNANAYADEEPAM

SINCE 1989

# ക്നാനായ ദീപം


Vol: 32 / Issue: 1 January 2021 ₹ :15/-



## 1st Birthday in Heaven

8 – 02 – 2021

"ആചാര്യേശാ മശിഹാ കൂദാശകളർപ്പിച്ച ഈ ആചാര്യനേകുക പുണ്യം നാഥാ സ്തോത്രം"



# Very. Rev. K.C. ANDREWS Cor-Episcopa

## Kochuparambil, Vadapuram, Nilambur

By Sorrowing Family

Advt - O

# ക്നാനായ ദീപം

SINCE 1989

2021 ജനുവരി പുസ്തകം 32 ലക്കം 1

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ബഹറിൻ സെന്റ് ഗ്രീഗോറിയോസ് ക്നാനായ ഇടവക പത്താം വർഷത്തിലേക്ക് 08

പ്രതീക്ഷയോടെ പുതുവർഷത്തിലേയ്ക്ക് 09
സുനിൽ ഡി. കുരുവിള

മാതൃകാ കുടുംബജീവിതം 15
ഫാ. ഡോ. ജെയിംസ് തോടത്തിൽ

കൊറോണക്കാലം കരുതലിന്റെ കാലം 17
ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ

മല്പാനോടു ചോദിക്കാം 18

ഏവൻഗേലിയോൻ ദീപം 19
ഫാ. ജെറിൻ റ്റി രാജു

22 തിരുസ്നേഹം (കവിത)
വിജിമോൾ മാത്യു

23 അദ്ധ്വാനിച്ചാൽ അഭിമാനിക്കാം
റ്റി. സി. തോമസ്

24 മലർവാടിക്കൂട്ടം

25 കാല്പ്പാടുകൾ
എബി

35 സ്വന്തം പ്രതിച്ഛായ
ഡോ. ഐബി ജോസ്

39 കർത്തൃപ്രാർത്ഥനയുടെ സാരാംശം
കൊച്ചുമോൻ

41 മാട്രിമോണിയൽ


**ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം**

**മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.**


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose, Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Scaria Thomas (Ex. M.P.)
(Lay Trustee)
T. O. Abraham Thottathil
(Samudaya Secretary)


**Visit www.knanayadeepam.in**


**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com




**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 85475 84440
E-mail:
**kna.deepam@gmail.com**



**ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക**

**രാഷ്ട്രീയ ഗതിയും മതത്തിന്റെ പോക്കും വഷളായിരിക്കുകയാണ്. ലോകത്തിന്റെ നിലനിൽപ്പിനും അഭിവൃദ്ധിക്കും മുഖാന്തരമായിരിക്കുന്ന എല്ലാ ഉപാധികളും ആശയറ്റ നിലയിൽ അധ:പതിച്ചു കൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് നാം 2021 – ലേക്ക് പ്രവേശിക്കുന്നതെങ്കിലും ഇമ്മാനുവേലായ ദൈവം നമ്മോടുകൂടെ ഉണ്ട്.**



# editorial

## എഡിറ്റോറിയൽ

കർത്താവിൽ പ്രിയരെ,

ലോകം ഇതുവരെയും ദർശിച്ചിട്ടില്ലാത്ത ഏറ്റവും കൊടിയ ഒരു കാലത്തു നാം എത്തിച്ചേർന്നിരിക്കുകയാണ്. 2020 ൽ ആരംഭിച്ച കൊറോണബാധ നിമിത്തം കോടിക്കണക്കിന് ആളുകൾ മൺമറഞ്ഞുപോയി. നിരവധി പേർ രോഗികളായി കെടുതികൾ അനുഭവിച്ചു വരുന്നു. ലോക വ്യാപകമായി സാമ്പത്തിക തകർച്ച സംഭവിക്കുമാറ് എല്ലാ മേഖലകളും തകർന്ന അവസ്ഥയിൽ ലോക ജനത ഭയത്തോടെ ഇരിക്കുമ്പോൾ ഇതാ 2021–ലേക്ക് കൊറോണ വൈറസിന്റെ ജനിതക മാറ്റം വരുത്തികൊണ്ട് അതിവേഗം രോഗം പരത്തികൊണ്ട് കൊറോണ വൈറസിന് പുതിയ വകഭേദം ബ്രിട്ടനിലും യൂറോപ്യൻ രാജ്യങ്ങളിലും വ്യാപിച്ചുകൊണ്ടിരിക്കുന്നു. രാഷ്ട്രീയ ഗതിയും മതത്തിന്റെ പോക്കും വഷളായിരിക്കുകയാണ്. ലോകത്തിന്റെ നിലനിൽപ്പിനും അഭിവൃദ്ധിക്കും മുഖാന്തരമായിരിക്കുന്ന എല്ലാം ഉപാധികളും ആശയറ്റ നിലയിൽ അധ:പതിച്ചുകൊണ്ടിരിക്കുകയാണ്. ഈ സാഹചര്യത്തിലാണ് നാം 2021 ലേക്ക് പ്രവേശിക്കുന്നതെങ്കിലും ഇമ്മാനുവേലായ ദൈവം നമ്മോടുകൂടെ ഉണ്ട്. ഒരു വർഷംകൂടി നമ്മെ വിട്ടുപോയി. 2021 ദൈവം നമുക്കായി സമ്മാനിച്ചിരിക്കുന്നു. കഴിഞ്ഞ വർഷത്തെക്കുറിച്ചു ചിന്തിക്കുമ്പോൾ വിഷാദവും വേദനയുമാണ് മനസ്സിൽ പൊങ്ങി വരുന്നത്. പല നാശനഷ്ടങ്ങളും, അത്യാഹിതങ്ങളും അനിഷ്ട സംഭവങ്ങളും, വൻ ദുരന്തങ്ങളും നമ്മുടെ സ്മൃതി പഥത്തിൽ തന്നെ മായാതെ കിടക്കുകയാണ്. മഹാദൈവത്തിന്റെ കരുണയാൽ അവ എല്ലാറ്റിൽനിന്നും നമ്മെ കാത്തു സൂക്ഷിച്ച് ഒരു പുതു വർഷത്തിൽ കാലൂന്നി ഇത്രയും ദിവസം കഴിച്ചു കൂട്ടുവാൻ നമുക്ക് സാധിച്ചു.

ഈ വർഷം കഴിഞ്ഞ വർഷത്തെ തെറ്റുകൾ തിരുത്തുവാൻ ദൈവം നമുക്ക് നൽകിയിരിക്കുന്ന അവസരമാണ്. ഈ വർഷം നമുക്ക് എന്തെല്ലാം സംഭവിക്കുമെന്ന് അറിഞ്ഞു കൂടാ. എന്തെല്ലാം നാം അഭിമുഖീകരിച്ചാലും ഒരു കാര്യം നാം മനസ്സിലാക്കണം സർവ്വശക്തനും സ്നേഹവാനുമായ മഹാദൈവത്തിന്റെ സാന്നിദ്ധ്യം എപ്പോഴും നമ്മോടുകൂടെ ഉണ്ട് എന്ന് വിശ്വസിക്കണം. (സങ്കീ.91:14–16) അവൻ എന്നോടു പറ്റിയിരിക്കുകയാൽ ഞാൻ അവനെ വിടുവിക്കും, അവൻ എന്റെ നാമത്തെ അറികയാൽ ഞാൻ അവനെ ഉയർത്തും. അവൻ എന്നെ വിളിച്ചപേക്ഷിക്കും. ഞാൻ ഉത്തരമരുളും കഷ്ടകാലത്തു ഞാൻ അവനോടുകൂടെ ഇരിക്കും. ഞാൻ അവനെ വിടുവിച്ചു മഹത്വപ്പെടുത്തും. ദീർഘായുസ്സുകൊണ്ട് ഞാൻ അവന് തൃപ്തി വരുത്തും. എന്റെ രക്ഷയെ അവന് കാണിച്ചു കൊടുക്കും. ഈ പാട്ട് ഇസ്രായേൽ ജനത്തിന്റെ അനുഭവത്തിൽ നിന്നും പാടിയതാണ്. മിസ്രയിമിലെ അടിമത്വത്തിൽനിന്നും വിടുവിച്ച മോശ മനുഷ്യവർഗ്ഗത്തിനു നൽകുന്ന സന്ദേശമാണ്. നമ്മുടെ പിതാക്കന്മാർ എന്നും ധ്യാനിക്കുവാൻ തക്കവണ്ണം സൂത്താറ പ്രാർത്ഥനയിൽ ഇതു ക്രമീകരിച്ചിട്ടുണ്ട്.

**1. ദൈവം വിടുവിക്കുന്നവനാണ് വിമോചകനാണ്**

പാപച്ചങ്ങലയുടെ അടിമത്വത്തിൽനിന്നും വിടുതൽ ലഭിക്കുന്നതിനായി മനുഷ്യർ ആഗ്രഹിക്കുന്നു. പ്രയാസങ്ങളിൽ നിന്നും മനോഭാരങ്ങളിൽനിന്നും, ഭയത്തിൽനിന്നും, ബന്ധപ്പാടുകളിൽനിന്നും, സാമ്പത്തിക കടബാദ്ധ്യതകളിൽനിന്നും ഒരു വിടുതലിനുവേണ്ടി മനുഷ്യൻ സദാ പരിശ്രമിക്കുന്നുണ്ട്. ഫറവോനിൽനിന്നും സ്വന്ത ജനത്തെ വിമോചിപ്പിച്ച ദൈവം നമ്മെ വിടുവിക്കുന്നവനാണ്.

**2. കഷ്ടകാലത്തു നമ്മോടുകൂടെ ഇരിക്കും**

നമ്മുടെ ജീവിതപാത കഷ്ട സമ്പൂർണ്ണം തന്നെ. മനുഷ്യൻ കഷ്ടതയ്ക്കായി ജനിച്ചിരിക്കുന്നു. അഭിവൃദ്ധിയുടെ കാലത്തു സുഹൃത്തുക്കൾ ധാരാളമുണ്ട്. കഷ്ടകാലത്ത് സഹായിക്കുവാനോ ആശ്വസിപ്പിക്കുവാനോ ആരും ഇല്ലാത്തതിനാൽ സുഹൃത്തേ, നീ നിരാശപ്പെടേണ്ട. മാറാത്ത സഖിയായി സമീപസ്ഥനായി, അടുത്ത തുണയായി ഈ മഹാ ദൈവം നിന്റെ കൂടെ ഉണ്ട്. ദൈവത്താൽ കഴിയാത്ത യാതൊരു കാര്യവുമില്ല.

**3. ദൈവം നമ്മെ ഉയർത്തും**

തന്നത്താൻ ഉയർത്തുന്നവൻ താഴ്ത്തപ്പെടും എന്നു മനസ്സിലായ മോശ ദൈവസന്നിധിയിൽ 40 വർഷത്തോളം താഴ്ത്തി ഏൽപ്പിച്ചു കൊടുത്തു, തൽഫലമായി ദൈവം മോശയെ ഉയർത്തി. ദൈവത്തെ അറിയുന്നവരെ ദൈവം ഉയർത്തും.

**4. ദൈവം നമ്മെ തൃപ്തരാക്കും**

ഒരു മനുഷ്യനെ പൂർണ്ണമായി തൃപ്തനാക്കുവാൻ മറ്റൊരു മനുഷ്യനു കഴിയുകയില്ല. ദൈവത്തിനു മാത്രമേ കഴിയുകയുള്ളു. ധന സമൃദ്ധിയുള്ളവർ ധാരാളം ഉണ്ട് പക്ഷേ അവർ തൃപ്തരല്ല. മനുഷ്യനെ സകല വിധത്തിലും തൃപ്തിപ്പെടുത്തുവാൻ ദൈവത്തിനു മാത്രമേ സാധിക്കുക ഉള്ളു. ദൈവം നിന്നെ തൃപ്തനാക്കും അതിനുവേണ്ടി ഇപ്പോൾ തന്നെ ദൈവത്തെ സമീപിക്കുക. തൃപ്തിയോടെ, ദീർഘായുസ്സോടെ ജീവിക്കുവാൻ സാധിക്കും.

യേശുക്രിസ്തുവിനെ കേവലം ഒരു ഇതിഹാസ പുരുഷനായി വില മതിക്കുന്നവർ ഉണ്ട്. മറ്റ് ചരിത്ര പുരുഷ

*(ശേഷം പേജ് 10)*



# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം

പുതു വർഷത്തിന്റെ തുടക്കത്തിലാണല്ലോ നാം. പുതുവർഷത്തെക്കുറിച്ചുള്ള ആശങ്കകളും, ആകുലതകളും ഏറെയാണ്. **കടന്നുപോയ വർഷത്തിൽ നമ്മുടെ പല തലമുറകൾ അനുഭവിച്ചിട്ടില്ലാത്ത സംഭവങ്ങൾക്ക് സാക്ഷികളായി. ലോക്ഡൗണും, സാമൂഹിക അകലവും, ക്വാറന്റീനും നമ്മുടെ ജീവിതത്തിന്റെ ഭാഗമായി.** കോവിഡ് –19 മൂലം നമ്മിൽനിന്ന് അനേകർ വാങ്ങിപ്പോയി. ആരോഗ്യപരമായ കാരണങ്ങളാൽ അവരെ അന്ത്യമായി ഒന്ന് കാണാൻ സാധിക്കാത്ത അവസ്ഥയുടെ ദുഃഖഭാരം പേറുന്നവർ അനേകം. ജോലി നഷ്ടപ്പെട്ടതുമൂലമുള്ള സാമ്പത്തിക ക്ലേശം, ക്രമീകരിച്ച പല കാര്യങ്ങളും മാറ്റേണ്ടതായി വന്നതിന്റെ ഭാരം. ദൈവാലയങ്ങളിൽ ആരാധനയ്ക്ക് എത്താൻ സാധിക്കാത്തതിന്റെ മനോവിഷമം. അങ്ങനെ ഏറെ ക്ലേശങ്ങൾ നമ്മെ അലട്ടിയ വർഷം.

ഇത്തരം വിഷമതകൾക്കിടയിലും ഭവനത്തിനുള്ളിൽ മാതാപിതാളും, മക്കളും ഒരുമിച്ച് ആയിരിക്കുവാൻ കൂടുതൽ അവസരം ലഭിച്ചു. അതുമൂലം ഒരുമിച്ചിരുന്ന് പ്രാർത്ഥിക്കുവാനും, സ്നേഹബന്ധങ്ങൾ ഊഷ്മളമാകാനും സാധിച്ചു. ഈ പ്രതിസന്ധിക്കിടയിലും സർക്കാരും, വ്യക്തികളും നമ്മെ അകമഴിഞ്ഞ് സഹായിച്ചു. അങ്ങനെ ബുദ്ധിമുട്ടിന്റെ നടുവിലും ദൈവിക കരുതൽ നാം ധാരാളമായി അനുഭവിച്ചു.

**പോയ വർഷം ചില ബോധ്യങ്ങളും നമുക്ക് ഇടയാക്കി. ആഢംബരമില്ലാതെയും, ആഘോഷങ്ങൾ കുറച്ചും പരിപാടികൾ നടത്താമെന്നും നാം പഠിച്ചു.** നമ്മുടെ ജീവിത തിരക്കിനിടയിലും ഭവനത്തിലുള്ളവരുമായി ആത്മബന്ധം ഗാഢമാകണമെന്നുള്ള ബോധ്യം നമുക്കുണ്ടായി. **മനുഷ്യന് നശ്വരതയും, ദൈവാശ്രയമുള്ളവരാകാനുമുള്ള ആഹ്വാനവും ഉണ്ടാകുന്നു. പുതുവർഷത്തിൽ, സാംക്രമിക രോഗത്തിന് വാക്സിൻ ലഭ്യമാകുന്നു എന്ന വാർത്തയും നമ്മെ ആനന്ദമുള്ളവരാക്കുന്നു.**

പോയ വർഷത്തിലെ പ്രതിസന്ധികൾക്കിടയിലും, നമുക്ക് ലഭിച്ച ദൈവിക പരിപാലനത്തിനായി ദൈവത്തെ സ്തുതിച്ചും, ദൈവം തന്റെ മക്കളെ പരിപാലിക്കും എന്ന പ്രത്യാശ നമ്മെ പുതുവർഷത്തിലും നടത്തട്ടെയെന്ന് ആശംസിക്കുന്നു.

ജനുവരി 6ന് കർത്താവിന്റെ മാമോദീസ അതായത് ദനഹാ പെരുന്നാൾ ആചരിച്ചു. ദനഹായിൽ യേശു ദൈവപുത്രനാണെന്ന് വെളിപ്പെട്ടു. ലോകരക്ഷകനായി അവതരിച്ച യേശുവിനെ സ്മരിക്കുവാനും, യേശുവിന്റെ മുമ്പിൽ പുനഃപ്രതിഷ്ഠ നടത്തുവാനും, അതിലൂടെ യേശുവിലൂടെയുള്ള പ്രകാശത്തിന്റെ നവ്യമായ അനുഭവത്തിൽ എത്താൻ നമുക്കു സാധിക്കട്ടെ.

ഈ മാസത്തിന്റെ അവസാന ആഴ്ചയിൽ മൂന്നു നോമ്പിന്റെ ദിനങ്ങളാണല്ലോ. നിനുവെ എന്ന ദേശത്തെയും യോനാ എന്ന പ്രവാചകനെയും രൂപാന്തരത്തിലേയ്ക്ക് നയിച്ച ചരിത്രമാണല്ലോ യോനായുടെ പുസ്തകം നമ്മെ പഠിപ്പിക്കുന്നത്. ഈ ദിനങ്ങളിൽ പ്രത്യേകമായി നാം നോമ്പ് ആചരിക്കുവാനും, അതിലൂടെ നാം ദൈവ മനുഷ്യരായി തീരാനും ഇടയാകട്ടെ.

**ക്നാനായ മെറിറ്റ് അവാർഡ് ഡിസംബർ 19 ന് നടത്തി.** ഉന്നതവിജയം കരസ്ഥമാക്കിയ കുട്ടികളെയും, മാതാപിതാക്കളെയും പ്രത്യേകിച്ച് അഭിനന്ദിക്കുന്നു.. അതോടൊപ്പം നിങ്ങളിൽ സമുദായത്തിനുള്ള പ്രതീക്ഷയെന്നത് കൂടുതൽ ഉയരങ്ങളിൽ നിങ്ങൾ എത്തുമെന്നതാണ്. അതിന് ദൈവം ഇടയാക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

**1675–ാ മത് സിറിയൻ കുടിയേറ്റ വാർഷികം ക്നാനായ കോൺഗ്രസ്സിന്റെ** ആഭിമുഖ്യത്തിൽ ഡിസംബർ 27 ന് ചിങ്ങവനം സെന്റ് മേരീസ് ശാലേംപള്ളിയിൽ നടത്തപ്പെട്ടു. അതിന് മുൻകൈ എടുത്ത ക്നാനായ കോൺഗ്രസ് പ്രവർത്തകരെ അനുമോദിക്കുന്നു.

കേരളത്തിലെ **ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ** നമ്മുടെ സമുദായ അംഗങ്ങൾ അനേകർ ജനവിധി തേടുകയുണ്ടായി. അനേകർ തെരഞ്ഞെടുക്കപ്പെട്ടു അധികാരം ഏറ്റു. തെരഞ്ഞെടുക്കപ്പെട്ടവർക്ക് ലഭിച്ച അവസരത്തിലെ സാദ്ധ്യതകൾ മനുഷ്യ നന്മയ്ക്കും, സമൂഹത്തിന്റെ വളർച്ചയ്ക്കുമായി ഉപയോഗപ്പെടുത്തണമെന്ന് ആഹ്വാനം നൽകുന്നു. എല്ലാ അഭിനന്ദനങ്ങളും അറിയിക്കുന്നു.

**ഓതറ നസ്രേത്ത് കോളജ് ഓഫ് ഫാർമസിയുടെ** പ്രവർത്തനം കൂടുതൽ വ്യാപിപ്പിക്കുന്നതിനും, പുതിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനുമായി തോട്ടയ്ക്കാട്ട് 10 ഏക്കർ സ്ഥലം വാങ്ങുന്നതിന് ദൈവം സഹായിച്ചു. ഇനിയും ആ സ്ഥലത്ത് പുതിയ പ്രോജക്ടുകൾ ആരംഭിക്കേണ്ടതുണ്ട്.

ഏവർക്കും അനുഗ്രഹപൂർണ്ണമായ പുതുവത്സരത്തിന്റെ ആശംസകളോടെ

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**
**സമുദായ മെത്രാപ്പോലീത്താ**

**ആഢംബരമില്ലാതെയും, ആഘോഷങ്ങൾ കുറച്ചും പരിപാടികൾ നടത്താമെന്നും നാം പഠിച്ചു. മനുഷ്യന് നശ്വരതയും, ദൈവാശ്രയമുള്ളവരാകാനുമുള്ള ആഹ്വാനവും ഉണ്ടാകുന്നു. പുതുവർഷത്തിൽ, സാംക്രമിക രോഗത്തിന് വാക്സിൻ ലഭ്യമാകുന്നു എന്ന വാർത്തയും നമ്മെ ആനന്ദമുള്ള വരാക്കുന്നു.**



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

# സമുദായ വാർത്തകൾ

പ്രിയപ്പെട്ട സമുദായ അംഗങ്ങളെ,

പ്രതീക്ഷയുടെയും പ്രത്യാശയുടെയും ഒരു പുതുയുഗം നവാഗതമായി നമ്മെ പുൽകുന്ന ഈ വേളയിൽ, വളരെ ഏറെ കഷ്ടപ്പാടിലും വേദനയിലും ദുരിതത്തിലും കൂടി കടന്നുപോയ കഴിഞ്ഞ വർഷം നമ്മോടുകൂടെ നിന്ന് നമ്മെ പരിപാലിച്ചു നമ്മുടെ ആയുസ് നീട്ടി തന്ന ദൈവം തമ്പുരാന് ആദ്യമായി സ്തുതി അർപ്പിച്ചു നന്ദി പറയുന്നു. വരുന്ന കാലയളവിലും ദൈവം തമ്പുരാന്റെ കരുണ നമുക്ക് എല്ലാവർക്കും ഉണ്ടാകുവാൻ പ്രാർത്ഥിക്കുന്നു. വിശാല മനസ്കതയോടെ, പുതിയ കാഴ്ചപ്പാടുകളോടെ സമൂഹ നന്മക്ക് ഉതകുന്ന നല്ല തീരുമാനങ്ങൾ എടുത്തു മുന്നേറുവാൻ എല്ലാ സമുദായ അംഗങ്ങൾക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു. വ്യക്തിജീവിതത്തിലും സാമൂഹ്യ ജീവിതത്തിലും ദൈവത്തെ മുൻ നിർത്തി ദൈവിക സാക്ഷ്യത്തിന്റെ ഉദാത്ത മാതൃകയായി പ്രവർത്തിക്കാൻ സമുദായ അംഗങ്ങൾക്ക് ദൈവം ഇടവരുത്തട്ടെ. തന്മൂലം നമ്മുടെ സമുദായത്തിലും ഒരു ശാശ്വത സമാധാനം ഉണ്ടാകുവാൻ ദൈവം അനുഗ്രഹിക്കട്ടെ. നമ്മുടെ സമുദായത്തിന്റെ മുമ്പോട്ടുള്ള പുരോഗമനത്തിന് പുതിയ വർഷം പുരോഗതിയുടെ, സമാധാനത്തിന്റെ വർഷമായി തീരട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

അംഗബലംകൊണ്ട് മറ്റു സമുദായങ്ങളോട് നമുക്ക് കിടപിടിക്കുവാൻ ആവില്ല എങ്കിലും, മുന്നോട്ട് ഉള്ള പുരോഗതിയുടെ പാതയിൽ ചില ചുവടുവെപ്പുകൾ എടുക്കുവാൻ തക്കവണ്ണം ദൈവം നമ്മോട് കരുണ കാണിച്ചു, അതിന് ദൈവത്തെ സ്തുതിച്ചു ദൈവത്തോട് നന്ദി പറഞ്ഞു കൊണ്ട് ചില കാര്യങ്ങൾ എല്ലാ ക്നാനായക്കാരുടെയും ശ്രദ്ധയിൽ കൊണ്ടുവരുവാൻ ആഗ്രഹിക്കുന്നു.

ക്നാനായ സമുദായത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തിന് സാമ്പത്തിക ഭദ്രത അനിവാര്യം ആണ് എന്ന തിരിച്ചറിവിൽ പല ചർച്ചകളും നടത്തുകയുണ്ടായി. അതിൽ മുഖ്യമായി വന്നത് സമുദായത്തിനു ഒരു കോളേജ് ഉണ്ടാകുക എന്നതാണ്. ഒരു കോളേജ് സമുച്ചയം ക്നാനായ സമുദായത്തിന് ഉണ്ടാവുക എന്നത് സമുദായത്തിന്റെ ഒരു ചിരകാല അഭിലാഷമായിരുന്നു.

ക്നാനായ കമ്മിറ്റിയും, സമുദായ മെത്രാപ്പോലീത്തായും, നസ്രേത്ത് കോളേജ് ഗവേണിങ്ങ് ബോഡി അംഗങ്ങളും, ആശ്രമം കമ്മറ്റി അംഗങ്ങളും, ഇതിനുവേണ്ടി ഒരു ആറ് മാസമായി പരിശ്രമിച്ചു കൊണ്ടിരിക്കുകയായിരുന്നു. പല സ്ഥലങ്ങളും കമ്മിറ്റികൾ സംയുക്തമായിപോയി കണ്ടു. എന്നാൽ നമ്മുടെ പരിമിതികൾക്ക് അതീതമായ വിലയാണ് അതിനൊക്കെ ഉടമസ്ഥർ ചോദിച്ചുകൊണ്ടിരുന്നത് എന്നതിനാൽ അതെല്ലാം അപ്രാപ്യം ആയി മാറി. എന്നാൽ ദൈവത്തിന്റെ മഹാ കരുണയാൽ ചിങ്ങവനം അപ്രേം സെമിനാരിയിൽ നിന്നും ഏതാണ്ട് 14 കിലോമീറ്റർ മാത്രം ദൂരമുള്ള തോട്ടക്കാട് എന്ന സ്ഥലത്ത് കോട്ടയം കോഴഞ്ചേരി ഹൈവേ റോഡിനോട് ചേർന്നുള്ള റോഡ് സൈഡിൽ നമുക്ക് താങ്ങാവുന്ന വിലയിൽ 10 ഏക്കർ 7 സെന്റ് സ്ഥലം ലഭിക്കുകയും, അത് സമുദായം കരസ്ഥമാക്കുകയും ചെയ്തു എന്ന് അഭിമാനപൂർവ്വം പറയുന്നു. ഇവിടെ നമ്മുടെ ചിരകാല അഭിലാഷമായ കോളേജ് സമുച്ചയം ദൈവനിശ്ചയം എങ്കിൽ നമുക്ക് ഉടനെ ആരംഭിക്കുവാൻ സാധിക്കും.

ഇതിനുവേണ്ടി പ്രവർത്തിച്ച സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ സേവേറിയോസ് തിരുമേനി, ക്നാനായ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ, നസ്രേത്ത് കോളേജ് ഗവേണിങ്ങ് ബോർഡ് അംഗങ്ങൾ, കോളേജ് മാനേജർ ഫാ. ജയിൻ തോമസ് കുളത്തുങ്കൽ, സെക്രട്ടറി പ്രസാദ് കോയിയ്ക്കൽ, ആശ്രമം കമ്മറ്റി അംഗങ്ങൾ തുടങ്ങിയ എല്ലാ സമുദായ അംഗങ്ങളെയും ദൈവനാമത്തിൽ അനുമോദിക്കുന്നു.

ഈ ഭൂമിയുടെ തീറാധാരം ഡിസംബർ 14നു നടന്നു കഴിഞ്ഞു. സമുദായ മെത്രാപ്പോലീത്താ അഭിവന്ദ്യ സേവേറിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ക്നാനായ കമ്മറ്റി അംഗങ്ങളും ഫാർമസികോളേജ് ഗവേണിംഗ് ബോർഡ് അംഗങ്ങളും നസ്രേത്ത് ആശ്രമം കമ്മിറ്റി അംഗങ്ങളും കൂടി സ്ഥലത്ത് പ്രവേശിച്ച് ബോർഡ് സ്ഥാപിച്ച് സമുദായത്തിന്റെ സ്വന്തമാക്കി.

11/7/2020 ലും, 03/11/2020 ലും കൂടിയ ക്നാനായ സമുദായ മാനേജിംഗ് കമ്മിറ്റിയുടെ ഐക്യകണ്ഠേന ഉള്ള തീരുമാന പ്രകാരവും 04/11/2020 ൽ കൂടിയ നസ്രേത്ത് ഫാർമസി കോളേജ് ഗവേണിഗ് ബോർഡിന്റെ ഐക്യകണ്ഠേന ഉള്ള തീരുമാനപ്രകാരവും, ക്നാനായ സമുദായ മെത്രാപ്പോലീത്താ എന്ന നിലയിലും, നസ്രേത്ത് കോളേജിന്റെ പ്രസിഡന്റ് എന്ന നിലയിലും അഭിവന്ദ്യ സേവേറിയോസ് തിരുമേനിയുടെ പേരിലാണ് സമുദായത്തിനുവേണ്ടി ഈ സ്ഥലം വാങ്ങിയിരിക്കുന്നത്. നമ്മൾ കരസ്ഥമാക്കിയ ഈ ഭൂമിയിൽ, രണ്ടുമൂന്ന് സ്റ്റേജുകൾ ആയി നമുക്ക് വികസിപ്പിക്കാവുന്ന രീതിയിലാണ് പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നത്.

ദൈവം സഹായിച്ചാൽ ആദ്യ സ്റ്റേജ് അടുത്ത വർഷം തന്നെ കോഴ്സുകൾ ആരംഭിക്കത്തക്ക രീതിയിലുള്ള പ്രവർത്തനങ്ങൾ ആണ് ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുന്നത്.

ക്നാനായ സമുദായത്തിലെ തൊഴിൽ രഹിതരായ ധാരാളം യുവതി യുവാക്കൾക്ക് ഇവിടെ ജോലി ലഭിക്കുന്നതിനുള്ള അവസരവും ഉണ്ടാകും എന്ന് ദൈവത്തിൽ പ്രത്യാശിക്കുന്നു.

സമുദായ പുരോഗതിക്കുവേണ്ടി കഠിനപ്രയത്നം ചെയ്തു പ്രവർത്തിക്കുന്ന ഞങ്ങളെ ജനമധ്യത്തിൽ ഇകഴ്ത്തി കാട്ടുന്നതിനു വേണ്ടിയും സമുദായ പുരോഗതിക്ക് കടിഞ്ഞാൺ ഇടുന്നതിനുംവേണ്ടി വലിയ ദുരാരോപണങ്ങൾ സോഷ്യൽ മീഡിയയിൽ കൂടി ചില തൽപരകക്ഷികൾ ഫെയ്ക്ക് ഐഡിയിൽ കൂടി പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ്, ദുർലാക്കോടെ പ്രവർത്തിക്കുന്ന വിരലിൽ എണ്ണാവുന്ന ആൾക്കാരുടെ ദുരുപദേശത്തിൽ വഴിതെറ്റി ചുരുക്കം ചിലർ മാത്രമാണ് ഈ പ്രവർത്തികൾ ചെയ്യുന്നത്, അവരോട് ദൈവം ക്ഷമിക്കട്ടെ.

എല്ലാ കമ്മിറ്റി അംഗങ്ങളും ചേർന്ന് വളരെ സുതാര്യമായി നടത്തിയ ഒരു വസ്തു ഇടപാടിൽ ദുരാരോപണങ്ങൾ ഉന്നയിക്കുന്നവരെ സമുദായ അംഗങ്ങൾ പുച്ഛിച്ചു തള്ളുക തന്നെ ചെയ്യും. ഇത്രയും സുതാര്യമായി നടന്ന ഒരു ഇടപാടിന്റെ ശോഭ ഇല്ലാതാക്കുന്നതിനുവേണ്ടി ചിലർ മനപ്പൂർവ്വം കരുതിക്കൂട്ടി പ്രവർത്തിക്കുകയാണ്.

ഈ പുതിയ സംരംഭത്തിനുവേണ്ടി എല്ലാം സമുദായ അംഗങ്ങളും പ്രാർത്ഥിക്കണം.

ദൈവത്തിന്റെ കൃപയാൽ സമുദായത്തിൽ കഴിഞ്ഞ മാസവും വൈദികരുടെ ശമ്പളവും പെൻഷനും മുടക്കം കൂടാതെ കൊടുക്കുന്നതിന് സബ് കമ്മിറ്റിക്ക് കഴിഞ്ഞുവെന്നതിൽ ദൈവത്തെ സ്തുതിക്കുന്നു.

ക്നാനായ മെറിറ്റ് അവാർഡ് 2020 ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ 19-12-2020 ൽ നടത്തുകയുണ്ടായി. ഈ മീറ്റിങ്ങിൽ മാർത്തോമ്മാ സഭ പരമാദ്ധ്യക്ഷൻ റൈറ്റ് റവ. ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്കും കോട്ടയം ക്നാനായ കത്തോലിക്ക അതിരൂപത സഹായ മെത്രാൻ അഭി. ഡോ. ഗീവർഗീസ് മോർ അപ്രേം പിതാവിനും സമുദായംവക കുരിശുമാല അണിയിച്ചു ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി സമുദായത്തിനുവേണ്ടി സ്വീകരിച്ച് അനുമോദിച്ചു.

മെറിറ്റ് അവാർഡ്ദാന ചടങ്ങിൽ കോവിഡ് നിബന്ധനകൾക്ക് അനുസൃതമായി സമുദായത്തിലെ ഡോക്ടേറ്റ് ലഭിച്ചവർക്കും, പോസ്റ്റ് ഗ്രാജുവേറ്റ് തലത്തിൽ ഉന്നത വിജയം ലഭിച്ചവർക്കും മാത്രമേ അവാർഡ് വിതരണം ചെയ്യുവാൻ സാധിച്ചുള്ളു. ഉന്നത വിജയം കരസ്ഥമാക്കിയ മറ്റുള്ള കുട്ടികൾക്കുള്ള അവാർഡുകൾ ഓരോ ദൈവാലയങ്ങളിലും ബഹു. വികാരിമാർ വിതരണം ചെയ്യുവാൻ ഉള്ള ക്രമീകരണം നടത്തിയിട്ടുണ്ട്.

യാക്കോബായ സുറിയാനി സഭയോടുള്ള നീതി നിഷേധങ്ങൾക്കും, പള്ളി കൈയ്യേറ്റങ്ങൾക്കും എതിരെ ആരാധനാ സ്വാതന്ത്ര്യ സംരക്ഷണത്തിനായി നിയമ നിർമ്മാണം ആവശ്യപ്പെട്ടുകൊണ്ടുള്ള വിളംബര ജാഥയെയും, അഭി. തോമസ് മോർ അലക്സാന്ത്രിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ മീനങ്ങാടിയിൽ നിന്നും പുറപ്പെട്ടു വന്ന അവകാശ സംരക്ഷണ യാത്രയേയും സമുദായ ആസ്ഥാനമായ ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്തായുടെയും വൈദികരുടെയും, ക്നാനായ കമ്മിറ്റി അംഗങ്ങളുടെയും സാന്നിധ്യത്തിൽ സ്വീകരിച്ച് ഹാരാർപ്പണം നടത്തി.

ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ സിറിയയിലെ ഹോംസിന്റെ ആർച്ച് ബിഷപ്പ് മോർ സിൽവാനോസ് ബൗട്രോസ് അൽ-നെഹ്മ തിരുമേനിയുടെ ദേഹവിയോഗത്തിൽ ക്നാനായ സമുദായത്തിന്റെ ആദരാഞ്ജലികൾ അർപ്പിക്കുന്നു. ദിവംഗതൻ ആയ മെത്രാപ്പോലീത്ത ക്നാനായ സമുദായവുമായി വളരെ ദൃഢമായ ബന്ധം പുലർത്തിയിരുന്നു. ക്നാനായ സമുദായം ക്ഷണിച്ചതനുസരിച്ച് നമ്മുടെ നീലംപേരൂർ ക്നാനായ വലിയപള്ളിയുടെ 175-ാമത് ജൂബിലി ആഘോഷങ്ങളിലും പുനർ നിർമ്മിച്ച ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയുടെ കൂദാശ കർമ്മങ്ങളിലും മുഖ്യകാർമികത്വം വഹിച്ചിട്ടുണ്ട്. നമ്മുടെ വെളിയനാട് ധ്യാനകേന്ദ്രം സമുദായ മെത്രാപ്പോലീത്തായോടൊപ്പം സന്ദർശിക്കുകയും ചെയ്തിട്ടുണ്ട്. ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭിവന്ദ്യ കുറിയാക്കോസ് മാർ സേവേറിയോസ് തിരുമേനിയുടെ അടുത്ത സുഹൃത്തുമായിരുന്നു.

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പിൽ വിജയിച്ച എല്ലാ ക്നാനായ സമുദായ അംഗങ്ങൾക്കും ക്നാനായ സമുദായത്തിന്റെ എല്ലാവിധ അനുമോദനങ്ങളും അറിയിക്കുന്നു. ഈ പ്രാവശ്യം 38 സമുദായ അംഗങ്ങൾ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ മത്സരിച്ച് വിജയിച്ചതിൽ നമുക്ക് അഭിമാനിക്കാം.

ജനപ്രതിനിധികൾ ആയി തിരഞ്ഞെടുക്കപ്പെട്ട ഓരോ ക്നാനായ സമുദായ അംഗങ്ങളും സമുദായത്തിന്റെ യശസ് ഉയർത്തിക്കാട്ടി ജനങ്ങളുടെ നന്മയ്ക്കുവേണ്ടി പ്രവർത്തിക്കുന്നതും ജനങ്ങൾ നിങ്ങളിൽ അർപ്പിച്ചിരിക്കുന്ന വിശ്വാസം കാത്തു പരിപാലിക്കുന്നതിനും ദൈവം നിങ്ങളെ പ്രാപ്തരാക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ക്നാനായ സമുദായത്തിന്റെ അഭിമാനമായ ജനപ്രതിനിധികളായ നിങ്ങളെ ഓരോരുത്തരേയും ക്നാനായ സമുദായത്തിനുവേണ്ടി അനുമോദിക്കുന്നു.

ക്നാനായ സമുദായം നന്മകളുടെ ഉറവിടം ആണ് എന്ന വീണ്ടും വിളിച്ചോതി ദൈവം നൽകിയ നന്മകളെ നമ്മുടെ ഇടയിൽ പങ്കുവെച്ച ഒരു സമുദായ സ്നേഹിയെപറ്റി പറയാതെ വയ്യ, വലതു കൈ ചെയ്തത് ഇടതു കൈ അറിയരുത് എന്ന പ്രമാണം അതുപോലെ നടപ്പിലാക്കുന്ന ഒരു നന്മയുടെ നിറകുടം, താൻ ചെയ്ത നന്മകളുടെ സാക്ഷി പത്രം മറ്റുള്ളവർക്കും പ്രചോദനം ആവും എന്ന നിർബന്ധത്താൽ പേര് വെളിപ്പെടുത്തുവാൻ അനുവദിച്ച ആ വ്യക്തി മറ്റാരുമല്ല. അദ്ദേഹത്തിന്റെ അനുവാദത്തോടുകൂടി പേര് വെളിപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. ശ്രീ.ബാബു പട്ടുകാലായിൽ ഇരവിപേരൂർ പള്ളി ഇടവക അംഗമാണ്, ബഹറൈനിൽ ഇപ്പോൾ ബിസിനസ് ചെയ്തുകൊണ്ടിരിക്കുന്നു. ശ്രീ. ബാബു പട്ടുകാല ബഹറിൻ ക്നാനായ പള്ളിയുടെ സ്ഥാപക അംഗവുമാണ്. ഈ കോവിഡ് കാലത്ത് ഒരു കോടി രൂപയോളം സമുദായത്തിലെ കാരുണ്യ പ്രവർത്തനങ്ങൾക്കു വേണ്ടി ചിലവഴിച്ച ബാബുവിനെയും കുടുംബത്തെയും സമൃദ്ധമായി ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഈ നല്ല കാര്യങ്ങൾ ചെയ്ത ബാബുവിനെയും കുടുംബത്തിനും ക്നാനായ സമുദായത്തിന്റെ പേരിലുള്ള നന്ദി അറിയിക്കുന്നു. അദ്ദേഹം സമുദായത്തിന് ഒരു മുതൽക്കൂട്ടാണ്. ഈ കോവിഡ് കാലത്ത് സമുദായത്തിലെ ആത്മീയ മേഖലകളിൽ പ്രവർത്തിക്കുന്ന എല്ലാവർക്കും, അതിനോട് ചേർന്ന്

*(ശേഷം പേജ് 37)*

# ബഹറിൻ സെന്റ് ഗ്രീഗോറിയോസ് ക്നാനായ ഇടവക പത്താം വർഷത്തിലേക്ക്


പരിശുദ്ധനായ പരുമല തിരുമേനിയുടെ നാമത്തിൽ സ്ഥാപിതമായ ബഹറിൻ സെന്റ് ഗ്രീഗോറിയോസ് ക്നാനായ പള്ളി 2021 ജനുവരി 8-ാം തീയതി പത്താം വർഷത്തിലേക്ക് പ്രവേശിക്കുന്നു. പവിഴങ്ങളുടെ നാടായ ബഹറിനിൽ പ്രവാസികളായി ചേക്കേറിയ മക്കൾ തങ്ങളുടെ വിശ്വാസങ്ങളും ആചാരാനുഷ്ഠാനങ്ങളും വ്യതിചലിക്കാതെ അവയെ കാത്തു പരിപാലിച്ചു പോരുന്നു. 1990 - ൽ ബഹറിൻ ക്നാനായ മക്കൾ ക്നാനായ അസ്സോസിയേഷൻ എന്ന പേരിൽ ഒരുമിച്ചു കൂടി പ്രാർത്ഥനകളും കൂട്ടായ്മകളും മറ്റും നടത്തി തങ്ങളെ ദൃഢപെടുത്തിക്കൊണ്ടിരുന്നു. ഈ കാലങ്ങളിലെല്ലാം തങ്ങളുടെ ആത്മീയ ആവശ്യങ്ങൾക്കായി ബഹറിൻ സെന്റ് പീറ്റേഴ്സ് യാക്കോബായ സുറിയാനി പള്ളിയെ ആശ്രയിച്ചു പോന്നു. ഈ കാലയളവിൽ ക്നാനായക്കാരുടെ ചിരകാല അഭിലാഷമായിരുന്നു താങ്കൾക്ക് സ്വന്തമായി ഒരു ദൈവാലയം എന്നുള്ളത്. അതിനായി ശ്രീ. ചെറിയാൻ കൊടുങ്ങൂർ കുന്നുംപുറത്തിന്റെ നേതൃത്വത്തിലും മറ്റും കമ്മറ്റി രൂപീകൃതമാവുകയും എല്ലാം ക്നാനായ മക്കളുടെയും പ്രാർത്ഥനകളുടെയും പരിശ്രമത്തിന്റെയും ഫലമായി ക്നാനായ സമുദായ മെത്രാപ്പോലീത്ത കുറിയാക്കോസ് മോർ സേവേറിയോസ് തിരുമനസ്സിന്റെ അനുവാദത്തോടും അനുഗ്രഹങ്ങളോടും കൂടി 2011 ജനുവരി 8-ാം തീയതി പള്ളിയുടെ ആദ്യ വികാരി കൂടിയായ ബഹുമാനപ്പെട്ട ഫാദർ മോനായി കെ. ഫിലിപ്പ് കർക്കടകം പള്ളി ബലിയർപ്പിച്ച് പ്രവർത്തനമാരംഭിച്ചു. ദൈവാലയത്തിന് ആദ്യ പ്രതികൂലതകൾ അനവധി ആയിരുന്നു. സാമ്പത്തിക ബുദ്ധിമുട്ടുകളും മറ്റും വളരെയധികം അലട്ടിയിരുന്നു. എങ്കിലും അവ പരിഹരിക്കുവാൻ ഏതാനും ഇടവക അംഗങ്ങൾ, മുന്നോട്ടു വരികയും അവരുടെ അകമഴിഞ്ഞ സഹകരണവും കരുതലും ദൈവാലയത്തിന്റെ മുന്നോട്ടുള്ള കുതിപ്പിന് നെടുംതൂണുകൾ ആയി മാറി, അവ ഇന്നും തുടർന്നുവരുന്നു. ബഹറിനിലെ അപ്പോസ്തോലിക സഭകളിൽവച്ച് ചെറിയകൂട്ടമാണ് ക്നാനായ സമൂഹം എങ്കിലും ആത്മീയ സാംസ്ക്കാരിക സാമൂഹിക മണ്ഡലങ്ങളിൽ വിലമതിക്കാനാവാത്ത സംഭാവനകൾ നൽകിക്കൊണ്ട് ബഹറിൻ സെന്റ് ഗ്രീഗോറിയോസ് ക്നാനായ ഇടവക പ്രശോഭിക്കുന്നു.

വെള്ളി, ശനി ദിവസങ്ങളിൽ വിശുദ്ധ കുർബ്ബാനയും എല്ലാ ബുധനാഴ്ചയും പരി. പരുമല തിരുമേനിയോടുള്ള പ്രത്യേക മദ്ധ്യസ്ഥ പ്രാർത്ഥനയും മുടക്കം കൂടാതെ നടത്തിപ്പോരുന്നു. ഇടവകയുടെ ഭക്തസംഘടനകളുടെ പ്രവർത്തനങ്ങളും ഇടവകയ്ക്ക് കരുത്ത് പകരുന്നു. സുവിശേഷസമാജം-കോട്ടേജ് പ്രയർ, എല്ലാമാസവും 24 മണിക്കൂർ നീണ്ടു നിൽക്കുന്ന ചെയിൻ പ്രയർ ധ്യാനം ഇവയ്ക്കു പുറമെ 12 ഫാമിലികൾ അടങ്ങുന്ന ഗ്രൂപ്പുകളായി തിരിച്ച് വി. ദൈവവചനം, വി.കൂദാശകൾ, ക്നാനായ സമുദായം ഇവയെക്കുറിച്ച് ക്ലാസ്സുകൾ നൽകി ഇടവക അംഗങ്ങളെ ആത്മീയമായി ശക്തിപ്പെടുത്തുന്നു. സ്ത്രീ സമാജംകൂട്ടായ്മകളും സെമിനാറുകളും സംഘടിപ്പിച്ചു. സൺഡേസ്കൂളിൽ എഴുപത്തിയഞ്ചോളം കുട്ടികൾ ഒന്നു മുതൽ പത്തുവരെ ക്ലാസ്സുകളിൽ പഠിക്കുന്നു. എല്ലാ വെള്ളിയാഴ്ചയും വി.കുർബ്ബാനയ്ക്കു ശേഷം ക്ലാസ്സുകൾ നടത്തിവരുന്നു. പാഠ്യേതര വിഷയങ്ങൾക്കു പുറമെ കുട്ടികളുടെ മാനസികവും ആത്മീയവും ഭൗതികമായ കഴിവുകൾ വളർത്തുന്നതിനായി വിവിധ പ്രവർത്തനങ്ങളും നടത്തിവരുന്നു. ക്നാനായ കോൺഗ്രസ് ബ്ലഡ് ഡൊണേഷൻ ക്യാമ്പ്, മെഡിക്കൽ ക്യാമ്പ്, സെമിനാറുകൾ വിവിധ മത്സര ഇനങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ചു പോരുന്നു. ഇവയ്ക്കു പുറമെ ധാരാളം ചാരിറ്റി പ്രവർത്തനങ്ങളും നടത്തിവരുന്നു. ഇടവകതലത്തിൽ ഓണാഘോഷം, ഇടവകദിനം വിവിധ കലാപരിപാടികളോടുകൂടി നടത്തി ഇടവകാംഗങ്ങൾ തമ്മിലുള്ള ഐക്യവും ബന്ധങ്ങളും ശക്തിപ്പെടുത്തിക്കൊണ്ടിരിക്കുന്നു. ഇടവകയുടെ വലിയപെരുന്നാൾ നവംബർ മാസം ആദ്യ വെള്ളിയാഴ്ച ആചരിക്കുന്നു. കോവിഡ് കാലഘട്ടത്തിലും ഇവയ്ക്ക് ഒരു മാറ്റവും കൂടാതെ തുടർന്നുകൊണ്ടിരിക്കുന്നു. കോവിഡ് കാലഘട്ടത്തിൽ വിവിധ ലേബർ ക്യാമ്പുകളിലായി 120 ഓളം ഫുഡ് കിറ്റുകൾ വിതരണം ചെയ്യുവാൻ ഇടയായി. ഇടവകയ്ക്ക് പുറത്തുള്ള ആളുകൾക്ക് 4 എയർ ടിക്കറ്റുകളും കൊടുക്കുവാൻ സാധിച്ചു.

കഴിഞ്ഞ കാലഘട്ടങ്ങളിൽ ഇടവകയ്ക്ക് നേതൃത്വം നൽകിയ വൈദികരായ ഫാ. മോനായി കെ. ഫിലിപ്പ് കർക്കടകംപള്ളി, ഫാ. മനോജ് കെ. തോമസ് മുണ്ടിയത്ര, ഫാ. റ്റിനോ തോമസ് മടത്തുമണ്ണിൽ, ഫാ. ഏലിയാസ് സ്ക്കറിയാ ഇളവംകുളം ഇവരുടെ സുദീർഘമായ പ്രവർത്തനങ്ങളും നേതൃത്വവും ഇടവകയുടെ കെട്ടുറപ്പിനും ആത്മീയമായ വളർച്ചയ്ക്കും കാരണമായി. ആദ്യകാലങ്ങൾ മുതലുള്ള ട്രസ്റ്റികൾ, സെക്രട്ടറികൾ, കമ്മറ്റി അംഗങ്ങൽ അവരുടെ പ്രവർത്തനങ്ങൾ ഇടവകയ്ക്ക് കരുത്തായി മാറി. എപ്പിസ്ക്കോപ്പൽ സഭകളുടെ കൂട്ടായ്മയായ കെ.സി.ഇ.സി. യിലെ നിറസാന്നിദ്ധ്യമായി നാം നിലനിൽക്കുന്നു.

10-ാം വർഷത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ ഇടവകയെ സംബന്ധിച്ച് 2021 പുതിയ കാൽവയ്പ്പിലേക്ക് നടത്തുകയാണ്. ഇടവകയുടെ ആത്മീയവും ഭൗതികവുമായ കാര്യങ്ങൾ ലക്ഷ്യംവച്ച് വിവിധപ്രവർത്തനങ്ങൾ നടത്തുവാൻ ദൈവത്തിൽ സങ്കേതപ്പെടുന്നു. സുവനീർ, ഇടവക ഡയറക്ടറി എന്നിവ ഇറക്കുവാനും ഏരിയ തിരിച്ച് പ്രയർ ഗ്രൂപ്പുകൾ സംഘടിപ്പിക്കുവാനും, സെമിനാറുകൾ, ഭവനദാനപദ്ധതികൾ തുടങ്ങിയ വിവിധ ചാരിറ്റി പ്രവർത്തനങ്ങൾക്കും തുടക്കം കുറിച്ചിരിക്കുന്നു. കാലാകാലങ്ങളിൽ എഴുന്നെള്ളി വന്ന് ഇടവകയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകിപ്പോരുന്ന സമുദായ മെത്രാപ്പോലീത്ത കുര്യാക്കോസ് മോർ സേവേറിയോസ് തിരുമനസ്സിനും സഹായ മെത്രാപ്പോലീത്തന്മാരായ കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് തിരുമേനിയോടും കുര്യാക്കോസ് മോർ ഈവാനിയോസ് തിരുമേനിയോടും ആയൂബ് മോർ സിൽവാനോസ് തിരുമേനിയോടും ഉള്ള ഭക്തി ആദരവുകളും അർപ്പിക്കുന്നു. കാലാകാലങ്ങളിലെ വികാരിമാർ, പ്രതിസന്ധി നിറഞ്ഞ കാലഘട്ടത്തിൽ ചെറുതും വലുതുമായി ദൈവാലയത്തിന്റെ ആവശ്യങ്ങളോട് ചേർന്നുനിന്ന എല്ലാ ഇടവകാംഗങ്ങളെയും നന്ദിയോടെ ഓർക്കുന്നു. ●

# പ്രതീക്ഷയോടെ പുതുവർഷത്തിലേയ്ക്ക്



സുനിൽ ഡി. കുരുവിള

“ഭയപ്പെടേണ്ട, ഞാൻ നിന്നെ വീണ്ടെടുത്തിരിക്കുന്നു; ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചിരിക്കുന്നു; നീ എനിക്കുള്ളവൻ തന്നെ. നീ വെള്ളത്തിൽക്കൂടി കടക്കുമ്പോൾ ഞാൻ നിന്നോടുകൂടി ഇരിക്കും; നീ നദികളിൽക്കൂടി കടക്കുമ്പോൾ അവ നിന്റെ മീതെ കവികയില്ല. നീ തീയിൽക്കൂടി നടന്നാൽ വെന്തു പോകയില്ല; അഗ്നിജ്വാല നിന്നെ ദഹിപ്പിക്കയുമില്ല” (യെശയ്യാവ് 43).

ഒരുപാടു നഷ്ടങ്ങളുടെയും വേദനയുടെയും 2020........ ഒപ്പം ഒരുപാടു തിരിച്ചറിവുകളും സമ്മാനിച്ചിട്ടാണ് പടിയിറങ്ങിയത്!

എവിടെയോ വായിച്ചു ഈ വർഷത്തെ ഏറ്റവും മികച്ച ടീച്ചറിനുള്ള അവാർഡ് കോവിഡ്-19 ന് ആണ് ലഭിച്ചതെന്ന്. നല്ല ചിന്ത. ഏറ്റവും പ്രധാനം നമ്മൾ വ്യക്തിപരമായി എന്ത് പഠിച്ചു എന്നുള്ളതു തന്നെയാണ്. ഒരു രോഗാണുവിന് മനുഷ്യകുലത്തെ മുഴുവൻ പൂട്ടിയിടാൻ കഴിഞ്ഞു. പണമോ പഠിത്തമോ സൗന്ദര്യമോ ‘പിടിപാടോ’ ഒന്നും ആരെയും രക്ഷിച്ചില്ല...... ഇത്രയൊക്കെ ഉള്ളൂ മനഷ്യൻ! പ്രകൃതിയും മറ്റു ജീവജാലങ്ങളും ഒക്കെ ഇതേ കാലയളവിൽ അതിന്റെ മാനവും താളവും വീണ്ടെടുത്തു. മനുഷ്യന്റെ അഹന്തയ്ക്കേറ്റ അടി എല്ലാം ഒന്ന് നിരപ്പാക്കി. ജ്ഞാനം കൊണ്ട് ജീവിതം പണിയാം. ഈ കാലഘട്ടം തന്ന തിരിച്ചറിവുകളാകട്ടെ മുമ്പോട്ടുള്ള യാത്രയുടെ മൂലധനം.

ഒരു പുതിയ ജീവിതശൈലിയും സംസ്ക്കാരവുമാണ് കാലം ആവശ്യപ്പെടുന്നത്. കോവിഡ് എന്ന് പൂർണ്ണമായി ഒഴിഞ്ഞു പോകുമെന്നോ, ഇനിയും പുതിയ വെല്ലുവിളികൾ എന്തെങ്കിലും വരില്ലെന്നോ ഒന്നും ഉറപ്പില്ല. ഉറപ്പുള്ളത് എന്തു വന്നാലും നേരിട്ടേ മതിയാകൂ എന്നുള്ളതാണ്.

ശാരീരികമായും മാനസികമായും ആത്മീയമായും കൂടുതൽ കരുത്തുണ്ടായിരുന്നവർ മെച്ചമായി പിടിച്ചുനിന്നു. വീഴുന്നതല്ല പരാജയം, എഴുന്നേൽക്കാൻ കഴിയാതെ പോകുന്നതാണ്. ഏഴു പ്രാവശ്യം വീണാൽ എട്ടുപ്രാവശ്യം എഴുന്നേൽക്കാൻ കഴിയുന്നതാണ് നേതൃത്വം.




സ്വയം കരുതാം. ആരോഗ്യം മെച്ചപ്പെടുത്താം! ഭക്ഷണത്തിലും ജീവിതശൈലിയിലും ആവശ്യമായ ക്രമീകരണങ്ങൾ വരുത്താം. വ്യായാമം, ശുചിത്വം, വിശ്രമം, ഉറക്കം ഒക്കെ മെച്ചപ്പെടുത്താം. മാനസിക ആരോഗ്യം വളരെ പ്രധാനം. വ്യക്തിത്വ വികസനത്തിന് കൂടുതൽ ഊന്നൽ നൽകണം. ദുരഭിമാനം, ആർത്തി, അസൂയ, ഈഗോ, അലസത, നെഗറ്റീവ് ചിന്താഗതികൾ ഒക്കെ മാനസിക ആരോഗ്യത്തെ തകർക്കും: കൂടുതൽ അസ്വസ്ഥത സൃഷ്ടിക്കും.

അമിതമായ താരതമ്യവും (Comparison) മത്സരവും (Competition) നമ്മെ രോഗികളാക്കും. മറ്റുള്ളവരുടെ വളർച്ചയിൽ സന്തോഷിക്കാൻ പഠിക്കാം. ആരോടും പകയും ശത്രുതയും വേണ്ട. ‘ഇന്നലെ’ നമ്മളെ ഭാരപ്പെടുത്താതെ ഇരിക്കട്ടെ... നാളെയെപ്പറ്റിയുള്ള അമിത ആകാംക്ഷയും ഉൽക്കണ്ഠയും വെടിയാം. ഇന്ന് സന്തോഷമായി ഇരിക്കാം... ഈ നിമിഷമാണ് നന്മ ചെയ്യാൻ പറ്റിയ ഏറ്റവും നല്ല നിമിഷം. ഈ നിമിഷമാണ് അർത്ഥവത്തായി ജീവിക്കാനുള്ള നിമിഷം.

നഷ്ടങ്ങൾ നികത്താനുള്ള ഒരേയൊരു മാർഗ്ഗം അദ്ധ്വാനമാണ്. അദ്ധ്വാനം ഒന്നിൽ കൂടുതൽ തൊഴിൽ ശീലിക്കാം. അദ്ധ്വാനിക്കുന്നവനെ ബഹുമാനിക്കാൻ ശീലിക്കാം. സാമ്പത്തിക അച്ചടക്കവും അനിവാര്യം. നാളത്തേയ്ക്ക് കൂടി അല്പം കരുതി വെയ്ക്കാം. ലളിത ജീവിതം ശീലിക്കുമ്പോൾ മിച്ചം വെക്കാനും പങ്കുവെക്കാനും കൂടി വിഭവങ്ങൾ ഉണ്ടാവും. കടം കഴിവതും വാങ്ങാതിരിക്കാം. ഉള്ളതുകൊണ്ട് തൃപ്തിപ്പെടാം. തൃപ്തി വലിയ ആത്മീയതയാണ്.

കുടുംബം കൂടുതൽ ശ്രദ്ധിക്കാം കരുതാം. ഓരോരുത്തരേയും മാനിച്ചും അറിഞ്ഞും പരസ്പരം പെരുമാറാം. ഭവനത്തിനുള്ളിലെ സ്നേഹത്തിന്റെയും കരുതലിന്റെയും സേവനത്തിന്റെയും ഇടങ്ങൾ കണ്ടെത്തി പ്രവർത്തിക്കാൻ കഴിയുന്നതാണ് കാലം ആവശ്യപ്പെടുന്ന ഏറ്റവും വലിയ ശുശ്രൂഷ.. ആത്മീയത! കുഞ്ഞുങ്ങളെ പ്രത്യേകം കരുതാം.

കഠിനകാലത്തു ധാരാളം തട്ടിപ്പും വെട്ടിപ്പും ഒക്കെ നാട് ചുറ്റാനിറങ്ങും. സൂക്ഷിക്കാം. മിന്നുന്നതെല്ലാം പൊന്നല്ല. പഠിച്ചും ചിന്തിച്ചും വിശകലനം ചെയ്തും ഒക്കെ കാര്യങ്ങൾ മനസ്സിലാക്കാം. അറിവുള്ളവരോടും ഗുരുക്കന്മാരോടും ചോദിച്ചറിയുന്നതു കുറവല്ല വലിയ മികവാണ്.

അയൽക്കാരനേയും ശ്രദ്ധിക്കാം! അവൻ വീണാൽ നമ്മളും വീഴും എന്ന് കോവിഡ് നമ്മളെ പഠിപ്പിക്കുന്നു. ഒറ്റയ്ക്ക് ജയമില്ല; ഒരുമിച്ചേ ജയമുള്ളൂ (Win-Win) മയക്കുമരുന്ന് മാത്രമല്ല എല്ലാ ലഹരിയും സാമൂഹിക വിപത്താണ്. അടിമപ്പെടുത്തുന്ന എല്ലാത്തിൽ നിന്നും മോചിക്കപ്പെട്ടു ഉയർന്നു നിൽക്കാം. കുട്ടികൾക്കും യുവതയ്ക്കും നല്ല മാതൃക നൽകാൻ കഴിയുന്നതുതന്നെ വലിയ സേവനമാണ്.

എല്ലാവരേയും സന്തോഷിപ്പി

ക്കാൻ ശ്രമിക്കേണ്ട. ദുഃഖമാവും ഫലം. 'നോ' പറയേണ്ടിടത്തു 'നോ' പറയാം . തൽക്കാലത്തേക്ക് ഒരു നീരസം ഉണ്ടായേക്കാം; എങ്കിലും മാനിക്കപ്പെടും. നിലപാടുകളിലും മൂല്യങ്ങളിലും ഉറച്ചു നിൽക്കാം. ആ ഗണത്തിലുള്ളവർക്കു വംശനാശം നേരിടുന്നു. സംരക്ഷിക്കാം. Compromise വേണ്ട Co-operation മതി.

വിഘടിക്കാനും വിഭജിക്കാനും ശ്രമിക്കുന്ന 'ചെന്നായ്ക്കളെ' തിരിച്ചറിയാം. സഹകരിക്കാനും ചേർത്ത് നിർത്താനും ഏകോപിപ്പിക്കാനും പരിശ്രമിക്കുന്നവരാണ് ഇന്നിന്റെ ആവശ്യം.

സമൂഹത്തിൽ തിന്മ വർദ്ധിക്കുന്നതിനു കാരണം രാഷ്ട്രീയ-മത അന്ധതയുള്ളവരുടെ എണ്ണം കൂടുന്നതും ആർത്തിയുമാണ്. തിരിച്ചറിയാം. അകറ്റി നിർത്താം. നന്മ പ്രോത്സാഹിപ്പിക്കാം; നന്മ ചെയ്യുന്നവരെ ആദരിക്കാം. എല്ലാവരേയും സ്നേഹിക്കാം. ആരെയും പുകഴ്ത്തി കാണാതിരിക്കാം. എളിയവനിലൂടെയും ബലഹീനനിലൂടെയുമാണ് ദൈവം നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടുന്നത്. മറക്കരുത്.

ആചാരങ്ങൾക്കും, അനുഷ്ഠാനങ്ങൾക്കും, പള്ളിക്കുമൊക്കെ അപ്പുറം ദൈവം സേവനമാണ് എന്ന് കോവിഡ് നമ്മെ ഓർമ്മിപ്പിച്ചു. നാം ഇടപെടുന്ന ഇടങ്ങളിൽ ദൈവത്തെ വിഭജിച്ചു നൽകാൻ കഴിയുന്നില്ലെങ്കിൽ ആചാരങ്ങൾ കൊണ്ടെന്തു നേട്ടം? ദൈവം പ്രതിഫലിക്കുന്ന വ്യക്തിത്വമായി നമുക്കോരോരുത്തർക്കും ഉയർന്നു നിൽക്കാം. ധന്യമാക്കാം. സമൃദ്ധമാകട്ടെ ജീവിതം. ●

## എഡിറ്റോറിയൽ തുടർച്ച

ന്മാർക്കൊപ്പം യേശുവിനെ തുലനം ചെയ്യുവാൻ തുനിയുന്നവർ ക്രിസ്തുവിന്റെ നിസ്തുല്യതയെക്കുറിച്ച് ഗ്രഹിച്ചിട്ടില്ലാത്തവരാണ്. ലോക ചരിത്രത്തിൽ ഇന്നുവരെ എന്റെ മാതാവ് കന്യകയാണെന്നു ആർക്കെങ്കിലും അവകാശപ്പെടുവാൻ കഴിയുകയില്ല. അതേ അവൾ അന്നും ഇന്നും എന്നേക്കും നിത്യകന്യക തന്നെ. യേശുവിന്റെ അമ്മയ്ക്കു വേറേ മക്കൾ ഉണ്ടായിരുന്നു എന്നു വാദിക്കുന്നവർ യേശുക്രിസ്തുവിന്റെ നിസ്തുല്യതയ്ക്ക് മങ്ങൽ ഏല്പിക്കുന്നവരാണ്. യേശു ജനിച്ചതുപോലെ ആരും ജനിച്ചിട്ടില്ല. യേശു ജീവിച്ചതുപോലെ ആരും ജീവിച്ചിട്ടില്ല. യേശു മരിച്ചതുപോലെ ആരും മരിച്ചിട്ടില്ല. യേശു ഉയർത്തെഴുന്നേറ്റതുപോലെ ആരും ഉയർത്തിട്ടില്ല. ഞാൻ പോയതുപോലെ വരാം എന്ന് വാക്ക് തന്നിട്ട് ആരും പോയിട്ടുമില്ല. അതേ ദൈവ പുത്രനായ ക്രിസ്തു നിസ്തുല്യനായ ദൈവം അത്രേ. വേദപുസ്തകം യേശുക്രിസ്തുവിന്റെ ദൈവത്വം വെളിപ്പെടുത്തുന്നു. തോമസ് അപ്പോസ്തലൻ എന്റെ കർത്താവും ദൈവമേ എന്നു വിളിച്ചപ്പോൾ യേശു അവനെ വിലക്കുകയല്ല ചെയ്തത് ദൈവത്വത്തെ ഉറപ്പിക്കുകയാണ് ചെയ്യുന്നത്. ക്രിസ്തുവിൽ നിത്യജീവനുണ്ട് യേശുവിന്റ അടുക്കൽ വന്നാൽ ജീവൻ ലഭിക്കും. നിസ്തുല്യനായ ക്രിസ്തു ദൈവപുത്രനെന്നും ഏക രക്ഷകനെന്നും ആത്മ സ്നേഹിതനെന്നും വിശ്വസിക്കുവാൻ നിങ്ങൾ ഒരുക്കമോ. വി. പത്രോസിനെപ്പോലെ നീ ജീവനുള്ള ദൈവപുത്രൻ എന്നു ഏറ്റു പറയുവാൻ നമുക്ക് സാധിക്കട്ടെ. ഈ വിശ്വാസം നമ്മിൽ വരുന്നുവെങ്കിൽ അതു നമ്മേ ഉറപ്പിക്കും. പുതു മനുഷ്യരാക്കും, നിത്യജീവൻ നൽകും, പുത്രന്മാരും പുത്രികളുമാക്കും, നമുക്കുവേണ്ടി കരുതും. ഒന്നിനെക്കുറിച്ചും ഭാരമില്ലാതെ ജീവിക്കുവാൻ സാധിക്കും. ഈ ക്രിസ്തുവിൽ നമുക്ക് വിശ്വാസം അർപ്പിച്ച് ധന്യരായി 2021 ൽ ജീവിക്കാം.

ദൈവം അനുഗ്രഹിക്കട്ടെ.

എന്ന് **നിങ്ങളുടെ റോയി അച്ചൻ**

# സിറിയൻ ക്നാനായ വാർഷികസംഗമം നടന്നു

ചിങ്ങവനം: ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 1675-ാം സിറിയൻ ക്നാനായ വാർഷിക സംഗമം ചിങ്ങവനം സെന്റ് മേരീസ് ശാലേം പള്ളിയിൽ ഡിസംബർ 27 ഞായറാഴ്ച വിപുലമായി ആചരിച്ചു. റൈറ്റ് റവ. ഡോ. തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. സഭകൾ തിരസ്ക്കരിക്കപ്പെട്ടവന്റെ ശബ്ദമായി മാറണമെന്ന് തന്റെ ഉദ്ഘാടന പ്രസംഗത്തിൽ ഓർമ്മിപ്പിച്ചു. ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം അദ്ധ്യക്ഷത വഹിച്ചു. നവാഭിക്ഷിക്തരായ തിയോഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്തായ്ക്കും, അഭി. ഡോ. ഗീവർഗീസ് മോർ അപ്രേമിനും ക്നാനായ സമുദായ മെത്രാപ്പോലീത്താ അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി അനുമോദനം നൽകി. തദ്ദേശ തെരഞ്ഞെടുപ്പിൽ വിജയിച്ച 38 ക്നാനായ സമുദായാംഗങ്ങളെയും Ph.D നേടിയ സമുദായംഗങ്ങളെയും അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ അനുമോദിച്ചു. ക്നാനായ കോൺഗ്രസിന്റെ കർമ്മപദ്ധതികളുടെ ഉദ്ഘാടനം അഭി. കുറിയാക്കോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്താ നിർവ്വഹിച്ചു. ശ്രീ.റ്റി.ഒ. ഏബ്രഹാം (സമുദായ സെക്രട്ടറി), ഫാ. ജേക്കബ് ഫിലിപ്പ് നടയിൽ (ശാലേം പള്ളി വികാരി), ഫാ. ഷിബിൻ മണിമലേത്ത്, റോയി പുത്തൻപുരയ്ക്കൽ, അനീഷ് തകിടിയിൽ, സജി താന്നിക്കൽ, ജെയ്മോൻ മേപ്രത്ത്, ബിബിൻ കല്ലംപറമ്പിൽ, അനീഷ് കെ.ജെ., ബിനു കല്ലമണ്ണിൽ, മജേഷ് മാത്യു മഴുക്കീറ്റാട, സിബി ബേബി തോപ്പിൽ, ഏബ്രഹാം ചാങ്ങയിൽ, സിജോ വാലയിൽ, സുമിത്ത് മാക്കോന്തറ എന്നിവർ പ്രസംഗിച്ചു. കോവിഡ് പ്രോട്ടോകോളോടെ നടന്ന പ്രോഗ്രാമിന് ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ.ജേക്കബ് കല്ലുകുളം പതാക ഉയർത്തി.

1675-ാം സിറിയൻ ക്നാനായ വാർഷിക സംഗമം നടത്തുന്നതിന് ആവശ്യമായ ക്രമീകരണങ്ങൾ ചെയ്ത ചിങ്ങവനം സെന്റ് മേരീസ് ശാലേംപള്ളി വികാരി, ഭരണസമിതി അംഗങ്ങളോടുള്ള നന്ദി അറിയിക്കുന്നു. എന്നും ക്നാനായ കോൺഗ്രസിന്റെ പ്രവർത്തനങ്ങൾക്ക് ഒപ്പമായിരുന്നു പ്രോത്സാഹിപ്പിക്കുന്ന കണ്ണന്താനം ഗ്രൂപ്പ് റാന്നി, മന്നാ വിഷൻ എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു.

**റോയി പുത്തൻപുരയ്ക്കൽ**
(ജന. സെക്രട്ടറി)

# വിവാഹിതരായി



കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ പഴയപീടികയിൽ ഷാജി പി. തോമസിന്റെയും അനിത ഷാജിയുടെയും മകൻ **Ankith Shaji** –യും നീലംപേരൂർ സെന്റ് ജോർജ് ക്നാനായ വലിയപള്ളി ഇടവകയിൽ പഴയകളം പി. ഇ. ഏബ്രഹാമിന്റെയും സീബ ഏബ്രഹാമിന്റെയും മകൾ **Ann Geenu Abraham** –ഉം തമ്മിലുള്ള വിവാഹം 2020 നവംബർ 23–ന് **അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് മെത്രാപ്പോലീത്ത** യുടെ മുഖ്യ കാർമ്മികത്വത്തിൽ കല്ലിശ്ശേരി സെന്റ് മേരീസ് സിറിയൻ ക്നാനായ വലിയപള്ളിയിൽ വച്ച് നടത്തപ്പെട്ടു.

*Best Compliments from*

Madona Marbles & Granites
Madona Paving Tiles
Madona Bath Studio

M.C. Road, Pallom, Kottayam
Branch: T.K.Road, Kumbanad, Thiruvalla

Advt -S

# വിവാഹിതരായി



Advt -S

കുറ്റൂർ സെന്റ് മേരീസ് ഊർശ്ലേം ക്നാനായപള്ളി ഇടവകയിൽ പുത്തൻവീട്ടിൽ ശ്രീ. പി.ഐ. തോമസിന്റെയും ശ്രീമതി ലീലാമ്മ തോമസിന്റെയും മകൻ **LITTO P THOMAS** –ഉം വെള്ളുത്തുരുത്തി സെന്റ് മേരീസ് പള്ളി ഇടവകയിൽ പെരിഞ്ചേരിൽ ശ്രീ. സണ്ണി പി. ജോണിന്റെയും ശ്രീമതി ലൂസി സണ്ണിയുടെയും മകൾ **DRISYA SUNNY** –ഉം തമ്മിലുള്ള വിവാഹം 26–10–2020–ൽ കുറ്റൂർ സെന്റ് മേരീസ് ഊർശ്ലേം ക്നാനായപള്ളിയിൽ വച്ച് **അഭിവന്ദ്യ കുറിയാക്കോസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത** യുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.



## ബഹ്റിൻ സെന്റ് ഗ്രിഗോറിയോസ് ക്നാനായ പള്ളി

ബഹ്റിൻ സെന്റ് ഗ്രിഗോറിയോസ് ക്നാനായ പള്ളിയുടെ പത്താം വാർഷിക പ്രവർത്തന ഉദ്ഘാടനവും, എന്റെ വീട് എന്ന ഭവനദാന പദ്ധതി പ്രകാശനവും 1/1/2021 വെള്ളിയാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം ശ്രീ. ജോസഫ് കുളത്രാ മണ്ണിൽ ശ്രീ. ബാബു പട്ടുകാലായിൽ ചേർന്ന് നിർവഹിച്ചു. വികാരി ഫാദർ നോബിൻ തോമസ് ഇളകുറ്റൂർ, ട്രസ്റ്റി സ്റ്റീഫൻ ജേക്കബ്, സെക്രട്ടറി എബ്രഹാം തമ്പി, കമ്മിറ്റി അംഗങ്ങളായ ഷിനു ജോസഫ്, വിനോജ് എബ്രഹാം, ബിജോയ് എബ്രഹാം, എന്നിവർ സമീപം.




# Congratulations

## Shilpa Rachel Biju,

D/O Biju Philip & Sheela Biju got 2nd rank for MA Sociology from Mumbai University. Grand daughter of Philip Chandy and Ammini Philip Edasseril Puthuvelil, Ranny. She is a member of St. Mary's Knanaya Church, Mumbai.

Best Compliments From
Chippy Biju (Sister)


# ദീപാങ്കുരം - 2021

**ക്നാനായ ദീപത്തിന്റെ ആഭിമുഖ്യത്തിൽ സമുദായ അംഗങ്ങൾക്കായ് കവിതാരചന, ചെറുകഥ, ലേഖനം എന്നീ മത്സരങ്ങൾ നടത്തുന്നു.**

**ചെറുകഥാ മത്സരം:-** 15 മുതൽ 30 വയസുവരെയുള്ളവർക്ക്.

**കവിതാ രചന, ലേഖന മത്സരം** (30 വയസിനു മുകളിൽ പ്രായം ഉള്ളവർക്ക്)

**ചെറുകഥാ മത്സരം, ലേഖന മത്സരം, ഇവ A4 Sheet ന്റെ രണ്ട് Printed പേജിൽ കവിയരുത്.**

**കവിതാ രചനയിൽ പങ്കെടുക്കുന്നവർ A4 Sheet ന്റെ ഒരു Printed പേജിൽ കവിയരുത്.**

ലേഖന മത്സരത്തിന്റെ വിഷയം: **കോവിഡും ക്രൈസ്തവ ജീവിതവും** എന്നതാണ്. പങ്കെടുക്കുന്നവർ 2021 ഫെബ്രുവരി 28-ന് മുൻപായി പ്രിന്റഡ് രചനകൾ മേൽവിലാസം, ഫോൺ നമ്പർ സഹിതം ക്നാനായദീപം ഓഫീസിൽ എത്തിക്കേണ്ടതാണ്. വിജയികൾക്ക് സമ്മാനങ്ങൾ നൽകുന്നതാണ്.




അയക്കേണ്ട മേൽവിലാസം
**ചീഫ് എഡിറ്റർ**
**ക്നാനായദീപം, ക്ലീമ്മീസ് സെന്റർ,**
**ചിങ്ങവനം P.O., കോട്ടയം, 686531**
**Ph. 0481-2430176, 8547584440,**
**Email- kna.deepam@gmail.com**



# വിവാഹിതരായി



കോട്ടയം സെന്റ് മേരീസ് സിറിയൻ ക്നാനായ വലിയപള്ളി ഇടവകയിൽ ഓണാട്ട് തോമസ് കെ. സൈമണിന്റെയും എലിസബത്ത് തോമസിന്റെയും മകൻ **SIMON THOMAS** ഉം കിഴക്കേ നട്ടാശ്ശേരി ആലപ്പാട്ട് മാത്യു ഫിലിപ്പിന്റെയും സുനി സ്കറിയയുടെയും മകൾ **SERA TREESA MATHEW** വും തമ്മിലുള്ള വിവാഹം 2021 ജനുവരി 4–ാം തീയതി റവ. ഫാ. അനൂപ് സ്റ്റീഫൻ വെളിയത്ത് തുണ്ടിയിലിന്റെ പ്രധാന കാർമ്മികത്വത്തിൽ കോട്ടയം സെന്റ് മേരീസ് സിറിയൻ ക്നാനായ വലിയപള്ളിയിൽ വെച്ച് നടത്തപ്പെട്ടു.


## ക്നാനായദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ ചെയ്യുന്നതിന് അവസരമുണ്ട്.




കോവിഡ് മഹാമാരിമൂലം യാത്ര ചെയ്യുവാൻ ബുദ്ധിമുട്ടുള്ള ഈ പശ്ചാത്തലത്തിൽ ക്നാനായ ദീപത്തിലേയ്ക്കുള്ള പരസ്യങ്ങളും, മാറ്ററുകളും ഓൺലൈൻ ആയി അയയ്ക്കാവുന്നതാണ്.

E-mail: kna.deepam@gmail.com,
Whats App No. 8547584440

പരസ്യചാർജ്ജുകളും, വരിസംഖ്യയും ഓൺലൈനായി ബാങ്ക് അക്കൗണ്ടിൽ അയയ്ക്കാവുന്നതാണ്.

**Bank Details**

| | |
|---|---|
| A/c No: 57004254154<br>Chief Editor & Mg. Editor,<br>Knanaya Deepam<br>SBI, Chingavanam,<br>IFSC SBIN0070128 | M/S Knanaya Deepam<br>A/c No: 12990200001178<br>Federal Bank,<br>Chingavanam<br>IFSC FDRL0001299 |

E-mail: kna.deepam@gmail.com, Whats App No. 8547584440

Contact : ഫാ. ജേക്കബ് കല്ലുകുളം, മാനേജിംഗ് എഡിറ്റർ
9447563240, 8547584440

# വിവാഹിതരായി



Advt -0

ബാംഗ്ലൂർ ഹെന്നൂർ സെന്റ് മേരീസ് സിറിയൻ ക്നാനായപള്ളി ഇടവകയിൽ ചിറക്കകത്ത് സിബിയുടെയും ലൈജുവിന്റെയും മകൻ **SIJU ABRAHAM THOMAS**-ഉം ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളി ഇടവകയിൽ ചതുരത്തുണ്ടിയിൽ ജേക്കബിന്റെയും സുജയുടെയും മകൾ **SILPA SUSAN JACOB**-ഉം തമ്മിലുള്ള വിവാഹം 02-11-2020-ൽ തിങ്കളാഴ്ച ഫാ. ജിനു മേലെയിലിന്റെ കാർമ്മികത്വത്തിൽ ബാംഗ്ലൂർ ഹെന്നൂർ സെന്റ് മേരീസ് സിറിയൻ ക്നാനായപള്ളിയിൽ വച്ച് നടത്തപ്പെട്ടു.

# *Congratulations*



## Abel Jayamon

have received the Master Degree in Engineering (Professional) Specializing in Engineering Management from Deakin University, Geelong, Australia on February 2020. Abel is the son of Mr. Jayamon T Mathew and Mrs. Manju Jayamon of Thazhathethil Family, belonging to Mar Ignatius Knanaya Church, Kurichy

## Sachu Saji

for achieving First Class Honours in Bachelor of Laws (LLB) and for being awarded the best perfoming student (on achieving the highest marks of any student) in LLM Corporate Governance and Law/ Grad. ICSA from the University of Portsmouth, UK. She is the daughter of Mr. Saji Thomas (Sunny) and Mrs. Lily Saji Naippalliuzhathil, belonging to St. Mary's Knanaya Valiya Pally, Kallisserry.



Advt -O

കഴിഞ്ഞ ലക്കം തുടർച്ച



**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര-മനഃശാസ്ത്ര വീക്ഷണത്തിൽ

**Re-union ന്റെ ഒന്നാം വാർഷികം**

വി. കുർബ്ബാന കഴിഞ്ഞ് അച്ചൻ പള്ളിമുറിയിൽ വരുമ്പോൾ ജോസഫും ലിസിയും അച്ചനെ കാത്ത് നിൽപ്പുണ്ടായിരുന്നു. അച്ചൻ ചോദിച്ചു:

"എന്താ രണ്ടുപേരും രാവിലെ നല്ല സന്തോഷത്തിലാണല്ലോ? വിശേഷിച്ച് എന്തെങ്കിലും ഉണ്ടോ?

"വിശേഷം ഉണ്ടച്ചോ. അച്ചൻ ഞങ്ങളെ പുനർ സംയോജിപ്പിച്ചതിന്റെ ഒന്നാം വാർഷികം അടുത്ത ശനിയാഴ്ചയാണ്. അച്ചൻ തന്നെ വന്ന് ഞങ്ങളെ അനുഗ്രഹിച്ച് പ്രാർത്ഥിച്ച് ഈ പുന:സമാഗമം സന്തോഷാനുഭവമാക്കണം. ഈ സന്തോഷം ആഘോഷിക്കാതെ വിടാൻ കഴിയില്ലച്ചോ. അച്ചൻ ഇല്ലായിരുന്നെങ്കിൽ ഇപ്പോൾ ഞങ്ങൾ രണ്ട് വഴിക്കായേനെ. അതുകൊണ്ട് അച്ചൻ വന്ന് ഞങ്ങളെയും മക്കളെയും അനുഗ്രഹിച്ച് പ്രാർത്ഥിക്കണം" ജോസഫ് ആവേശത്തോടെയാണ് പറഞ്ഞത്.

"ദൈവത്തിനു സ്തോത്രം. ദൈവമേ ഈ ശുശ്രൂഷയ്ക്ക് നീ എന്നെ തെരഞ്ഞെടുത്തതിന് നന്ദി".

അച്ചൻ കണ്ണുകൾ സ്വർഗ്ഗത്തിലേയ്ക്ക് ഉയർത്തി ദൈവത്തിന് നന്ദി പറഞ്ഞു.

"പറയൂ എപ്പോഴാണ് ഞാൻ വരേണ്ടത്?"

"ഉച്ചകഴിഞ്ഞ് മൂന്നു മണി."

"അപ്പോൾ എനിക്ക് Lunch ഇല്ല അല്ലെ."

അച്ചൻ ഒരു കുസൃതിച്ചിരിയോടെ പറഞ്ഞു.

"അല്ലല്ല; അച്ചൻ ഉച്ചയ്ക്കു മുമ്പെ വരണം. ഉച്ചയൂണ് ഞങ്ങളുടെ വീട്ടിലാണ്" ലിസി പറഞ്ഞു.

"വേണ്ട ലിസി, ഞാൻ തമാശയ്ക്ക് പറഞ്ഞതാണ്".

"അല്ല; ഞാൻ മാത്രമെയുള്ളോ? അതോ നമ്മുടെ ഫൈവ് ഫിംഗേഴ്സും ഉണ്ടോ?".

"തീർച്ചയായും അവരെക്കൂടാതെ എന്തു സന്തോഷമാണച്ചോ" ലിസി വീണ്ടും പറഞ്ഞു.

"ശരി അങ്ങനെയാകട്ടെ. ശനിയാഴ്ച മൂന്നു മണിയ്ക്ക് ദൈവം അനുവദിച്ചാൽ കാണാം". അച്ചൻ പറഞ്ഞു.

ജോസഫും ലിസിയും യാത്ര പറഞ്ഞിറങ്ങിയപ്പോൾ ദൈവത്തോടുള്ള നന്ദിപ്രകാശമായി അച്ചന്റെ കണ്ണുകൾ നനഞ്ഞു. വീണ്ടും ദൈവത്തെ നന്ദിയോടെ സ്തുതിച്ചു.

ജോസഫും ലിസിയും തങ്ങളുടെ Re-union ന്റെ ഒന്നാം വാർഷികം ഭംഗിയായി തന്നെ ആഘോഷിക്കാൻ തീരുമാനിച്ചു. ആകെ ക്ഷണിച്ചത് വികാരിയച്ചനെയും ഫൈവ് ഫിംഗേഴ്സിനെയും മാത്രം. ഒരു രണ്ടാം ശനിയാഴ്ചയായിരുന്നു. ഉച്ച കഴിഞ്ഞ് മൂന്നുമണിയാണ് സമയം. എല്ലാവരും നേരത്തെ തന്നെ വന്നു. അച്ചൻ കൃത്യസമയത്താണ് വന്നത്. പ്രാർത്ഥിച്ച് കേക്ക് മുറിച്ച് ദൈവത്തിനു നന്ദി പറഞ്ഞു. അച്ചൻ പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ ലിസിയുടെ വിതുമ്പൽ കേട്ട് എല്ലാവരുടെയും കണ്ണുനിറഞ്ഞു. ജോസഫിനും സങ്കടം സഹിക്കാൻ വയ്യാതായി. പ്രാർത്ഥന കഴിയുകയും ലിസി പാടത്ത് മട വീണതുപോലെ ഒറ്റക്കരച്ചിൽ. സ്ത്രീകൾ ലിസിയെ ചേർത്ത് പിടിച്ച് അകത്തോട്ട് കൊണ്ടുപോയി.

"ഇതുകൊള്ളാമല്ലോ; ഒന്നാഘോഷിക്കാൻ വന്നപ്പോൾ ഇങ്ങനെയാണല്ലോ സംഭവിച്ചത്" അച്ചൻ തമാശയായി പറഞ്ഞു.

"സാരമില്ലച്ചോ. ഞങ്ങളുടെ വികാരം നിയന്ത്രിക്കാൻ കഴിയാതെ പോയി. വിവേകമില്ലാതെ ഞങ്ങൾ ചെയ്ത ദൈവദോഷത്തിന് പരിഹാരം ഉണ്ടാക്കാൻ ദൈവം ഞങ്ങൾക്ക് അച്ചനെ

തന്നല്ലോ. ഞങ്ങളുടെ സന്തോഷക്കരച്ചിലാണിത്". ജോസഫ് പറഞ്ഞു.

അച്ചൻ എല്ലാവരോടുമായി പറഞ്ഞു.

"അഭിപ്രായവ്യത്യാസങ്ങൾ സ്വാഭാവികമാണ്. അതിനെ തിരിച്ചറിയുവാനും തിരുത്തുവാനും ശ്രമിക്കുന്നതാണ് നല്ല കുടുംബജീവിതത്തിന്റെ ലക്ഷണം. അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായാൽ പറഞ്ഞു തീർക്കണം. ഞാൻ പ്രത്യേകിച്ച് ഒന്നും ചെയ്തിട്ടില്ല. പരിശുദ്ധാത്മാവ് പ്രചോദിപ്പിച്ചപ്പോൾ ഞാൻ പറഞ്ഞവയൊക്കെ ജോസഫും ലിസിയും ഗൗരവമായി എടുത്തു. അതിന്റെ ഫലമാണ് ഈ റീയൂണിയൻ".

"ഈ മൂകരംഗത്തിന് അയവു വരുത്തുന്നതിന് നമ്മുടെ രേഷ്മ ഒരു പാട്ടുപാടുന്നതായിരിക്കും".

രജനിയാണ് പറഞ്ഞത്.

"അയ്യോ ഞാനോ" പെട്ടെന്ന് കേട്ടതിന്റെ പരിഭ്രമം രേഷ്മ മറച്ചുവച്ചില്ല. എങ്കിലും മനോഹരമായ ഒരു ഗാനം പാടി, രംഗം കൂടുതൽ ഊർജ്ജ്വസ്വലമായി.

"നന്ദിയോടെ ഞാൻ സ്തുതിപാടിടും......."എന്തു നന്ദി പ്രകാശനമായിരുന്നു ഈ പാട്ട്. പാട്ടിൽ ലയിച്ചു എല്ലാവരും രേഷ്മയുടെ ഒപ്പം പാടി.

ലിസി തയ്യാറാക്കിയ ചെറുപയർ പായസം എല്ലാവരും ആസ്വദിച്ചു. അപ്പോഴാണ് ബിനു ഒരു വിഷയം പൊതുവിൽ അവതരിപ്പിച്ചത്.

''അച്ചോ, സൺഡേസ്ക്കൂൾ കുട്ടികളുടെയിടയിൽ ധാരാളം പ്രശ്നങ്ങൾ കാണാൻ കഴിയുന്നുണ്ട്. ഒരു പക്ഷേ സ്ക്കൂളിലെ അദ്ധ്യാപകരും പ്രശ്നക്കാരായ കുട്ടികളെ അഭിമുഖീകരിക്കുന്നുണ്ടാകാം. അതിനാൽ കുട്ടികൾക്കുവേണ്ടി ഒരു സെഷൻ എടുക്കുന്നത് നന്നായിരിക്കുമെന്നു തോന്നുന്നു".

ജോജോ കൂട്ടിച്ചേർത്തു:

"മാത്രമല്ല അച്ചോ ഞങ്ങളുടെ കുട്ടികളും മുതിർന്നു വരികയാണ്. ചിലപ്പോഴൊക്കെ അവരെ നിയന്ത്രിക്കാൻ ഞങ്ങൾക്കു കഴിയാതെ വരുന്നുണ്ട്. അതിനാൽ ഞങ്ങളുടെ കുട്ടികളെക്കൂടി ഉൾപ്പെടുത്തി അച്ചൻ ഒരു ക്ലാസ്സ് എടുക്കണം".

അച്ചൻ പറഞ്ഞു

"പ്രശ്നം കുട്ടികളുടെയല്ല. മാതാപിതാക്കളുടെതാണ്. മാതാപിതാക്കളുടെ കുട്ടികളോടുള്ള സമീപനം ശരിയായ വിധത്തിലാകണം. അതുകൊണ്ട് ക്ലാസ്സ് കുട്ടികൾക്കുവേണ്ടിയല്ല മാതാപിതാക്കൾക്കു വേണ്ടിയാണ് നടക്കേണ്ടത്".

"എങ്കിൽ ശരിയച്ചോ. അങ്ങനെയാകട്ടെ. ഞങ്ങൾ എങ്ങനെയാണ് കുട്ടികളെ സമീപിക്കേണ്ടതെന്ന് അച്ചൻ പറയുന്നത് കേൾക്കാൻ ഇഷ്ടമാണ്"ജോജോ റഡിയായി.

"Effective parenting" എന്നാണ് ആ Subject. മീറ്റിംഗ് എപ്പോൾ വേണമെന്ന് ഇപ്പോൾത്തന്നെ തീരുമാനിക്കാം. ഞാൻ തയ്യാറാണ്".

അച്ചൻ പറഞ്ഞു.

രേഷ്മ അകത്ത് പോയി കലണ്ടർ എടുത്തുകൊണ്ടു വന്നു. ബിനു ചോദിച്ചു പുജയുടെ അവധിക്കായാലോ?

കൊള്ളാം. വെള്ളി മുതൽ തിങ്കൾ വരെ അവധിയാണ്. എങ്കിൽ ഈ പരിസരം വിട്ട് ദൂരെ എവിടെയെങ്കിലും ആയാലോ. ഒരു Picnic ആകട്ടെ. പള്ളിയിൽ അനൗൺസ് ചെയ്ത് കുട്ടികളെ കൂടി ഉൾപ്പെടുത്തിക്കൊണ്ട് ഒരു ട്രിപ്പ്. കുട്ടികളെ ശ്രദ്ധിക്കുവാനും അവർക്ക് games ഉം അവർക്കാവശ്യമായ ക്ലാസ്സും കൊടുക്കുവാൻ ഞാൻ ഒരാളെ കൂടി സംഘടിപ്പിക്കാം. എന്താണഭിപ്രായം.

അച്ചൻ ചോദിച്ചു

"അതു കൊള്ളാമല്ലോ. Picnic പോയിട്ട് ഒത്തിരി നാളായി. നമ്മുടെ ഇടവകക്കാരാകുമ്പോൾ നമ്മുടെ ഇടവകയുടെ ഐക്യം കുറെക്കൂടി ശക്തമാകും". രേഷ്മ അഭിപ്രായപ്പെട്ടു. എല്ലാവർക്കും സന്തോഷമായി. അപ്പോഴാണ് രജനിയുടെ ചോദ്യം. "ആരാണച്ചോ കുട്ടികളെ ശ്രദ്ധിക്കുവാൻ ഒരാൾ"? "അത് മറ്റാരുമല്ല. നമ്മുടെ ഇടവകയിലെ ശെമ്മാശൻ തന്നെയാണ്. ഇപ്പോൾ Bangalore - ൽ M.Th Councelling പഠിച്ചു കൊണ്ടിരിക്കുകയാണ്. മാത്രമല്ല Child Mental Health ആണ്, ശെമ്മാശന്റെ വിഷയവും. കുട്ടികളെ deal ചെയ്യാൻ മറ്റാരെയുംകാൾ സമർത്ഥനാണ് ശെമ്മാശൻ. അദ്ദേഹം ഒരാഴ്ചത്തെ അവധിയ്ക്ക് നാട്ടിൽ വരുന്നെന്ന് എന്നെ അറിയിച്ചിരുന്നു".

അച്ചൻ പറഞ്ഞു നിർത്തുകയും എല്ലാവരും കൈയ്യടിച്ച് സന്തോഷം പ്രകടിപ്പിച്ചു. ശെമ്മാശനെ ഇടവകക്കാർക്കെല്ലാം വളരെ താൽപര്യമാണ്. സെമിനാരിയിൽ ചേരുന്നതിന് മുൻപ് മദ്ബഹായിൽ ശുശ്രൂഷിക്കുകയും സൺഡേസ്കൂൾ പഠിപ്പിക്കുകയും ചെയ്തിരുന്ന ശെമ്മാശൻ പൊതുവെ സരസനാണ്. മാത്രമല്ല കുട്ടികളോട് ഇടപെടാനും പാട്ടുപഠിപ്പിക്കാനും കഥകൾ പറയുവാനും ക്ലാസ്സെടുക്കുവാനും ഇടവകയിൽ ഇതുപോലെ കഴിവുള്ള വേറൊരാൾ ഇല്ല. ഗിത്താർ ഉപയോഗിച്ചാണ് പാട്ട് പഠിപ്പിക്കുന്നത്. കുട്ടികൾക്കും സന്തോഷമാകും.

തീയതിയും സ്ഥലവും കണ്ടുപിടിക്കാനുള്ള ഉത്തരവാദിത്വം ഫൈവ് ഫിംഗേഴ്സിനെ അച്ചൻ ഏല്പിച്ചു.

വെള്ളിയാഴ്ച തന്നെ പോകാമെന്ന് എല്ലാവരും അഭിപ്രായപ്പെട്ടു.

"അത് നല്ലതാണ്. വെള്ളിയാഴ്ചത്തെ Picnic ന്റെ ക്ഷീണം മാറാൻ ശനിയാഴ്ചകൂടി വേണം. അതിനാൽ ഞായറാഴ്ചത്തെ കുർബ്ബാനയെ Picnic ബാധിക്കില്ല".

അച്ചൻ പറഞ്ഞു

സ്ഥലം എവിടെ വേണമെന്നുള്ള തീരുമാനത്തിലെത്താൻ കഴിയുന്നില്ല.

"ഞാനൊരു അഭിപ്രായം പറയട്ടെ" അച്ചൻ പറഞ്ഞു.

"ശരിയച്ചോ"

എല്ലാവരും കോറസ് ആയി പറഞ്ഞു 'വാഗമൺ' ആയാലോ. അവിടെ ധാരാളം സ്ഥലങ്ങൾ നമുക്കു കാണാൻ ഉണ്ട്. മൊട്ടക്കുന്നുകൾ കുട്ടികൾ enjoy ചെയ്യും. മാത്രമല്ല അവിടെ RAPHA എന്നൊരു കൗൺസിലിംഗ് സെന്റർ ഉണ്ട്. എന്റെ സുഹൃത്ത് ഡോ. ആശിഷ് മാത്യു എന്ന Clinical Psychologist നടത്തുന്ന സെന്റർ ആണ്. നമുക്കു ഒരു കോൺഫറൻസ് ഹാൾ ലഭിക്കും. Power point presentation ഉള്ള സൗകര്യമുണ്ട്. കുട്ടികൾക്ക് വേണ്ടിയ സ്ഥലവും ഉണ്ട്, ആശിഷ് ഒരു Child Psychologist കൂടിയായതിനാൽ നമുക്കു കൂടുതൽ പ്രയോജനപ്പെടും. എന്താണ് നിങ്ങളുടെ അഭിപ്രായം?"

"ഓക്കെ അച്ചോ"

എങ്കിൽ പ്രോഗ്രാം പറയാം. രാവിലെ ആറുമണിയ്ക്ക് പള്ളിയിൽ നിന്ന് പുറപ്പെടും Breakfast ആശിഷിന്റെ സെന്ററിൽ. തുടർന്ന് അവിടെ എത്തിയതിനുശേഷം ബാക്കി പ്രോഗ്രാം തീരുമാനിക്കാം.

എല്ലാവർക്കും ഉത്സാഹമായി. കുട്ടികൾ അറിഞ്ഞപ്പോൾ അവർക്കും സന്തോഷം. അച്ചൻ പള്ളിയിൽ പ്രസ്താവിച്ചതനുസരിച്ച് റ്റീനേജ് പ്രായത്തിലുള്ള കുട്ടികൾവരെയുള്ള മാതാപിതാക്കൾക്കുവേണ്ടി Parenting എന്ന Class. ഒരു ബസ്സിൽ

കൊള്ളാനുള്ള ആളുകളുടെ ബുക്കിംഗ് സ്വീകരിച്ചു.

നേരത്തെ തീരുമാനിച്ചതുപോലെ രാവിലെ ആറുമണിയ്ക്കുതന്നെ ബസ് പുറപ്പെട്ടു. വാഹനത്തിൽ പ്രഭാത പ്രാർത്ഥന അച്ചൻ ലീഡ് ചെയ്തു. ശെമ്മാശനും വിശ്വാസികളും കൂടെ ചൊല്ലി. പ്രാർത്ഥന കഴിഞ്ഞപ്പോൾ ടോണിക്കൊരു സംശയം.

"അച്ചോ നമ്മൾ ധ്യാനത്തിനു പോകുവാണോ? ആർക്കും ഒരു മൂഡ് ഇല്ലാത്തതുപോലെ. അതോ അച്ചൻ പറഞ്ഞിട്ടുണ്ടോ മിണ്ടിപ്പോകരുതെന്ന്"?

"ടോണി, പാട്ടും മേളവും നടത്താൻ നിന്നെ ഏല്പിച്ചിരിക്കുന്നു" അച്ചൻ പറഞ്ഞു.

"അച്ചന്റെ കല്പന ഞാൻ ശിരസ്സാ വഹിച്ചിരിക്കുന്നു. നമ്മുടെ പ്രോഗ്രാം ആരംഭിക്കുന്നു. ശെമ്മാശന്റെ പാട്ടോടുകൂടി നമ്മുടെ ആഘോഷം ആരംഭിക്കുകയാണ്. ടോണി അവസരോചിതമായി സംസാരിച്ചു. ശെമ്മാശന് അനുസരിക്കുകയെ നിവൃത്തിയുണ്ടായിരുന്നുള്ളൂ. ശെമ്മാശൻ ഗിറ്റാർ റ്റ്യൂൺ ചെയ്തു. "Rejoice in the Lord always..." എന്ന പാട്ടോടുകൂടി ബസിനകത്ത് ഓളം സൃഷ്ടിച്ചു.

എല്ലാവരും കൈയ്യടിക്കാനും പാടാനും യാത്ര ആഘോഷിക്കുവാനും തുടങ്ങി. വാഗമണ്ണിൽ Rapha Councelling Centre - ന്റെ മുൻപിൽ എത്തുന്നതുവരെ സമയം പോയതറിഞ്ഞില്ല.

"ടോണിക്ക് കമന്റടിക്കാൻ മാത്രമല്ല പ്രോഗ്രാം നടത്താനും അറിയാം. യാത്ര ആഘോഷമാക്കിയതിന്റെ മുഴുവൻ ക്രെഡിറ്റും ടോണിക്ക്".

അച്ചൻ ടോണിയെ അഭിനന്ദിച്ചു.

യാത്ര ആഘോഷമാക്കുവാൻ ബസ്സിലുണ്ടായിരുന്ന ഓരോ വ്യക്തിയെയും കുട്ടികളെയും ടോണി ഏതെങ്കിലും ഒരു ഐറ്റത്തിൽ പങ്കെടുപ്പിച്ചിരുന്നു.

"തിരിച്ചുപോകുമ്പോഴും ടോണി തന്നെയാകട്ടെ ആഘോഷക്കമ്മിറ്റി ചെയർമാൻ" ബിനുവിന്റെ വകയായിരുന്നു കമന്റ്.

"ശരി സമ്മതിച്ചിരിക്കുന്നു". ടോണിക്കു സന്തോഷമായി.

Rapha യുടെ മുൻപിൽ ഡോ. ആശിഷ് മാത്യു അച്ചനെയും ഇടവകക്കാരെയും സ്വീകരിപ്പാൻ തയ്യാറായിട്ടുണ്ടായിരുന്നു. എല്ലാവരെയും ഫ്രഷ് ആകാൻ അയച്ചു. ഫ്രഷ് ആയി വരുമ്പോൾ Mess hall - ൽ എത്തണമെന്നും അച്ചൻ അറിയിച്ചതനുസരിച്ച് എല്ലാവരും Mess hall - ൽ എത്തി. കാപ്പികുടി കഴിഞ്ഞ് അല്പനേരത്തെ വിശ്രമത്തിനുശേഷം എല്ലാവരും കോൺഫറൻസ് ഹാളിലെത്തി. അച്ചൻ Laptop എടുത്ത് വച്ച് കൃത്യം 10 മണിയ്ക്ക് ക്ലാസ്സ് ആരംഭിച്ചു. Effective Parenting. അതേസമയം ശെമ്മാശൻ കുട്ടികൾക്കുള്ള Section മറ്റൊരു room ൽ ആരംഭിച്ചു.

അച്ചൻ കൗമ ചൊല്ലി പ്രാർത്ഥിച്ചു. ക്ലാസ്സിന്റെ അനുഗ്രഹത്തിനായി രജനി പ്രാർത്ഥിച്ചു. നല്ല തുടക്കം.

(തുടരും)

# കൊറോണക്കാലം കരുതലിന്റെ കാലം

ലോകത്തെ മുഴുവനും നിശ്ചലമാക്കിയ ഒരു മഹാമാരിയാണല്ലോ കോവിഡ്-19. മനുഷ്യന്റെ കണ്ടുപിടുത്തങ്ങളും വൈദ്യശാസ്ത്ര രംഗത്തെ വളർച്ചയുമൊക്കെ നിഷ്പ്രഭമാക്കിക്കൊണ്ട് ഈ മഹാമാരി ഇന്നും ലോകത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്നു. മാനുഷിക പ്രവർത്തനങ്ങളുടെയും, വളർച്ചയുടെയും സമസ്ത മേഖലകളും തകരുന്ന കാഴ്ചയാണ് നാം കാണുന്നത്. അനേകർ മരണപ്പെടുന്നു. ലോകരാജ്യങ്ങൾ ലോക്ഡൗൺ പ്രഖ്യാപിക്കുന്നു. തൊഴിൽ മേഖലകൾ നഷ്ടമാകുന്നു. ആത്മീയ രംഗത്തും ഏറെ തളർച്ചയുണ്ടായി. ദൈവാലയങ്ങൾ അടച്ചിടുന്നു. ഭാഗികമായി തുറക്കുന്നു. പൂർണ്ണതോതിൽ വിശ്വാസികളുടെ ചടങ്ങുകൾ ഒന്നും നടത്തുവാൻ സാധിക്കാതെ പോകുന്നു. ഇതിന് അവസാനം എവിടെ? ഇപ്പോൾ ജനങ്ങൾ കൊവിഡിനൊപ്പം ജീവിക്കുന്നു.

ചില സുമനസ്സുകളെ ദൈവം ഈ കാലയളവിൽ തന്റെ കരുതലിനായി ചേർത്ത് വച്ചിരിക്കുന്നു. സ്നേഹത്തിന്റെ കരുതലിന്റെ ഉറവ വറ്റാത്ത കരങ്ങളെ ദൈവം നമുക്കായി കരുതുന്നു. ഈ കരുതലിന്റെ സാന്ത്വനം ഇരവിപേരൂർ പള്ളി ഇടവകാംഗവും, ബഹ്റൈൻ സെന്റ് ഗ്രീഗോറിയോസ് പള്ളിയുടെ സ്ഥാപക അംഗവുമായ **ശ്രീ. ബാബു ഏബ്രഹാം പട്ടുകാലായിലൂടെ** ക്നാനായ സമുദായത്തിലെ പുരോഹിതന്മാർക്കും, ശുശ്രൂഷകർക്കും, സുവിശേഷകർക്കും, മറ്റനേകർക്കും നിറഞ്ഞമനസ്സോടെ ലഭിച്ചു. ദൈവാലയങ്ങൾ നാമമാത്ര ആരാധനയായി ചുരുങ്ങിയപ്പോൾ വൈദികർക്കായി 10,95,000 രൂപയും സുവിശേഷകർക്കായി 2 ലക്ഷം രൂപയും ശുശ്രൂഷകർക്കായി 6,70,000 രൂപയും വൈദിക വിദ്യാർത്ഥികൾ, സിസ്റ്റേഴ്സ്, സെമിനാരി സ്റ്റാഫ് ഉൾപ്പെടെ 3,50,000 രൂപയും, ഭവനപുനർനിർമ്മാണം, വിദ്യാഭ്യാസ സഹായം, വൈദ്യസഹായം ഇവയ്ക്കായി 3,10,000 രൂപയും കരുതലായി നൽകി. കൂടാതെ ഭവനനിർമ്മാണ സഹായമായി 40 ലക്ഷം രൂപയും ക്രമീകരിച്ചിരിക്കുന്നു. സാധുസംരക്ഷണ പ്രവർത്തനങ്ങൾക്കായി വേറെയും തുക ചിലവഴിക്കുന്നു. അദ്ദേഹത്തിന്റെ മകൻ അലന്റെ ജന്മദിനത്തോട് അനുബന്ധിച്ച് 3000 രൂപായുടെ 250 ഫുഡ് കിറ്റുകൾ വിവിധ ഇടവകകളിൽ നൽകി. ഈ സംരംഭങ്ങളിൽ ശ്രീ. ബാബു ഏബ്രഹാം പട്ടുകാലായിലിന് പ്രചോദനമായി നിന്ന ക്നാനായ സമുദായ മെത്രാപ്പോലീത്താ **അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി, സമുദായ സെക്രട്ടറി ശ്രീ. റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, ഫാ. ജേക്കബ് കല്ലുകുളം, ഫാ. ആൻഡ്രൂസ് കടപ്പനങ്ങാട്ട്, ശ്രീ. തമ്പാൻ തോമസ് കോളഭാഗത്ത്, ശ്രീ. സണ്ണി ഏബ്രഹാം മലേച്ചേരിൽ** എന്നിവരെയും നന്ദിയോടെ സ്മരിക്കുന്നു.

ഈ കോവിഡ് പ്രതിസന്ധിയുടെ കാലഘട്ടത്തിൽ ഒരു കോടി രൂപ മേൽപ്പറഞ്ഞവയ്ക്കായി മാറ്റി വച്ച് സഭയോടൊപ്പമായിരിക്കുന്ന **ശ്രീ. ബാബു ഏബ്രഹാം പട്ടുകാലായുടെ** മാതൃകയെ അഭിനന്ദിക്കുന്നു. ഈ സഭയിലെ ഒരു വൈദികൻ എന്ന നിലയിൽ നന്ദി അറിയിക്കുന്നു. കുടുംബാംഗങ്ങളായ **റൂബി ബാബു** (സീതത്തോട് മുള്ളാനിൽ കുടുംബാംഗം), **ഡോ. സൗമ്യ, ഡോ. ജോയൽ, അലൻ** എന്നിവരേയും പ്രാർത്ഥനകളിൽ ഓർക്കുന്നു.

**ഫാ. ഷെറിൻ സി. കൊല്ലംപറമ്പിൽ**
(മാനേജർ ക്ലീമ്മീസ് പ്രസ്)

# മല്പാനോടു ചോദിക്കാം



# യേശു സ്വീകരിച്ച സ്നാനവും, വിശ്വാസികൾ സ്വീകരിക്കുന്ന സ്നാനവും ഒന്നാണോ?

വ്യക്തി കേന്ദ്രീകൃതമായ നൂതന സഭകളെല്ലാം ഇന്ന് വിശ്വാസികളുടെ സ്നാനത്തിന് മാതൃകയായി എടുത്തു കാണിക്കുന്നത് യേശുതമ്പുരാൻ 30-ാം വയസ്സിൽ തന്റെ പരസ്യ ശുശ്രൂഷയ്ക്ക് മുമ്പായി സ്നാപക യോഹന്നാനിൽ നിന്നു സ്വീകരിച്ചതുകൊണ്ട് എല്ലാവരും മുതിർന്നശേഷം സ്നാനം സ്വീകരിക്കണം എന്നാണ് അവരുടെ പഠിപ്പിക്കൽ. എന്നാൽ വിശുദ്ധ വേദപുസ്തക പ്രകാരവും, പരി.അപ്പോസ്തോലിക പിതാക്കന്മാരുടെ പഠിപ്പിക്കൽ അനുസരിച്ചും യേശു തമ്പുരാൻ സ്വീകരിച്ച സ്നാനവും സിശ്വാസികൾ സ്വീകരിക്കുന്ന സ്നാനവും അതിന്റെ ഉദ്ദേശത്തിലും അന്തഃസത്തയിലും വ്യത്യസ്ഥമാണ്.

സ്നാപക യോഹന്നാൻ നടത്തിവന്ന സ്നാനം മാനസാന്തര സ്നാനം മാത്രമായിരുന്നു. അതായത് യേശുവിന് വഴി ഒരുക്കുവാൻ വന്നവൻ യേശുവിന്റെ വചനം ഉൾക്കൊള്ളുവാൻ തക്കവണ്ണം ജനത്തിന്റെ ഹൃദയത്തെ ഒരുക്കിയതായ സ്നാനം ആയിരുന്നു അത്. (മത്താ.3:4-6, മർക്കോ. 1:7-8, ലൂക്കാ.3:7-8) എന്നാൽ ഇന്ന് വിശ്വാസികൾ ഏൽക്കുന്ന സ്നാനം ത്രിത്വ നാമത്തിലുള്ളതും യേശുവിനാൽ സ്ഥാപിതമായതും ആകുന്നു. (മത്താ.28:19-20). യേശുവിന് മാനസാന്തര സ്നാനമോ, ത്രിത്വനാമത്തിലുള്ള സ്നാനമോ ഏൽക്കേണ്ട ആവശ്യമില്ലല്ലോ കാരണം അവൻ ത്രിത്വത്തിൽ ഒരുവനും, പാപരഹിതനുമാകുന്നു. നാം സ്നാനം സ്വീകരിക്കുന്നത് ക്രിസ്തുവിനോടു ചേരുവാനും, അവന്റെ മരണത്തോടും, പുനരുത്ഥാനത്തോടും ഏകീഭവിപ്പാനും, സഭയിൽ അംഗമായിത്തീരുവാനും, പരിശുദ്ധാത്മ ദാനത്തിനും വേണ്ടിയാണല്ലോ. യേശുവിന് ഇവയൊന്നും ആവശ്യമില്ല. പിന്നെ എന്തിനാണ് യേശു തമ്പുരാൻ സ്നാപകയോഹന്നാനിൽ നിന്ന് സ്നാനം സ്വീകരിച്ചത്?

യേശു സ്നാനം സ്വീകരിച്ചത് അഞ്ചു കാര്യങ്ങൾക്കുവേണ്ടിയായിരുന്നു എന്ന് പരിശുദ്ധ സുറിയാനി സഭാ പിതാക്കന്മാർ പഠിപ്പിക്കുന്നു.

1). താൻ ആരാകുന്നു എന്ന് യിസ്രായേലിന് വെളിപ്പെടുത്തുക.

2). ആദാമ്യ പാപം അതിന്റെ അന്ത:സത്തയിൽ നീക്കപ്പെട്ടു.

3). പഴയ നിയമ പൗരോഹിത്യത്തിന്റെ തിരിച്ചെടുക്കൽ.

4). വെള്ള ശുദ്ധീകരണം (നാശഹേതുവായ ജലത്തെ ജീവഹേതുവാക്കി).

5). പരിശുദ്ധ ത്രിത്വത്തിന്റെ പരസ്യമായ വെളിപ്പെടൽ.

**മേൽപ്പറഞ്ഞ കാര്യങ്ങൾ ഓരോന്നായി പരിശോധിക്കാം.**

**1. യേശു ആരെന്ന് യിസ്രായേലിന് വെളിപ്പെടുത്തുക.**

സ്നാപക യോഹന്നാൻ നടത്തിയ സ്നാനത്തിന്റെ പ്രഥമ ലക്ഷ്യം ലോകരക്ഷകനായ മശിഹായെ യിസ്രായേലിന് വെളിപ്പെടുത്തി കൊടുക്കുക എന്നതായിരുന്നു.

(യോഹ. 1:29-34 വരെ വായിക്കുക). അതായത് മുപ്പതു വയസ്സുവരെ യോസേഫിന്റെയും മറിയയുടെയും മകനായി ജീവിച്ച യേശു ദൈവപുത്രനും യിസ്രായേൽ നൂറ്റാണ്ടുകളായി പ്രതീക്ഷയോടെ കാത്തിരിക്കുന്ന മശിഹായും ആണെന്ന് യിസ്രായേൽ ജനം തിരിച്ചറിയുന്നത്.

തന്റെ സ്നാനത്തോടുകൂടിയാണ്. സ്നാപകയോഹന്നാനു പോലും തന്റെ ചാർച്ചക്കാരൻ എന്ന നിലയിൽ യേശുവിനെ അറിയാം എന്നല്ലാതെ അവൻ മശിഹായാണെന്ന് അറിയില്ലായിരുന്നു. "വരുവാനുള്ളവർ നീയോ, അതോ ഞങ്ങൾ മറ്റൊരുവനോ കാത്തിരിക്കണമോ എന്ന് യോഹന്നാൻ തന്റെ ശിഷ്യരെ വിട്ട് യേശുവിനോട് ചോദിച്ചതും അതുകൊണ്ടാണ്.

"എന്റെ പിന്നാലെ വരുന്നവൻ എനിക്കു മുമ്പേ ഉണ്ടായിരുന്നുവെന്നും, ഞാനോ അവനെ അറിഞ്ഞിരുന്നില്ലെന്നും, എന്നെ അയച്ചവൻ എന്നോട്, ആരുടെ മേൽ പ്രാവുപോലെ ആത്മാവ് ഇറങ്ങി വസിക്കുമോ അവനാണ് ആത്മാവിൽ സ്നാനം കഴിപ്പിക്കുന്നവൻ എന്ന് എന്നോട് പറഞ്ഞു" എന്നാണ് യോഹന്നാന്റെ സാക്ഷ്യം (യോഹ.1:29-34). സ്നാന സമയത്താണ് യോഹന്നാൻ യേശുവിനെ മശിഹായായി തിരിച്ചറിയുന്നത്. യേശു ആരെന്ന് അപ്പോൾ വെളിപ്പെട്ടതുകൊണ്ടാണ് യേശുവിനെ സ്നാനം കഴിപ്പിപ്പാൻ യോഹന്നാൻ മടിച്ചതും "നിന്നാൽ സ്നാനം ഏൽക്കാൻ എനിക്ക് ആവശ്യം" എന്നു പറഞ്ഞതും. (മത്താ. 3:14). എന്നാൽ യേശു നിർബ്ബന്ധപൂർവ്വം അതു സ്വീകരിച്ചത് തന്നെ തന്നെ മശിഹായായി വെളിപ്പെടുന്നതിന് യോഹന്നാന് അവസരം ഒരുക്കുന്നതിനായിരുന്നു. "ഇവൻ എന്റെ പ്രിയ പുത്രൻ, ഇവനിൽ ഞാൻ പ്രസാദിച്ചിരിക്കുന്നു. "എന്നുള്ള പിതാവായ ദൈവത്തിന്റെ സാക്ഷ്യത്തോടുകൂടി യേശു ആരെന്ന് ലോകത്തിന് വെളിപ്പെട്ടു (മത്താ.13:17, മർക്കോ.1:10-11).

ചുരുക്കത്തിൽ സ്നാപക യോഹന്നാന്റെ സ്നാനശുശ്രൂഷയുടെ പ്രഥമ ലക്ഷ്യം യേശുവിനുവേണ്ടി ജനത്തിനു മാനസാന്തരം ഉണ്ടാക്കി അവരെ ഒരുക്കുക എന്നതോടൊപ്പം യേശു ആരെന്ന് യിസ്രായേലിന് വെളിപ്പെടുത്തുക എന്നതായിരുന്നു.

*(തുടരും)*




ഫാ. ജെറിൻ റ്റി. രാജു തെക്കേതിൽ, കറ്റോട്.
(വികാരി, സെന്റ് മേരീസ് സെഹിയോൻ
ക്നാനായപള്ളി, ചെങ്ങളം)

## ദനഹായ്ക്കു ശേഷം 2–ാം ഞായർ 17–01–2021
## (വി. യോഹ. 1: 43–50)

യേശുവും നഥാനിയേലും തമ്മിലുള്ള കൂടിക്കാഴ്ചയും അവരുടെ സംഭാഷണവുമാണ് ഈ വേദഭാഗത്തിൽ പറയുന്നത്.

മഹാൻമാരായ ആളുകളാരും വ്യക്തികളെക്കുറിച്ച് അഭിപ്രായം പറയാറില്ല. 'അവൻ നല്ലവനാണ്, ഇവൻ മോശമാണ്' എന്നൊന്നും പറയാറില്ല. അവർ വസ്തുതകൾ മാത്രമാണ് സംസാരിക്കുന്നത്. യേശുവും ഇത്തരത്തിലുള്ള വ്യക്തിയായിരുന്നു. എന്നിട്ടും നഥാനിയേലിനെക്കുറിച്ച് ക്രിസ്തു സംസാരിക്കുന്നു. അത് വെറുമൊരു അഭിപ്രായം അല്ല. ഒരു സാക്ഷ്യമായാണ് ക്രിസ്തു അവതരിപ്പിക്കുന്നത്.

ആരായിരുന്നു ഈ നഥാനിയേൽ. വി.യോഹന്നാൻ ശ്ലീഹ എഴുതിയ സുവിശേഷത്തിൽ മാത്രമേ നഥാനിയേൽ എന്ന



പേരുള്ളൂ. ആദ്യ മൂന്ന് സുവിശേഷങ്ങളിലും ഈ വ്യക്തിയെ മറ്റ് പേരുകളിൽ അറിയപ്പെടുന്നു.

ഫിലിപ്പോസിന്റെയും അന്ത്രയോസിന്റെയും പത്രോസിന്റെയും പട്ടണം ബെദ്സെയ്ദ ആയിരുന്നു. "മീൻ പിടിത്തത്തിന്റെ ഭവനം" എന്നാണ് ഇതിന്റെ അർത്ഥം.

ഇതിന്റെ അടുത്തുള്ള പ്രദേശമായ കാന എന്ന ഗ്രാമത്തിൽ നിന്നുള്ളവനായിരുന്നു നഥാനിയേൽ. ഈ പ്രദേശത്ത് നിന്ന് 5 കിലേമീറ്റർ ദൂരെ മാറിയുള്ള സ്ഥലമായിരുന്ന നസ്രേത്ത്. നസ്രേത്ത് അത്ര വലിയ പ്രാധാന്യമുള്ള സ്ഥലമൊന്നും ആയിരുന്നില്ല. മാത്രമല്ല പ്രവാചക പുസ്തകങ്ങളിൽ നിന്നെല്ലാം മശിഹാ ബേത്‌ലഹേമിൽ നിന്നാണ് വരുന്നത് എന്ന് എല്ലാവർക്കും അറിയാമായിരുന്നു. അതുകൊണ്ടാണ് നഥാനിയേൽ ചോദിക്കുന്നത് "നസ്രേത്തിൽ നിന്ന് വല്ല നന്മയും വരുമോ? എന്ന്.

യഹൂദന്മാരുടെ ജീവിതത്തിൽ അത്തിക്ക് വലിയ പ്രാധാന്യം ഉണ്ടായിരുന്നു. അത്തി വീടിന്റെ മുൻഭാഗത്ത് വച്ചു പിടിപ്പിക്കുന്നത് സാധാരണമായായിരുന്നു. വലിയ വലിപ്പമുള്ള ഇല അത്തിക്കുള്ളതുകൊണ്ട് മരച്ചുവട്ടിൽ തണുപ്പാണ്. അവിടെ ഇരുന്ന് വചനം പഠിക്കുകയും പ്രാർത്ഥിക്കുകയും ധ്യാനിക്കുകയും ചെയ്യുന്നത് സാധാരണമായിരുന്നു.

അത്തിയുടെ ചുവട്ടിൽ ഇരുന്നപ്പോൾ ഞാൻ നിന്നെ കണ്ടിരുന്നു എന്ന് യേശു പറയുന്നുണ്ട്. എന്നാൽ അത്തിയുടെ ചുവട്ടിൽ നഥാനിയേൽ എന്താണ് ചെയ്തുകൊണ്ടിരുന്നത് എന്ന് വ്യക്തമല്ല. വേദശാസ്ത്ര പണ്ഡിതന്മാർ പറയുന്നത് പലതരത്തിലാണ്.

1. നഥാനിയേൽ അത്തിച്ചുവട്ടിൽ ഇരുന്ന് വചനം പഠിക്കുകയും, പ്രാർത്ഥിക്കുകയും, ധ്യാനിക്കുകയും ചെയ്തിരുന്നു.

2. ഫിലിപ്പോസ് നഥാനിയേലിനെ കണ്ടുമുട്ടുന്നത് അത്തിയുടെ ചുവട്ടിൽ വച്ചായിരുന്നു.

3. ശിശുവധകാലത്ത് നഥാനിയേലിനെ അമ്മ രക്ഷപ്പെടുത്തിയത് അത്തിയുടെ ചുവട്ടിൽ ഒളിച്ചുവച്ചാണ്.

ഇങ്ങനെ പലതാണ് പണ്ഡിതൻമാർ പറയുന്നത്. ഇതിൽ ഏതാണ് ശരിയെന്നറിയില്ല. എന്തായാലും നഥാനിയേലിന് മാത്രം അറിയാവുന്ന ഒരു രഹസ്യം അത്തിച്ചുവട്ടിൽ സംഭവിച്ചുണ്ട്. അന്ന് യേശു വെളിപ്പെടുത്തുമ്പോഴാണ് നഥാനിയേൽ തകർന്നു പോകുന്നത്.

യേശു പറയുന്നു "ഇതാ കളങ്കമില്ലാത്ത സാക്ഷാൽ യിസ്രായേല്യൻ"

നമ്മുടെ കാഴ്ചപ്പാടിൽ നാം വലിയവരായി കാണുന്നത് ആരെയൊക്കെയാണ്, രാഷ്ട്രീയ നേതാക്കൾ, ശാസ്ത്രജ്ഞർ ഇങ്ങനെ കഴിവുള്ളവരെയാണ്. എന്നാൽ യേശു വലിയതായി കാണുന്നതിന്റെ മാനദണ്ഡം ഹൃദയ നിഷ്കളങ്കതയാണ്. സുവിശേഷങ്ങളിൽ ഉടനീളം നിഷ്കളങ്കരായി മാറുവാനുള്ള ആഹ്വാനം ഉണ്ട്. ശിശുവിനെപ്പോലെ ആയിത്തീരുക വി. ലൂക്കോസ് 18:17 ൽ പിന്നെയും പറയുന്നു. നിങ്ങൾ പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ നിഷ്കളങ്കരും ആയിരിപ്പീൻ. ഗിരിപ്രഭാഷണങ്ങളിൽ പറയുന്നു ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാൻമാർ. യേശുക്രിസ്തു ശിഷ്യൻമാരായി തെരഞ്ഞെടുത്തതും ഇപ്രകാരമുള്ള മനുഷ്യരെയാണ്.

എന്നാൽ നമ്മൾ ഓരോരുത്തരെയും കുറിച്ച് ക്രിസ്തു ഇങ്ങനെ പറയുമോ. ഇതാ സാക്ഷാൽ ഇസ്രായേല്യൻ ഇവനിൽ കപടം ഇല്ല.

## ദനഹായ്ക്കു ശേഷം 3-ാം ഞായർ 24-01-2021
## (വി. യോഹ. 3: 1-22)

ഈ ഏവൻഗേലിയോൻ ഭാഗത്തിൽ യേശുവും യഹൂദൻമാരുടെ പ്രമാണി നിക്കോദീമോസും തമ്മിലുള്ള സംഭാഷണമാണ്. നിക്കോദീമോസിനോട് യേശു പറയുന്നു "വീണ്ടും ജനിക്കാതെ ഒരുവനും ദൈവരാജ്യം പ്രാപിക്കുവാൻ സാധിക്കുകയില്ല" ജീവിതത്തിൽ ചെറിയൊരു മാറ്റമോ മാനസാന്തരമോ വരുത്തിയാലൊന്നും ദൈവരാജ്യം പ്രാപിക്കുക സാധ്യമല്ല. പിന്നെയോ അടിമുടി മാറണം. അതായത് പുതിയൊരു സൃഷ്ടിയായി മാറണം എന്നർത്ഥം.

"ഒരുവൻ ക്രിസ്തുവിൽ ആയാൽ അവൻ പുതിയ സൃഷ്ടിയാണ്" (2 കോരി. 5:17). "പരിച്ഛേദനയല്ല അഗ്രചർമ്മവുമല്ല പുതിയ സൃഷ്ടിയത്രേ കാര്യം" (ഗലാ.6:15)



പരി. പൗലോസ് ശ്ലീഹാ വീണ്ടും ജനിച്ച മനുഷ്യനാണ്. അദ്ദേഹം ക്രൈസ്തവരെ ഉപദ്രവിച്ചുകൊണ്ടിരുന്ന ഒരു യഹൂദൻ ആയിരുന്നു. എന്നാൽ അദ്ദേഹത്തിന് ദമസ്കോസിൽ വച്ച് ദൈവാനുഭവം ഉണ്ടായപ്പോൾ (അ.പ്ര.9) അദ്ദേഹം തിരിച്ച് ചിന്തിച്ചു.

അപ്പോസ്തോല പ്രവർത്തികൾ വായിക്കുമ്പോൾ അദ്ദേഹത്തിന്റെ ദൈവാനുഭവത്തിന് ശേഷം സുവിശേഷപ്രവർത്തനം ആരംഭിച്ചു എന്നാണ്. ഈ ദൈവാനുഭവത്തോടെ ശൗൽ എന്ന വ്യക്തി അടിമുടി മാറുന്നു. ക്രൈസ്തവരെ കൊല്ലുവാൻ നടന്ന മനുഷ്യൻ ക്രിസ്തുവിനു വേണ്ടി പ്രവർത്തിക്കുന്ന ലോകം കണ്ട ഏറ്റവും വലിയ മിഷനറിയായി മാറുന്നു.

1904 ഡിസംബർ 18 ന് സുന്ദർസിംഗ് എന്ന 15 വയസ്സുകാരനായ സിഖ് ബാലന് ഒരു ദൈവീക ദർശനമുണ്ടായി. ആ ദർശനത്തിൽ കണ്ടത് ആര് എന്നറിയാൻ അദ്ദേഹം ഒരു വർഷത്തോളം അലഞ്ഞു നടന്നു. പിന്നീട് അദ്ദേഹം അത് ക്രിസ്തുവാണെന്ന് മനസ്സിലാക്കി സ്നാനം സ്വീകരിച്ച് ക്രിസ്ത്യാനിയായി മാറി. അങ്ങനെ അദ്ദേഹം സാധു സുന്ദർ സിംഗ് ആയി ലോകം മുഴുവൻ സഞ്ചരിച്ചു.

പരി. പത്രോസ് ശ്ലീഹാ മൂന്ന് പ്രാവശ്യം കർത്താവിനെ തള്ളിപ്പറഞ്ഞതാണ്. എങ്കിലും അദ്ദേഹം അനുതപിക്കുകയും കരയുകയും ചെയ്ത് തിരികെ വരുകയാണ്.

ആത്മാവിൽ ജനിച്ചവരെ സംബന്ധിച്ച് ശരീരം വ്യർത്ഥമാണ്. (റോമർ 8:38-39) "മരണത്തിനോ ജീവനോ, ദൂതൻമാർക്കോ, വാഴ്ചകൾക്കോ, അധികാരങ്ങൾക്കോ, ഇപ്പോഴുള്ളതിനോ, വരുവാനുള്ളതിനോ, ഉയരത്തിനോ, ആഴത്തിനോ, മറ്റ് യാതൊരുസൃഷ്ടിക്കോ നമ്മുടെ കർത്താവായ യേശുക്രിസ്തുവിലുള്ള ദൈവസ്നേഹത്തിൽ നിന്ന് നമ്മെ വേർപിരിപ്പാൻ കഴിയുകയില്ല എന്ന് ഞാൻ ഉറച്ചിരിക്കുന്നു.

4-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന അസ്സീറിയിൻ രാജാവിന്റെ മകനായിരുന്നു മോർബഹനാം. പിതാവായ രാജാവുതന്നെ ക്രിസ്തുവിനെ തള്ളിപ്പറയുവാൻ മകനോട് പറയുകയാണ്. എന്നാൽ ക്രിസ്തുവിനെ തള്ളിപ്പറയാതെ മരണത്തിന് കീഴടങ്ങുകയാണ് അദ്ദേഹം ചെയ്തത്. അങ്ങനെ മോർബഹനാമും സഹോദരി സാറായും 40 അനുയായികളും രക്തസാക്ഷികളായി. പിൽക്കാലത്ത് ഇവർ വിശുദ്ധരായി പ്രഖ്യാപിക്കപ്പെട്ടു.

ക്രിസ്തു ഇല്ലാതെ ജീവിക്കുന്നതിനേക്കാൾ ക്രിസ്തു ഉള്ള മരണമാണ് അവർ തെരഞ്ഞെടുത്തത്. ഇങ്ങനെയാണ് വീണ്ടും ജനിച്ചവർ. വീണ്ടും ജനനം ആത്മാവിലുള്ള ജനനമാണ്. ആത്മാവിനെ നശിപ്പിക്കുവാൻ ഭൗതികമായ ഒന്നിലും കഴിയുകയില്ല.

## കൊഹനെ ഞായർ 31-01-2021
## (വി. മത്തായി 24: 42-51)

"ദൈവത്തിന്റെ ആത്മാവിനാൽ ശക്തി പ്രഖ്യാപിച്ച ഒരു പുരോഹിതൻ നടന്ന് പോകുമ്പോൾ ഭൂമി കുലുങ്ങുന്നു. ആകാശത്തിന്റെ കിളിവാതിലുകൾ തുറക്കപ്പെട്ട് അനുഗ്രഹങ്ങൾ ഭൂമിയിലേയ്ക്ക് ഒഴുകുകയാണ്". 4-ാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന വി.അപ്രേമിന്റെ വാക്കുകളാണിത്. ജീവിതകാലം മുഴുവൻ ശെമ്മാശനായിരുന്ന വി. അപ്രേം എന്തുകൊണ്ടാണ് പുരോഹിതൻ ആകാത്തത് എന്ന് ചോദിച്ചപ്പോൾ അദ്ദേഹം മറുപടിയായിട്ട് പറഞ്ഞത് കർത്താവേശുമിശിഹായുടെ തിരുശരീര രക്തങ്ങൾ ആഘോഷിക്കുവാനുള്ള യോഗ്യത എന്റെ കൈകൾക്കില്ല എന്നാണ്. ഇതാണ് പൗരോഹിത്യത്തിന്റെ ഏറ്റവും വലിയ ശ്രേഷ്ഠത.

"അഗ്നിമയൻമാർ ആരെ നോക്കി വിറച്ചീടുന്നു
അവനെ മേശയിലപ്പം വീഞ്ഞായ് നീ കാണുന്നു"

അഗ്നിമയൻമാരായ മാലാഖമാർ ആരെ നോക്കി വിറയ്ക്കുന്നുവോ ആ സ്വർഗ്ഗീയനായ ദൈവത്തെ അപ്പം വീഞ്ഞായി അഥവാ വി. കുർബ്ബാനയായി നീ കാണുന്നു. മാലാഖമാർക്കു പോലും സാധിക്കാത്ത കാര്യമാണ് കർത്താവിന്റെ തിരുശരീരം എടുത്ത് ആഘോഷിക്കുക എന്നത്. അത് എടുക്കുവാനും ആഘോഷിക്കുവാനും, അനുഭവിക്കുവാനുമുള്ള യോഗ്യത ദൈവം മനുഷ്യന് നൽകിയിരിക്കുന്നു.

എന്നാൽ 1 പത്രോസ് 2:9 ൽ പറയുന്നു "നിങ്ങളോ അന്ധകാരത്തിൽ നിന്ന് തന്റെ അത്ഭുത പ്രകാശത്തിലേയ്ക്ക് നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻ തക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗ്ഗവും വിശുദ്ധ വംശവും സ്വന്ത ജനവും ആകുന്നു" ക്രിസ്തീയ സഭ രാജകീയ പുരോഹിതഗണമാണ്. ആയതുകൊണ്ട് പ്രത്യേകം പുരോഹിതരുടെ ആവശ്യമില്ല എന്ന് പറയുന്നവരുണ്ട്. എന്നാൽ രാജകീയ പുരോഹിത ഗണമാണ്

ക്രിസ്തീയ സഭ എങ്കിലും രാജകുടുംബത്തിലുള്ള എല്ലാവരും രാജാക്കൻമാർ അല്ലാത്തതുപോലെ പ്രത്യേകം വിളിച്ച് വേർതിരിച്ച പുരോഹിതനായി അഭിഷേകം ചെയ്യപ്പെട്ടവർക്ക് മാത്രമെ പൗരോഹിത്യ കൂദാശകൾ നിർവ്വഹിക്കുവാനുള്ള കൈവയ്പ്പ് ഉണ്ടാകുകയുള്ളൂ എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. എങ്കിലും പൗരോഹിത്യജീവിതത്തിനടുത്ത ജീവിത വിശുദ്ധി എല്ലാ ക്രൈസ്തവരിലും ഉണ്ടാകണം.

പരി. പൗലോസ് ശ്ലീഹാ തീമോത്തിയോസ് എഴുതിയ ഒന്നും രണ്ടും ലേഖനങ്ങളും തീത്തോസിനെഴുതിയ ലേഖനവും ഇടയലേഖനങ്ങൾ എന്നാണറിയപ്പെടുന്നത്. ഇടയന്മാർ (പുരോഹിതർ) പാലിക്കേണ്ട നിയമങ്ങൾ അവിടെ രേഖപ്പെടുത്തിയിരിക്കുന്നു.

2 തിമൊ. 1:6 "അതുകൊണ്ട് എന്റെ കൈവെയ്പ്പിനാൽ നിന്നിലുള്ള ദൈവത്തിന്റെ കൃപാവരം ജ്വലിപ്പിക്കേണം എന്ന് നിന്നെ ഓർമ്മപ്പെടുത്തുന്നു. ഭീരുത്വത്തിന്റെ ആത്മാവിനെയല്ല ശക്തിയുടെയും സ്നേഹത്തിന്റെയും സുബോധത്തിന്റെയും ആത്മാവിനെയത്രെ ദൈവം നമുക്ക് തന്നത്.

ഒരു പുരോഹിതനെ സംബന്ധിച്ച് സുപ്രധാനമാണ് കൈവെയ്പ്പ്. കൈവെയ്പ്പ് ഒരു മനുഷ്യനെ പൗരോഹിത്യ സ്ഥാനത്തേക്ക് ഉയർത്തുന്നത്. എബ്രാ.5:1 "മനുഷ്യരുടെ ഇടയിൽ നിന്ന് എടുക്കുന്ന ഏത് മഹാപുരോഹിതനും പാപികൾക്കായി വഴിപാടും യാഗവും അർപ്പിക്കുവാൻ ദൈവകാര്യത്തിൽ മനുഷ്യർക്കുവേണ്ടി നിയമിക്കപ്പെടുന്നു".

എബ്രാ. 5:4–5 എന്നാൽ അഹരോനെപ്പോലെ ദൈവം വിളിക്കുന്നവനല്ലാതെ ആരും ആ സ്ഥാനം സ്വതവെ എടുക്കുന്നില്ല. അവ്വണ്ണം ക്രിസ്തുവും മഹാപുരോഹിതൻ ആകുവാനുള്ള മഹത്വം സ്വതവെ എടുത്തിട്ടില്ല "നീ എന്റെ പുത്രൻ; ഇന്ന് ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു'' എന്ന് അവനോട് അരുളിച്ചെയ്തവൻ അവന് കൊടുക്കുന്നതത്രെ.

അഹറോന്യ പൗരോഹിത്യം ലേവി ഗോത്രത്തിന് മാത്രം നല്കി പാരമ്പര്യമായി കൈമാറി പോരുകയായിരുന്നു. അങ്ങനെ സഖറിയ പുരോഹിതന് ലഭിക്കുന്ന പൗരോഹിത്യം സ്നാപക യോഹന്നാനിലേക്കും അദ്ദേഹത്തിൽ നിന്ന് ക്രിസ്തുവിനും ലഭിക്കുന്നു. തുടർന്ന് ശ്ലീഹൻമാർ വഴിയായി നാനാ ജാതികളിലേക്കും പകരുന്നു.

യേശു സ്നാനം സ്വീകരിക്കുവാൻ വരുമ്പോൾ സ്നാപക യോഹന്നാൻ സ്നാനം വിലക്കുന്നുണ്ട്. എന്നാൽ യേശു പറയുന്നു "ഇപ്പോൾ സമ്മതിക്ക, അങ്ങനെ സകല നീതിയും......." (മത്തായി 3:15). ഈ സകല നീതിയിൽ ഉൾപ്പെട്ടതാണ് പൗരോഹിത്യം. അങ്ങനെ അഹരോന്യ പൗരോഹിത്യവും മല്ക്കിസദേക്കിൻ ക്രമപ്രകാരമുള്ള (എബ്രാ: 5:6) ദാവീദിന്റെ രാജത്വവും യേശുവിൽ ഒരുമിച്ച് ചേരുന്നു. ഈ പൗരോഹിത്യമാണ് തലമുറകൾക്ക് പകർന്ന് കിട്ടിയിരിക്കുന്ന ക്രിസ്തീയ പൗരോഹിത്യം.

ഈ ശ്രേഷ്ഠ പൗരോഹിത്യം സ്വീകരിച്ച നമുക്ക് പൂർവ്വികരായ എല്ലാ പുരോഹിതരെയും ഓർക്കാം. ഇന്ന് നമുക്കുവേണ്ടി പരി. ത്രോണോസിങ്കൽ ബലി അർപ്പിക്കുന്ന പുരോഹിതർക്കു വേണ്ടിയും നമുക്ക് പ്രാർത്ഥിക്കാം.

"കർത്താവെ സത്യവചനം ശരിയായി പഠിപ്പിക്കുന്ന ഇടയൻന്മാരെ എഴുന്നേൽപ്പിക്കണമെ. ഉത്തമമായ വാർദ്ധക്യവും ദീർഘായുസ്സും കൊടുത്ത് അനുഗ്രഹിക്കണമെ. (മോർ ദിവന്യാസിയോസിന്റെ ക്രമം)

## ആനിദെ ഞായർ 07–02–2021
## (വി. ലൂക്കോസ് 12:32–46)

ഉല്പ. 25:8 അബ്രഹാം വയോധികനും കാലസമ്പൂർണ്ണനുമായി നല്ല വാർദ്ധക്യത്തിൽ പ്രാണനെ വിട്ട് മരിച്ചു തന്റെ ജനത്തോട് ചേർന്നു. ഉല്പ.49:33 യാക്കോബ് തന്റെ പുത്രന്മാരോട് ആജ്ഞാപിച്ചു തീർന്നശേഷം അവൻ കാൽ കട്ടിലിന്മേൽ എടുത്തുവച്ചിട്ട് പ്രാണനെ വിട്ടു തന്റെ ജനത്തോടു ചേർന്നു.

മരിച്ച് കഴിയുമ്പോൾ തന്റെ ജനത്തോട് ചേർന്നു എന്നത് പഴയ നിയമത്തിൽ മുഴുവൻ കാണാം. ആത്മരൂപികളുടെ സഭയാണ് യഥാർത്ഥ സഭ. ജീവിച്ചിരിക്കുന്നവരുടെയും മരിച്ചുപോയവരുടെയും കൂട്ടമാണ് സഭ. എന്നാൽ ജീവിച്ചിരിക്കുന്നതിനേക്കാൾ അധികമായി ദൈവത്തോട് അടുത്തിരിക്കുന്നത് വാങ്ങിപ്പോയവരാണ്. അതുകൊണ്ട് തന്നെ വി. കുർബ്ബാനയിൽ ജീവിച്ചിരിക്കുന്നവരുടെ പേരുകൾ മക്ബലാനായിൽ (കാസ–പീലാസ മൂടുന്ന ചതുരത്തിൽ ഉള്ള തുണി) കുരിശ് വരച്ച് ഓർക്കുന്നതെങ്കിൽ വാങ്ങിപ്പോയവരെ അപ്പ വീഞ്ഞിലെ അപ്പം വച്ചിരിക്കുന്ന പീലാസായിൽ കുരിശ് വരച്ചാണ് ഓർക്കുന്നത്.

വാങ്ങിപ്പോയവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതും അങ്ങനെ പ്രാർത്ഥിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും അതിന്റെ പ്രാധാന്യത്തെക്കുറിച്ചുമെല്ലാമുള്ള അനേക വാക്യങ്ങൾ പുതിയ നിയമത്തിലുണ്ട്.

1 കൊരി 15:29 "അല്ല മരിച്ചവർക്കുവേണ്ടി സ്നാനം ഏൽക്കുന്നവർ എന്ത് ചെയ്യും. മരിച്ചവർ കേവലം ഉയർക്കുന്നില്ലായെങ്കിൽ അവർക്കുവേണ്ടി സ്നാനം ഏൽക്കുന്നത് എന്തിന്"? പൗലോസ് ശ്ലീഹാ കൊരിന്ത്യയിൽ ചെന്നപ്പോൾ വലിയ എതിർപ്പുകൾ അദ്ദേഹത്തിന് ഉണ്ടായിരുന്നു. തുടർന്ന് സ്നാനം സ്വീകരിച്ച് ക്രിസ്ത്യാനി ആകുന്നവരെ കൊല്ലുന്ന വിധത്തിലുള്ള മതപീഡനങ്ങൾ ഉണ്ടായി. അങ്ങനെ ക്രിസ്തുവിൽ വിശ്വസിച്ചതിനു ശേഷം സ്നാനം സ്വീകരിക്കാൻ സാധിക്കാതെ കൊല്ലപ്പെട്ടവർക്കുവേണ്ടി സ്നാനം സ്വീകരിക്കുന്ന പതിവ് ഉണ്ടായിരുന്നു. മാതാപിതാക്കളോ, സഹോദരങ്ങളോ, മക്കളോ അങ്ങനെ ആരെങ്കിലും ഇതാണ് ശ്ലീഹാ ഇവിടെ എഴുതിയിരിക്കുന്നത്. അതായത് വാങ്ങിപ്പോയവർക്കു വേണ്ടിയുള്ള പ്രാർത്ഥനകളും കർമ്മങ്ങളും അന്ന് ഉണ്ടായിരുന്നു എന്നർത്ഥം

2 തിമോ 1:18 ആ ദിവസത്തിൽ കർത്താവിന്റെ പക്കൽ കരുണ കണ്ടെത്തുവാൻ കർത്താവ് അവന് സംഗതി വരുത്തട്ടെ" ഇത് ഓനേസിഫോരെസിനെക്കുറിച്ചാണ് ശ്ലീഹാ പറയുന്നത്. പൗലോസ് ശ്ലീഹായ്ക്ക് സഹായിയായി ശക്തമായി നിലകൊണ്ടാണ് ഓനേസിഫോരെസ് റോമിൽ കാരാഗൃഹത്തിൽ കിടന്നപ്പോൾ പലപ്പോഴും അദ്ദേഹം ശ്ലീഹായെ പോയി കാണുകയുണ്ടായി. എന്നാൽ ഈ ലേഖനം എഴുതുമ്പോൾ ഓനേസിഫോരെസ് ജീവിച്ചിരിപ്പില്ല. അതുകൊണ്ടാണ് അദ്ദേഹത്തിന്റെ കുടുംബത്തിന് ശ്ലീഹാ വന്ദനം ചൊല്ലിയത്. 2 തിമോ 1:16 ആ ദിവസത്തിൽ കരുണ കണ്ടെത്തുവാൻ കർത്താവ് സംഗതിയാകട്ടെ എന്ന് പറയുന്നത്. ന്യായവിധിയുടെ സമയത്ത് ദൈവം അദ്ദേഹത്തിൽ കരുണ ചെയ്യട്ടെയെന്ന് അദ്ദേഹത്തിനുവേണ്ടി ശ്ലീഹാ പ്രാർത്ഥിക്കുകയാണ് ചെയ്തത്.

1. തീമോ. 5:4 "വല്ല വിധവയ്ക്കും പുത്രപൗത്രന്മാർ ഉണ്ടെങ്കിൽ അവൻ മുമ്പേ സ്വന്ത കുടുംബത്തിൽ ഭക്തി കാണിച്ച് അമ്മയപ്പൻമാർക്ക് പ്രത്യുപകാരം ചെയ്‌വാൻ പഠിക്കട്ടെ" ഒരു

സ്ത്രീയെ വിധവ എന്ന് വിളിക്കുന്നത് അവളുടെ ഭർത്താവ് മരിച്ച് പോകുമ്പോഴാണല്ലോ. അതകൊണ്ട് വിധവയുടെ മക്കൾക്ക് പിതാവുണ്ടായിരിക്കുകയില്ല. ഇവിടെ 'അമ്മയപ്പന്മാർക്ക്' എന്ന് എഴുതിയിരിക്കുന്നതിൽ നിന്ന് മരിച്ചുപോയ അപ്പന് എന്ത് പ്രത്യുപകാരമാണ് ചെയ്യുവാനുള്ളത്. അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ഓർമ്മ ആചരിക്കുകയുമല്ലാതെ.

വി. ലൂക്കോ. 16 ൽ ധനവാന്റെയും ലാസറിന്റെയും കഥയിൽ മരിച്ച് നരകത്തിൽ പോയ ധനവാൻ അബ്രഹാം പിതാവിനോട് തന്റെ മാതാപിതാക്കൾക്കും സഹോദരങ്ങൾക്കും വേണ്ടി യാചിക്കുകയാണ്. "ഈ ലാസറിനെ ഭൂമിയിലേക്ക് അയക്കണമെയെന്ന്" അതുകൊണ്ട് വാങ്ങിപ്പോയവർ സജീവരാണ് എന്നും അവർക്കുവേണ്ടി ഈ ഭൂമിയിലുള്ളവർക്ക് പ്രാർത്ഥിക്കുവാൻ സാധിക്കും. അതുകൊണ്ട് വാങ്ങിപ്പോയ നമ്മുടെ പൂർവ്വികരെ എല്ലാവരെയും നമുക്ക് ഓർത്ത് പ്രാർത്ഥിക്കാം.

"കരുണ നിറഞ്ഞവനെ പുനരുദ്ധാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കണമെ"

## കൊത്തിനെ ഞായർ 14-02-2021
## (വി. യോഹ. 2:1-11)

യേശുക്രിസ്തു പ്രവർത്തിക്കുന്ന ആദ്യത്തെ അത്ഭുതമാണ് കാനാവിലെ കല്യാണത്തിന് വെള്ളത്തെ വീഞ്ഞാക്കി മാറ്റുന്നത്. വീഞ്ഞ് തീർന്നുപോയ കാര്യം പരി.മാതാവ് പറയുമ്പോൾ അതിന് എനിക്കും നിനക്കും എന്ത്? എന്റെ സമയം ഇതുവരെയും ആയിട്ടില്ല എന്ന് പറഞ്ഞ് യേശു ഒഴിഞ്ഞുമാറുന്നു. എങ്കിലും മാതാവിന്റെ മദ്ധ്യസ്ഥത മുഖാന്തിരം യേശു അത്ഭുതം പ്രവർത്തിക്കുന്നു. കാരണം യോഹന്നാൻ സ്നാപകൻ തടവിൽ ആക്കപ്പെടുന്നതിന് മുമ്പ്, യേശുക്രിസ്തുവിന്റെ പരസ്യ ശുശ്രൂഷ ആരംഭിക്കേണ്ട സമയത്തിന് മുമ്പ് യേശു അത്ഭുതം പ്രവർത്തിക്കുന്നു (യോഹ.3:24).

യിസ്രായേൽ സംസ്കാരത്തിൽ വീഞ്ഞ് സമൃദ്ധിയുടെയും, ഐശ്വര്യത്തിന്റെയും, സന്തോഷത്തിന്റെയും പ്രതീകമാണ്. വിവാഹത്തോടെയാണല്ലോ കുടുംബജീവിതം ആരംഭിക്കുന്നത്. എല്ലാ കുടുംബങ്ങളിലും ആവശ്യമായ കാര്യങ്ങളാണ് സമൃദ്ധിയും, ഐശ്വര്യവും, സന്തോഷവും. വീഞ്ഞ് ഇല്ലാ എന്ന് വരികിൽ ഈ മൂന്ന് കാര്യങ്ങളും ഇല്ലാതെ വരുന്നു എന്നതാണ് ഇതിന്റെ ആന്തരിക അർത്ഥം. ഏത് കുടുംബത്തിലാണോ സമൃദ്ധിയും ഐശ്വര്യവും സന്തോഷവും ഇല്ലാതെ വരുന്നത്. അവർ ക്രിസ്തുവിലേക്ക് നോക്കുക എന്നതാണ് ഈ സംഭവത്തിന്റെ ആന്തരിക അർത്ഥം.

സങ്കീ. 128: 3-4 നിന്റെ ഭാര്യ നിന്റെ വീടിനകത്ത് ഫലപ്രദമായ മുന്തിരിവള്ളിപോലെയും നിന്റെ മക്കൾ നിന്റെ മേശയ്ക്ക് ചുറ്റും ഒലിവ് തൈകൾ പോലെയും ഇരിക്കും. യഹോവ ഭക്തനായ പുരുഷൻ ഇങ്ങനെ അനുഗ്രഹിക്കപ്പെട്ടവനാകും.

ഡോ. എ.പി. ജെ. അബ്ദുൾ കലാം കുട്ടിയായിരുന്നപ്പോൾ ഒരു ദിവസം വൈകുന്നേരം അമ്മ ഭക്ഷണം വിളമ്പുകയാണ്. എല്ലാവർക്കും അമ്മ നല്ല റൊട്ടി വിളമ്പി ഏറ്റവും ഒടുവിലാണ് അച്ചന് വിളമ്പുന്നത്. അത് വിളമ്പിയപ്പോൾ തന്നെ അമ്മ പറഞ്ഞു 'അല്പം കരിഞ്ഞുപോയി ക്ഷമിക്കണം'. അച്ചൻ പറഞ്ഞു 'അതിനെന്താ കരിഞ്ഞത് എനിക്ക് ഇഷ്ടമാണല്ലോ' എന്ന് പറഞ്ഞ് അത് കഴിച്ചു. കുട്ടിയായിരുന്ന അബ്ദുൾ കലാം അത് ശ്രദ്ധിച്ചിരിക്കുകയായിരുന്നു. ഭക്ഷണം കഴിച്ച് എല്ലാവരും ഉറങ്ങുവാൻ പോയപ്പോൾ അബ്ദുൾ കലാം അച്ഛന്റെ പുറകെ ചെന്ന് ചോദിച്ചു 'ശരിക്കും കരിഞ്ഞ റൊട്ടി അച്ഛന് ഇഷ്ടമാണോ' ആ പിതാവ് മകനെ വാത്സല്യത്തോടെ കോരിയെടുത്ത് കവിളിൽ ഒരു ഉമ്മകൊടുത്ത് സ്നേഹത്തോടെ പറഞ്ഞു 'മോനത് ഇതുവരെയും മറന്നില്ലേ, മോനെ അമ്മ രാവിലെ മുതൽ സന്ധ്യവരെയും എത്ര മാത്രം കഷ്ടപ്പെടുന്നതാണ്. അങ്ങനെ വൈകുന്നേരമാകുമ്പോൾ ക്ഷീണിച്ച് വരുന്ന അമ്മയെ വീണ്ടും നാം ദുഃഖിപ്പിക്കാമോ? ഒരു റൊട്ടി അല്പം കരിഞ്ഞെന്നുവച്ച് എന്ത് സംഭവിക്കാനാ? ഈ ഭൂമിയിൽ കുറ്റമറ്റതായി ആരും ഇല്ല, കുറ്റമറ്റതായി യാതൊന്നും ഇല്ല. മാത്രമല്ല ശരീരത്തിൽ ഒരു മുറിവ് ഉണ്ടായാൽ അത് വളരെ വേഗത്തിൽ ഉണങ്ങും. എന്നാൽ വാക്കുകൾകൊണ്ട് ഹൃദയത്തിൽ ഒരു മുറിവുണ്ടായാൽ ഉണങ്ങാൻ പ്രയാസമാണ്' കുടുംബത്തിൽ ഭാര്യയും ഭർത്താവും എപ്രകാരം ആയിരിക്കണം എന്ന് ഈ കഥ നമ്മെ ഓർമ്മപ്പെടുത്തുന്നു.

വലിയനോമ്പ് ആരംഭിക്കുന്ന ദിവസങ്ങൾ അടുത്തിരിക്കുന്ന ഈ സമയത്ത് നാം സ്വയം ചിന്തിക്കുക. നമ്മുടെ വീട്ടിലെ വാത്സ്യത്തിന്റെ വീഞ്ഞ്, സ്നേഹത്തിന്റെ വീഞ്ഞ്, സന്തോഷത്തിന്റെ വീഞ്ഞ്, പരസ്പര വിശ്വാസത്തിന്റെ വീഞ്ഞ് തീർന്നു പോയിട്ടുണ്ടോ? എങ്കിൽ ക്രിസ്തുവിലേക്ക് നോക്കുക. അവന് മാത്രമെ അത് നികത്തുവാൻ സാധിക്കുകയുള്ളൂ. ●

# തിരുസ്നേഹം

വിജിമോൾ മാത്യു, അമ്പലപാട്ട്, തിരുവൻവണ്ടൂർ

ഒരു വട്ടം കൂടിയെൻ ദേവാലയത്തിന്റെ
പടികൾ ചവിട്ടുവാൻ മോഹം
എന്നിടവക പള്ളിയിലെ യാഗപീഠത്തിന്റെ

കൊമ്പുകൾ കാണാൻ മോഹം....
കൊമ്പുകൾ കാണാൻ മോഹം....

എൻ പാപങ്ങളെല്ലാം ഒന്ന് ഏറ്റു പറഞ്ഞ്
കുമ്പസാരിക്കുവാൻ മോഹം
ദേവാലയത്തിലെ തിരുബലിയിൽ ചെന്ന്
പങ്കാളിയാകുവാൻ മോഹം.... (2)

എന്നാത്മീയ ഗുരുവിന്റെ വദനത്തിൽ നിന്നുള്ള
ഭാഷണം കേൾക്കുവാൻ മോഹം
എന്നേശുനാഥന്റെ തിരുസന്നിധിയിൽ ചെന്ന്
ഏങ്ങലടിയ്ക്കുവാൻ മോഹം.......(2)

എന്നേശു നാഥനെ ഒരു വട്ടം കൂടൊന്ന്
ഉള്ളത്തിൽ കൈക്കൊൾവാൻ മോഹം...
എന്നാലയത്തിലെ പൊലിയാ വിളക്കിൽ
ഒന്ന് എണ്ണ ഒഴിക്കുവാൻ മോഹം.......(2)

ഒരു വട്ടം കൂടി ആ കാണിയ്ക്ക വഞ്ചിയിൽ
നേർച്ച അർപ്പിക്കുവാൻ മോഹം....
എൻ മോഹങ്ങളെല്ലാം സഫലമായീടുവാൻ
കൃപ ഏകണമേ നാഥാ......
കൃപ ഏകണമേ നാഥാ......
കൃപ ഏകണമേ നാഥാ...... ●

# അദ്ധ്വാനിച്ചാൽ അഭിമാനിക്കാം

റ്റി.സി. തോമസ് തോപ്പിൽ (ക്നാനായ കമ്മിറ്റി അംഗം)

ഒരു വലിയ കെട്ടിടത്തിന്റെ മുകളിലത്തെ നിലയിൽ ഒരു വലിയ ധനികനും താഴത്തെ നിലയിൽ ഒരു തയ്യൽക്കാരനും താമസിച്ചിരുന്നു. തയ്യൽക്കാരൻ സദാ പാട്ടുപാടി ആസ്വദിച്ചാണ് തന്റെ ജോലി ചെയ്തിരുന്നത്. അദ്ദേഹം വളരെ ഉല്ലാസവാനായിരുന്നു. പൊതുവെ ഉറക്കം കുറവായ ധനികന് തയ്യൽക്കാരന്റെ പാട്ടും കൂടെ ആയപ്പോൾ ഉറക്കത്തിനു കൂടുതൽ തടസ്സമായി. അയാൾ തയ്യൽക്കാരനെ വിളിച്ച് ഒരു വലിയ തുക കൊടുത്തു "ഇതുകൊണ്ടു സുഖമായി ജീവിക്കുക. ഇനി തയ്യൽ ജോലി ചെയ്യണ്ട" എന്നു പറഞ്ഞു.

തയ്യൽക്കാരൻ പണക്കാരനായതോടെ തയ്യൽ നിർത്തി. പാട്ടും നിന്നു ഉറക്കവും കുറഞ്ഞു. അയാൾക്ക് അദ്ധ്വാനിച്ചിരുന്നപ്പോൾ ലഭിച്ചിരുന്ന മന:സുഖം എവിടെയോ നഷ്ടപ്പെട്ടു. തന്റെ വിലപിടിപ്പുള്ള പണസഞ്ചിയും മറ്റും ആരെങ്കിലും അപഹരിക്കുമോ എന്ന ആശങ്ക അയാളുടെ മനസ്സിനെ കലുഷിതമാക്കി. വലിയ അസ്വസ്ഥത അയാളെ അലട്ടികൊണ്ടിരുന്നു. കുറെ ആഴ്ചകൾ പിന്നിട്ടപ്പോൾ തയ്യൽക്കാരൻ പണക്കാരന്റെ അടുത്തുചെന്ന് പണം തിരികെ കൊടുത്ത ശേഷം ഇങ്ങനെ പറഞ്ഞു "എന്നെ ജോലി ചെയ്യാനും പാടാനും അനുവദിക്കുക ഇത് എനിക്കു വലിയ മുഷിച്ചിലാണ് "തയ്യൽക്കാരൻ വീണ്ടും പഴയ പണിയിലേക്കു പോയി. അതാണ് അയാൾക്കു സംതൃപ്തിയും അഭിമാനവും നൽകിയത്. യഹോവയായ ദൈവം മനുഷ്യനെ കൂട്ടിക്കൊണ്ടുപോയി ഏദൻതോട്ടത്തിൽ വേല ചെയ്യുവാനും അതിനെ കാപ്പാനും അവിടെ ആക്കി എന്നു നാം വി.വേദപുസ്തകത്തിൽ പഠിക്കുന്നു.




അദ്ധ്വാനവും സംതൃപ്തിയും ഒരു നാണയത്തിന്റെ രണ്ടു വശങ്ങളാണ്. സഹയാത്രികരാണ്. അദ്ധ്വാനത്തിൽ നിന്നു ലഭിക്കുന്ന ആനന്ദവും ആസ്വാദനവും അഭിമാനവും മനുഷ്യന്റെ സംതൃപ്തിയുടെ മാറ്റു വർദ്ധിപ്പിക്കുന്നു. അദ്ധ്വാനം എന്നു പറയുമ്പോൾ എന്തെങ്കിലും ഭാരിച്ച ചുമടു തലയിൽ വച്ചു നടക്കുന്നതോ തൂമ്പാ കൊണ്ടു കിളച്ചു മറിക്കുന്നതോ വിറകുവെട്ടി കീറുന്നതോ തുടങ്ങിയ കഠിനമായ കായികാദ്ധ്വാനം മാത്രമല്ലല്ലോ. അദ്ധ്വാനം അസ്വസ്ഥതകൾ ഉണ്ടാക്കിയേക്കാം.എന്നാൽ അതിന്റെ പ്രതിഫലം എപ്പോഴും ആനന്ദവും അഭിമാനവും പകരുന്നു. ബ്രിട്ടീഷ് പ്രധാനമന്ത്രിയായിരുന്ന വിൻസ്റ്റൻ ചർച്ചിൽ വിദ്യാർത്ഥിയായിരുന്നപ്പോൾ വിക്കനും ഗണിതശാസ്ത്രത്തിൽ വളരെ പിന്നിലും ആയിരുന്നു. എങ്കിലും നിരാശനാകാതെ സ്ഥിരോത്സാഹത്തോടെ അദ്ദേഹം പരിശ്രമിച്ചു. അദ്ദേഹം ബ്രിട്ടനിലെ ധനകാര്യമന്ത്രിയും പിന്നീടു പ്രധാനമന്ത്രിയും മികച്ച പ്രാസംഗികനുമായി മാറി. ബ്രിട്ടീഷ് പാർലമെന്റിൽ അദ്ദേഹം നടത്തിയ പ്രഭാഷണത്തിൽ ഇപ്രകാരം പറഞ്ഞു "കഠിനാദ്ധ്വാനവും കണ്ണീരും വിയർപ്പുമല്ലാതെ മറ്റൊന്നും എനിക്കു നൽകുവാനില്ല". ജീവിതവിജയം നേടുക, ധനം സമ്പാദിക്കുക തുടങ്ങിയ ഒട്ടേറെ ജീവിതാഭിലാഷങ്ങളുടെ ഉടമയാണ് യുവാക്കൾ. എന്നാൽ ലക്ഷ്യപ്രാപ്തിക്കുള്ള മാർഗ്ഗങ്ങളെ സംബന്ധിച്ചുള്ള അജ്ഞതകൊണ്ടും വിയർപ്പൊഴുക്കുന്നതിനും ത്യാഗം സഹിക്കുന്നതിനുള്ള വിമുഖത കൊണ്ടും പലർക്കും ലക്ഷ്യത്തിലെത്തി അഭിമാനിക്കാൻ സാധിക്കുന്നില്ല. അദ്ധ്വാനത്തിലൂടെ എന്തുകിട്ടും എന്നുള്ളതുപോലെ പ്രധാനമാണ് എന്തായിത്തീരും എന്നുള്ള കാര്യവും. നമ്മളെല്ലാവരും പുതുവർഷത്തിൽ പ്രതിജ്ഞകൾ എടുക്കാറുണ്ട്. പക്ഷേ അപൂർവ്വമായിട്ടു മാത്രമേ പാലിക്കാറുള്ളൂ. നമ്മുടെ പ്രതിജ്ഞകൾ പലപ്പോഴും വേണ്ടത്ര വിചാരമില്ലാതെയും വികാരത്തള്ളലിലും ആയതിനാലാണ് ഇങ്ങനെ സംഭവിക്കുന്നത്. വ്യക്തമായ ലക്ഷ്യവും സുവ്യക്തമായ ആസൂത്രണവും നേടാനുള്ള ദൃഢനിശ്ചയവും അദ്ധ്വാനിക്കാനുള്ള മനോഭാവവും ഉണ്ടെങ്കിൽ അഭിമാനകരമായ നേട്ടം കൈവരിക്കാൻ ഏതു സാധാരണക്കാരനും സാധിക്കും. കത്തിയുരുകുന്ന മെഴുകുതിരികൾക്കു മാത്രമെ പ്രകാശം ചൊരിയുവാൻ സാധിക്കുകയുള്ളു.

പ്രയത്നം ആരാധനയാണ് (Work is workship) എന്ന മൊഴി പ്രസിദ്ധം. ജന്മവാസനയില്ലെങ്കിൽ കലാകാരൻ ഒന്നുമല്ല. പക്ഷേ പ്രയത്നം മിക്കപ്പോഴും കഠിനമല്ലെന്നുള്ളതാണ് വാസ്തവം. നിസ്സാരകാര്യം പോലും നമുക്കു താല്പര്യമില്ലെങ്കിൽ കഠിനമെന്നു തോന്നും. കൂടുതൽ നേരം ജോലി

ചെയ്യുന്നവരാണ് കഠിനപ്രയത്നം ചെയ്യുന്നതെന്നു പൊതു ധാരണയുണ്ട്. പക്ഷെ നിശ്ചിത സമയത്തിനുള്ളിൽ കാര്യക്ഷമമായി കൂടുതൽ ചെയ്തുതീർക്കുന്നതിലാണു അദ്ധ്വാനത്തിന്റെ വിജയം. ജോലി കൂടുതൽ ചെയ്യുന്നതുവഴി നമുക്കു കുഴപ്പമുണ്ടാവുകയില്ല. വിയർപ്പിൽ മുങ്ങിമരിച്ചവരില്ലെന്ന മൊഴി ഇക്കാര്യം മനോഹരമായി വ്യക്തമാക്കുന്നു. കുരിശില്ലാതെ കിരീടം ഇല്ല. അദ്ധ്വാനത്തിന്റെ ഫലമായി മനുഷ്യൻ കൂടുതൽ ശക്തനാകുന്നു എന്നത് ജീവിതത്തിന്റെ ഒരു വിസ്മയമാണ്. ഭൂമിയിലെ ഏറ്റവും മോശമായ കാര്യം നമ്മുടെ വിയർപ്പുവീഴാത്ത സ്വത്താണെന്നു ഗാന്ധിജി പറഞ്ഞിട്ടുണ്ട്.

എന്താണ് അദ്ധ്വാനത്തിലെ സംതൃപ്തിയും അഭിമാനവും അർപ്പണ മനോഭാവത്തോടെ ചെയ്യുന്ന ഏതു തൊഴിലിലും വിജയം കൈവരിക്കുമ്പോൾ ആ വ്യക്തിക്കു ലഭിക്കുന്ന മാനസിക സന്തോഷമാണ് യഥാർത്ഥവിജയം. അതു പല മേഖലകളിൽ പ്രവർത്തിക്കുന്നവരിൽ വ്യത്യസ്തമായിരിക്കും. തന്റെ ജോലിയോടു തികച്ചും നീതിപുലർത്തുന്ന ഒരദ്ധ്യാപകനെ സംബന്ധിച്ചിടത്തോളം തന്റെ വിദ്യാർത്ഥികൾ ഉയർന്ന വിജയം കൈവരിക്കുമ്പോൾ ലഭിക്കുന്ന സംതൃപ്തി തന്റെ അദ്ധ്വാനത്തിന്റെ വിലയാണ്. ഒരു വിദ്യാർത്ഥി കഷ്ടപ്പെട്ടു നേടുന്ന മികച്ച വിജയം ആ വിദ്യാർത്ഥിയുടെ അദ്ധ്വാനത്തിന്റെ അംഗീകാരമാണ്. തന്റെ മുൻപിൽ വരുന്ന ഒരു രോഗിയുടെ യഥാർത്ഥ രോഗനിർണ്ണയം ക്ഷമയോടെ നടത്തി ഫലപ്രദമായ ചികിത്സവിധിയിലൂടെ രോഗമുക്തി നേടിക്കൊടുക്കുമ്പോൾ ഒരു ഡോക്ടർക്കു തന്റെ സേവനത്തിൽ അഭിമാനിക്കാം. വർഷങ്ങളും മാസങ്ങളും നീളുക കഠിന കായിക പരിശീലനത്തിനുശേഷം ദേശീയ അന്തർദേശീയ കായിക മത്സരങ്ങളിൽ പങ്കെടുത്ത് രാജ്യത്തിനുവേണ്ടി മെഡൽ നേടുന്ന കായിക പ്രതിഭകൾ അവരുടെ പരിശീലനത്തിന്റെയും വിയർപ്പിന്റെയും കഠിനാദ്ധ്വാനത്തിന്റെയും ഫലമായി രാജ്യത്തിന് അഭിമാനമായി മാറുന്നു. മികച്ച കഥാപാത്രങ്ങളെ സ്വാഭാവിക അഭിനയത്തികവിലൂടെ അനശ്വരമാക്കി പ്രേക്ഷകരുടെ മനസ്സിൽ എന്നും പച്ചപിടിച്ചുനിൽക്കുന്ന സിനിമാ നടീനടന്മാർ, ചിത്രകാരൻമാർ, ശില്പികൾ, നൂതനസാങ്കേതിക വിദ്യകൾകൊണ്ട് വിസ്മയം തീർക്കുന്ന എഞ്ചിനിയർമാർ, മികച്ച കുറ്റാന്വേഷണം നടത്തുന്ന പോലീസ് ഓഫീസർമാർ, ശാസ്ത്രജ്ഞർ, അഭിഭാഷകർ, താൻ വിൽക്കുന്ന ഉല്പന്നത്തിന്റെ ഗുണമേന്മകൾ ഉപഭോക്താക്കളെ ബോദ്ധ്യപ്പെടുത്തി വില്പനയിൽ വൻവിജയം കൈവരിക്കുന്ന സെയിൽസ്മാൻ തുടങ്ങി സമൂഹത്തിലെ വ്യത്യസ്ഥവും ചെറുതും വലുതുമായ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ളവരാണ്. ജീവിതം ഒരു യന്ത്രംപോലെയാണ് പ്രവർത്തിപ്പിച്ചില്ലെങ്കിൽ തുരുമ്പെടുത്ത് നശിച്ചുപോകും. ഇതിൽ ഏതാണ് ഉത്തമം എന്നു നാം ചിന്തിക്കുക.

വർഷങ്ങൾക്കുമുൻപ് മദ്ധ്യകേരളത്തിൽ നിന്നും സംസ്ഥാനത്തിന്റെ മലയോരമേഖലകളിലേക്ക് ജീവിതം നട്ടുപിടിപ്പിക്കാനായി കുടിയേറിയ കർഷകമിത്രങ്ങളുടെ അദ്ധ്വാനത്തിന്റെ സാഹസിക കഥകൾ നമുക്ക് ആവേശം പകരുന്നതാണ്. മണ്ണിനോടും മലമ്പാമ്പിനോടും കാട്ടാനകളോടും, കാട്ടുപന്നിയോടും മല്ലടിച്ച് അദ്ധ്വാനത്തിന്റെ വിയർപ്പുകൊണ്ടു നനച്ചു മരുപ്രദേശങ്ങളെ കനം വിളയുന്ന മലർവാടികളാക്കി മാറ്റിയവർ അദ്ധ്വാനത്തിലൂടെ അഭിമാനത്തിന്റെ വിജയപതാക പാറിച്ചവരാണ്. അദ്ധ്വാന വർഗ്ഗത്തിന്റെ ഉത്തമ മാതൃകകളാണ്. അദ്ധ്വാനിക്കുക എന്നുള്ളത് ദൈവനിയോഗവും ദൈവകല്പനയുമാണ്. ഏതു തൊഴിലും മഹത്വമുള്ളതായിത്തീരുന്നത് അതിലുള്ള സമർപ്പണബോധമാണ്.

●



# മലർവാടിക്കൂട്ടം

'പാമ്പിന് നല്ല കോളായിരുന്നു. ഇനി രണ്ടു ദിവസത്തേക്ക് ആഹാരം കിട്ടിയില്ലെങ്കിലും സാരമില്ല. എവിടെയെങ്കിലും ഒന്നു ചുരുണ്ടു കിടക്കണം. അടുത്തുകണ്ട മരപ്പൊത്തിലേക്ക് പാമ്പ് ഇഴഞ്ഞു കയറി. അവിടെ ഉണ്ടായിരുന്ന കടുന്നലിന് അത് ഇഷ്ടമായില്ല. അത് പാമ്പിന്റെ തലയിൽ ഒരു കുത്തു കൊടുത്തു. പാമ്പ് പടം വിടർത്തി ഒന്നു ചീറി. കടുന്നലിന് അത് കൂടുതൽ സൗകര്യമായതേയുള്ളു. വിടർത്തിയ പത്തിയില ങ്ങോളമിങ്ങോളം, അത് മാറി മാറി കുത്തിയപ്പോൾ പാമ്പ് ഗത്യന്തരമില്ലാതെ പുറത്തിറങ്ങി ഓടി. അപ്പോഴും കടുന്നൽ വിട്ടില്ല. അത് പാമ്പിന്റെ പത്തിയിൽ കടിച്ച്പിടിച്ച് ഇരിപ്പായി. അപ്പോൾ ആ വഴിയിലൂടെ ഒരു കാളവണ്ടി വരുന്നുണ്ടായിരുന്നു. പാമ്പ് മറ്റൊന്നും ആലോചിച്ചില്ല. സ്വന്തം ജീവൻ കളഞ്ഞും കടുന്നലിനെ കൊല്ലുവാൻ തീരുമാനിച്ചുകൊണ്ട് അത് വണ്ടിചക്രത്തിനടിയിൽ തല വെച്ചു കൊടുത്തു.

(സ്വന്തം ജീവനെ ബലികൊടുത്തും ചിലർ ശത്രുവിനെ വക വരുത്തുന്നു.)

സസ്നേഹം
കൊച്ചേട്ടൻ

## തെരഞ്ഞടുത്തു



വൈ. എം. സി. എ. കോട്ടയം സബ് റീജിയൻ ചെയർമാനായി **ലിജോ ഏബ്രഹാം പാറെകുന്നുംപുറത്തെ** തെരഞ്ഞെടുത്തു. ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ ക്നാനായപള്ളി ഇടവകാംഗമാണ്.


# ബർട്രന്റ് റസ്സൽ- വ്യത്യസ്തനായ തത്വജ്ഞാനി



**എബി**

ഇരുപതാം നൂറ്റാണ്ടു കണ്ട ഏറ്റവും വലിയ തത്വജ്ഞാനിയായിരുന്നു ബർട്രന്റ് റസൽ. ശരിയായ പേര് ബർട്രന്റ് ആർതർ വില്ല്യംസ് റസൽ. തത്വജ്ഞാനത്തിൽ മാത്രമല്ല ഗണിത ശാസ്ത്രത്തിലും തർക്കശാസ്ത്രത്തിലും അദ്ദേഹം പ്രാവീണ്യം നേടിയിരുന്നു. ഇംഗ്ലണ്ടിൽ ജനിച്ച് അമേരിക്കയിലും ഇൻഡ്യയിലും റഷ്യയിലും ചൈനയിലും തത്വശാസ്ത്രം പഠിപ്പിച്ച് ലോകമൊട്ടുക്ക് ശിഷ്യരെയും വായനക്കാരെയും സൃഷ്ടിക്കാൻ ജീവിതകാലത്തു തന്നെ റസലിന് കഴിഞ്ഞു. മഹായുദ്ധങ്ങളുടെ ചോരക്കൊതിയും സാമ്രാജ്യ ശക്തികളുടെ പതനവും അദ്ദേഹം കണ്ടറിഞ്ഞു. ആണവ യുദ്ധങ്ങൾക്കെതിരെ ശബ്ദമുയർത്തിയ ആദ്യകാല വക്താക്കളിൽ പ്രമുഖനായിരുന്നു റസൽ. സ്വാതന്ത്ര്യമാണ് പരമമായ നന്മ. അതില്ലാതെ വ്യക്തിത്വ വികസനം അസാധ്യമാണ്. സ്വതന്ത്രമായ ചിന്തയിലും ആശയ പ്രകാശനത്തിലും സംവാദത്തിലും കൂടി മാത്രമേ സത്യസ്ഥിതി വെളിച്ചം കാണു എന്ന് അദ്ദേഹം വിശ്വസിച്ചു. അതിനായി എഴുതുകയും പ്രസംഗിക്കയും ചെയ്തു.

കേം ബ്രിഡ്ജിലെ ട്രിനിറ്റി കോളജിൽ പഠിച്ച് 21-ാം വയസ്സിൽ ബിരുദം നേടി. 23-ാം വയസിൽ ഫെലോഷിപ്പും ലഭിച്ചു. 36-ാം വയസിൽ റോയൽ സൊസൈറ്റിയിൽ അംഗമായി. പണ്ഡിതന്മാർക്കിടയിൽ സ്ഥാനമുറപ്പിച്ചു. അപ്പോഴും അനീതിക്കെതിരെ പ്രതികരിക്കാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല. ഒന്നാം ലോകമഹായുദ്ധകാലത്ത് സ്വന്തം രാജ്യത്തിന്റെ യുദ്ധക്കൊതിക്കെതിരെ ശക്തമായി പ്രതികരിച്ച റസലിന് ട്രിനിറ്റി കോളജിലെ അദ്ധ്യാപകജോലി നഷ്ടപ്പെട്ടു. 6 മാസം ജയിലിലാകയും ചെയ്തു.



1872-മെയ് 18-ന് ബ്രിട്ടനിലെ ഒരു കുലീന കുടുംബത്തിൽ വിസ്ക്കൗണ്ട് അംബർലിയുടെയും കാതറിന്റെയും മകനായി റസൽ ജനിച്ചു. ആഭിജാത്യ കുടുംബത്തിലാണ് ജനിച്ചതെങ്കിലും റസലിന്റെ ബാല്യം ദുഃഖപൂർണ്ണമായ ഒറ്റപ്പെടലിലൂടെയാണ് കഴിഞ്ഞു കൂടിയത്. 2 വയസുള്ളപ്പോൾ അമ്മയും പെങ്ങളും മരിച്ചു. പിന്നീട് 18 മാസം കഴിഞ്ഞ് അച്ഛനും മരണമടഞ്ഞു. അതിനുശേഷം വല്ല്യപ്പന്റെയും വല്ല്യമ്മയുടെയും സംരക്ഷണയിലാണ് റസലും സഹോദരൻ ഫ്രാങ്കും വളർന്നത്. പ്രാഥമിക വിദ്യാഭ്യാസം വീട്ടിൽ തന്നെയായിരുന്നു. അത് മറ്റു കുട്ടികളിൽ നിന്നും അകന്നു കഴിയാൻ കാരണമായി.

1886-ൽ അദ്ദേഹം ഡോറായെ കല്യാണം കഴിച്ചു. പിന്നിട് മൂന്നു വിവാഹങ്ങൾകൂടി കഴിച്ചു. എഡിത്ത് ഫിൻച്, പാട്രീഷ്യാ സ്പെൻസ്, ആലീസ് പിയർസെൽ സ്മിത്ത് എന്നിവരായിരുന്നു മറ്റു ഭാര്യമാർ. നാല് ആൺമക്കളും കാതറിൻ എന്ന മകളും അദ്ദേഹത്തിനുണ്ട്.

1890-ൽ കേംബ്രിഡ്ജിലെ ട്രിനിറ്റി കോളജിൽ പഠനത്തിനു ചേർന്നു. കണക്കും ഫിലോസഫിയുമായിരുന്നു വിഷയങ്ങൾ. 1894-ൽ ബിരുദമെടുത്തു 1895-ൽ ഫെലോഷിപ്പ് ലഭിച്ചു. അപ്പോൾ റസലിന്റെ പ്രായം 23 വയസു മാത്രം. 36-ാം വയസിൽ പ്രശസ്തമായ റോയൽ സൊസൈറ്റിയിൽ അംഗമാകാനും കഴിഞ്ഞു. ഇതിനാൽ ബർലിൻ യൂണിവേഴ്സിറ്റിയിൽ സാമ്പത്തിക ശാസ്ത്രത്തെക്കുറിച്ച് പ്രഭാഷണങ്ങൾ നടത്തി.

ഗണിത ശാസ്ത്രം റസലിനെന്നും പ്രിയപ്പെട്ടതായിരുന്നു. തത്വശാസ്ത്രത്തെ ഗണിതവുമായി ബന്ധിപ്പിക്കുന്നതായിരുന്നു അദ്ദേഹത്തിന്റെ ചിന്താധാര. 'പ്രിൻസിപ്പിയ മാത്തമാറ്റിക്ക്' എന്ന വിഖ്യാതഗ്രന്ഥത്തിൽ ഗണിതം ലോജിക്കിൽനിന്നാണ് സൃഷ്ടിക്കപ്പെടുന്നത് എന്ന് അദ്ദേഹം സമർത്ഥിച്ചു.

1961 സെപ്റ്റംബറിൽ ആന്റി ന്യൂക്ലിയർ ഡെമോസ്ട്രേഷൻ സംഘടിപ്പിച്ചതിന് റസലിന് 7 ദിവസത്തേക്ക് ജയിൽശിക്ഷ വിധിച്ചു. ഭാവിയിൽ നല്ല നടപ്പിന് ഉറപ്പു തരാമെങ്കിൽ ശിക്ഷ ഒഴിവാക്കമെന്ന് മജിസ്ട്രേറ്റ് പറഞ്ഞു. റസലിന്റെ മറുപടി 'നോ' എന്നായിരുന്നു. റസൽ അഭിമാനത്തോടെ ജയിലിൽ പോയി.

2-ാം ലോക മഹായുദ്ധത്തിനു ശേഷം ആണവ നിർവ്യാപനത്തിനായുള്ള 'പഗ്വാഷ്' അന്തർദേശീയ കോൺഫ്രൻസിന്റെ അദ്ധ്യക്ഷനായി റസൽ ചുമതലയേറ്റു. മാതൃരാജ്യമെന്നോ വിദേശ രാജ്യമെന്നോ നോക്കാതെ എല്ലാ യുദ്ധങ്ങൾക്കെതിരെയും അദ്ദേഹം ശക്തമായി പ്രതികരിച്ചു.

അനേകം പുസ്തകങ്ങളും പ്രബന്ധങ്ങളും റസൽ രചിച്ചിട്ടുണ്ട്. ഏറ്റവും പ്രധാനപ്പെട്ടതും പ്രശസ്തമായതും 'Principia Mathematica' ആണ്. The Problems of Philosophy, A History of Western Philosophy, The comquesy of happiness എന്നീ രചനകളും അദ്ദേഹത്തിന്റെ, തൂലികയിൽ പിറന്നതാണ്. 1949 ൽ 'order of merit അവാർഡിന് അദ്ദേഹം അർഹനായി. 1950-ൽ സാഹിത്യത്തിനുള്ള നോബൽ സമ്മാനവും ലഭിച്ചു.

തർക്ക ശാസ്ത്രജ്ഞൻ, തത്വജ്ഞാനി, ഗണിതശാസ്ത്രജ്ഞൻ, സാഹിത്യകാരൻ എന്നീ നിലകളിൽ ഒരു ബഹുമുഖ പ്രതിഭയായിരുന്ന റസൽ വലിയൊരു മനുഷ്യസ്നേഹികൂടി ആയിരുന്നു. അതുകൊണ്ടാണ് 89-ാം വയസിലും മാനവികതക്കുവേണ്ടി സിവിൽ നിയമലംഘനം സംഘടിപ്പിച്ച് അദ്ദേഹം ചുറുചുറുക്കോടെ ജയിൽ കയറിയത്.

സൂര്യനസ്തമിക്കാത്ത വിക്ടോറിയൻ ഇംഗ്ലണ്ടിന്റെ പുത്രനായ ആ മഹാപ്രതിഭ 1970 ഫെബ്രുവരി 2-ന് ഈ ലോകത്തോടു വിട പറഞ്ഞു. മാനവികതയുടെ ഒരു നൂതന തത്വശാസ്ത്രം ലോകത്തിനു മുമ്പിൽ തുറന്നിട്ടുകൊണ്ടാണ് ബർട്രന്റ് റസൽ അന്തരിച്ചത്. ●

# മാർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ്

ക്നാനായ അതിഭദ്രാസനത്തിലെ സമർത്ഥരും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരുമായ വിദ്യാർത്ഥികളെ സഹായിക്കുന്നതിന് ആരംഭിച്ച മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റിൽ നിന്നും നിലവിൽ 55 ഇടവകകളിലെ 654 വിദ്യാർത്ഥികൾക്ക് 2,48,92414 രൂപാ നൽകിയിട്ടുണ്ട് അതിൽ പഠനം പൂർത്തിയായി ജോലിയിൽ പ്രവേശിച്ചിട്ടും തിരിച്ചടയ്ക്കുവാനുള്ളത് 80 ലക്ഷം രൂപയാണ്. കാലാവധി കഴിഞ്ഞും ഈ തുക തിരിച്ചടയ്ക്കാത്തതിനാൽ അർഹരായ ധാരാളം കുട്ടികൾക്ക് സാമ്പത്തിക സഹായം നൽകുവാൻ സാധിക്കുന്നില്ല. ഇപ്പോൾ കോവിഡിന്റെ പശ്ചാത്തലം കൂടി ആയതിനാൽ പള്ളികളിൽ നിന്നും വ്യക്തികളിൽ നിന്നുമുള്ള സംഭാവനകൾ സ്വീകരിക്കുവാനും സാധിക്കുന്നില്ല. ആയതുകൊണ്ട് വായ്പത്തുക കാലാവധി കഴിഞ്ഞിട്ടും തിരിച്ചടക്കാത്തവരുടെ ലിസ്റ്റ് ഖണ്ഡശ്ശ പ്രസിദ്ധീകരിക്കുകയാണ്.

വായ്പത്തുക തിരിച്ചടയ്ക്കാനുള്ളവർ നേരിട്ടോ ബാങ്ക് മുഖേനയോ തിരികെ അടയ്ക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

എക്സിക്യൂട്ടീവ് ട്രസ്റ്റികൾ

**ഫാ.എ.പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ** **ശ്രീ.തോമസ് ജോൺ കുളങ്ങര**

**മോർ സേവേറിയോസ് എഡ്യുക്കേഷൻ ട്രസ്റ്റ്, മോർ അപ്രേം സെമ്മിനാരി, ചിങ്ങവനം, കോട്ടയം**
**SBI Chingavanam Acc. No. 57004254347, IFSC SBIN 0070128**

**ആനപ്രാമ്പാൽ സെന്റ് മേരീസ് പള്ളി**

| | |
|---|---|
| സിനി സ്ക്കറിയാ അഞ്ചിൽ, എടത്വ | 20,000.00 |
| ജിബിൻ ചെറിയാൻ, അഞ്ചിൽ, പച്ച | 20.000.00 |

**അഞ്ചാനി സെന്റ് ജോർജ് പള്ളി**

| | |
|---|---|
| നവീൻ തോമസ് പാരുമലയിൽ, ചെറുകുളഞ്ഞി | 7,000.00 |
| ഗ്രീഷ്മാ റാണി തോമസ്, പാരുമലയിൽ, | 10,000.00 |
| അസ്കാ ഏബ്രഹാം, ഇടയാടിയിൽ, റാന്നി | 10,000.00 |

**ഐത്തല സെന്റ് കുറിയാക്കോസ് പള്ളി**

| | |
|---|---|
| ലിപ്പി എം. മാത്യു, മധുരംകോട്ട് | 10,000.00 |
| മഞ്ജുനാ മർക്കോസ്, പാറയ്ക്കുന്നേൽ, റാന്നി | 5,000.00 |
| ബിന്റാ മാത്യു, ഇടയപറമ്പിൽ | 11,000.00 |
| ആനി പ്രസാദ് കുടയ്ക്കനാൽ | 10,000.00 |
| കുറിയാക്കോസ് ഏബ്രഹാം കക്കുഴിയിൽ | 10,000.00 |
| ജോബി പി. രാജൻ പുളിനിൽക്കുംപറമ്പിൽ | 25,000.00 |
| ജോമോൾ ഏബ്രഹാം കക്കുഴിയിൽ | 25,000.00 |
| മിഥിൻ കെ. ജോസ് കിഴക്കേമുറിയിൽ കളത്തിൽ | 25,000.00 |
| അബു പി. ജെയിംസ്, പുളിനിൽക്കുംപറമ്പിൽ | 10,000.00 |
| ബിയാ ബാബു, കാവുങ്കൽ, ഐത്തല റാന്നി | 10,000.00 |

**ചാന്നാനിക്കാട് സെന്റ് മേരീസ് ജെറുശലേംപള്ളി**

| | |
|---|---|
| ജോമോൻ എം.പി. മുണ്ടയാട്ടുകറയിൽ | 10,000.00 |
| ജസ്റ്റിൻ ചാക്കോ ഇല്ലത്തുപറമ്പിൽ | 10.000.00 |
| ചിന്നു സൂസൻ ജെയിംസ് കാരിമറ്റത്തിൽ | 10,000.00 |
| ജുഫിൻ ജോസഫ്, കാരിമറ്റത്തിൽ | 10,000.00 |
| മീതു അന്നാ രാജു കുര്യൻപറമ്പിൽ | 10,0000.00 |
| സുബിൻ കുറിയാക്കോസ് കുര്യൻപറമ്പിൽ | 15,000.00 |
| ചിഞ്ചു കെ. ജോസ് കുര്യൻപറമ്പിൽ | 25,000.00 |
| ചിഞ്ചു ജെയിംസ് കാരിമറ്റത്തിൽ | 25,000.00 |

**ചെങ്ങളം സെന്റ് മേരീസ് സെഹിയോൻപള്ളി**

| | |
|---|---|
| മീനു ജേക്കബ്, ചിലമ്പട്ടുശ്ശേരിൽ | 15,000.00 |
| സൈനിയാ സൂസൻ പി.ചെറിയാൻ | |
| പാറേകുന്നുംപുറത്ത് | 10,000.00 |
| ലിന്റാമോൾ എം.സണ്ണി, മേനാംപറമ്പിൽ | 35,000.00 |
| ചിന്നു ഫിലിപ്പ്, അട്ടിച്ചിറ | 40,000.00 |
| അഖിൽ സാബു, പാറേകുന്നുംപുറത്ത് | 45,000.00 |
| സച്ചു ചെറിയാൻ, പാറേകുന്നുംപുറത്ത് | 20,000.00 |
| ബിറ്റുമോൾ ബിജു, മേനോൻപറമ്പിൽ | 35.000.00 |
| ജുബിൻ ചാക്കോ, കൊച്ചുപറമ്പിൽ | 15,000.00 |

**ചെറുകുളഞ്ഞി സെൻമേരീസ് പള്ളി**

| | |
|---|---|
| ആഷാമോൾ പി. ഏബ്രഹാം, പാലത്തിങ്കൽ | 11,000.00 |
| രാജിമോൾ രാജു, ചേരിക്കലേത്ത് | 10,000.00 |

**ചിങ്ങവനം സെന്റ് മേരീസ് ശാലേംപള്ളി**

| | |
|---|---|
| ജോബിൻ പി ജോസ്, പുത്തൻപറമ്പിൽ | 101,190.00 |
| സുനു ഏബ്രഹാം വട്ടുചിറപാറയിൽ | 19,0000.00 |
| റ്റിനാ പി. തമ്പി, കിഴക്കേപുല്ലാട്ട് | 10,000.00 |
| ബിബിനാ ചെറിയാൻ, മറ്റത്തിൽ | 15,000.00 |
| നിമ്മി മാത്യു ആനിയ്ക്കൽ | 3,000.00 |
| ഷൈനി കുറിയാക്കോസ്, മറ്റത്തിൽ | 15,000.00 |
| ചിന്നു ജേക്കബ്, കാടാത്ത്, മൂലംകുളം | 20,000.00 |
| റിൻസി മർക്കോസ്, തകിടിൽ മൂലംകുളം | 35,000.00 |
| മിന്നു ഏബ്രഹാം, മറ്റത്തിൽ(കളിയാംപറമ്പിൽ) | 35,000.00 |
| മീനു പുന്നൂസ്, വാലയിൽ | 40,0000.00 |
| അൻസു ജോസ് കാടാത്ത് | 40,0000.00 |
| നീതു റ്റി. രാജു, തകിടിയിൽ | 45,000.00 |
| മിന്റു റ്റി.എസ്, തകിടിയിൽ, കുഴിമറ്റം | 25,000.00 |
| സിയാ സണ്ണി, പുത്തൻപറമ്പിൽ, ചാന്നാനിക്കാട് | 25,000.00 |

**ഈര സെന്റ് മേരീസ് പള്ളി**

| | |
|---|---|
| റിയാ തോമസ് കൊണ്ടകശ്ശേരിചിറ | 5,000.00 |
| ഷിബിൻ ബാബു ഇരുപത്തരണ്ടിൽചിറ | 30,000.00 |
| താരാ ഏലിയാസ്, മാക്കോന്തറ | 25,000.00 |

**എണ്ണിക്കാട് യൂഹാനോൻ മാംദാന പള്ളി**

| | |
|---|---|
| ബിന്റാ ഏബ്രഹാം കൈതോലിൽ | 20,000.00 |
| ലിബിൻ രാജൻ, പുളിച്ചാമൂട്ടിൽ | 10,000.00 |

# അവകാശ സംരക്ഷണ യാത്ര



യാക്കോബായ സുറിയാനി സഭയോടുള്ള നീതി നിഷേധങ്ങൾക്കും, പള്ളി കൈയ്യേറ്റങ്ങൾക്കും എതിരെ ആരാധനാ സ്വാതന്ത്ര്യ സംരക്ഷണത്തിനായി നിയമ നിർമ്മാണം ആവശ്യപ്പെട്ടു കൊണ്ടുള്ള അവകാശ സംരക്ഷണ യാത്രയെ സമുദായ ആസ്ഥാനമായ ചിങ്ങവനം മോർ അപ്രേം സെമിനാരിയിൽ സ്വീകരിച്ചപ്പോൾ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി പ്രസംഗിക്കുന്നു

# ക്നാനായ സമുദായ മെറിറ്റ് അവാർഡ് 2020




ക്നാനായ സമുദായ മെറിറ്റ് അവാർഡ് 2020 റൈറ്റ്. റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മ മെത്രാപ്പോലീത്താ ഭദ്രദീപം കൊളുത്തി ഉദ്ഘാടനം ചെയ്യുന്നു. കോട്ടയം അതിരൂപതാ സഹായ മെത്രാൻ അഭിവന്ദ്യ ഗീവർഗീസ് മോർ അപ്രേം, ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭിവന്ദ്യ കുറിയാക്കോസ് മോർ സേവേറിയോസ്, ക്നാനായ സമുദായ സെക്രട്ടറി ശ്രീ. റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, വികാരി ജനറൽ വി. എ. എബ്രഹാം ഇളയശേരിൽ, വൈദിക ട്രസ്റ്റി മോനായി ഫിലിപ്പ്, ക്നാനായ കമ്മിറ്റി അംഗങ്ങൾ ആയ സാബു കണ്ണാട്ടിപ്പുഴ, തോമസുകുട്ടി മറ്റക്കാട്ട്, വില്ലി വാടാമറ്റം, ആലിച്ചൻ ആറൊന്നിൽ, ടി. സി. തോമസ് തോപ്പിൽ, ഉതുപ്പാൻ ജോസഫ് ചെരിവുപറമ്പിൽ എന്നിവർ സമീപം.



ക്നാനായ സമുദായം കോളേജ് സ്ഥാപിക്കുന്നതിനുവേണ്ടി പുതുതായി വാങ്ങിയ 10 ഏക്കർ സ്ഥലത്ത് സമുദായ മെത്രാപ്പൊലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയുടെയും സമുദായ സെക്രട്ടറിയുടെയും നേതൃത്വത്തിൽ ക്നാനായ കമ്മിറ്റി അംഗങ്ങളും നസ്രേത്തു ഫാർമസി കോളേജ് ഗവേണിംഗ് ബോർഡ് അംഗങ്ങളും നസ്രേത്തു ആശ്രമം കമ്മിറ്റി അംഗങ്ങളും ചേർന്ന് സമുദായത്തിന്റെ ബോർഡ് സ്ഥാപിച്ച് സമുദായത്തിനുവേണ്ടി സ്വന്തമാക്കുന്നു.




Advt -O

**ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 1675 – ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം റൈറ്റ്. റവ. ഡോ. തിയഡോഷ്യസ് മാർത്തോമ്മാ മെത്രാപ്പോലീത്ത ഉദ്ഘാടനം ചെയ്യുന്നു.**





## കൊടിയേറ്റ്

**ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം കൊടിയേറ്റ് നടത്തുന്നു.**

# തദ്ദേശം 2020 വിജയികൾക്ക് അനുമോദനങ്ങൾ



**അഡ്വ. ബിന്ദു റെജി, വളയനാട്ട്**
അങ്ങാടി
ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്
സെന്റ് തോമസ് ക്നാനായ
വലിയപള്ളി, റാന്നി



**ജോസ് പള്ളിക്കുന്നേൽ**
കോട്ടയം മുൻസിപ്പാലിറ്റി
വാർഡ് 36
ചിങ്ങവനം സെന്റ് ജോൺസ്
ദയറാപള്ളി



**ലിസി മണിമല**
കോട്ടയം മുൻസിപ്പാലിറ്റി
വാർഡ് 37
ചിങ്ങവനം സെന്റ് ജോൺസ്
ദയറാപള്ളി



**ജിഷ ഡെന്നി തെക്കേമഠം**
കോട്ടയം മുൻസിപ്പാലിറ്റി
വാർഡ് 38
ചിങ്ങവനം സെന്റ് ജോൺസ്
പുത്തൻപള്ളി



**ജയിംസ് പുല്ലംപറമ്പിൽ**
കോട്ടയം മുൻസിപ്പാലിറ്റി
വാർഡ് 39
ചിങ്ങവനം സെന്റ് മേരീസ്
ശാലേംപള്ളി




**ഷീബാ മർക്കോസ്**
കല്ലുവെട്ടാംകുഴിയിൽ
കോട്ടയം മുൻസിപ്പാലിറ്റി
വാർഡ് 48
കോട്ടയം സെന്റ് മേരീസ്
വലിയപള്ളി



**സബിതാ ചെറിയാൻ**
മാടപ്പള്ളി ബ്ലോക്ക്
(വാകത്താനം ഡിവിഷൻ)
സെന്റ് സൈമൺസ് ക്നാനായ
പള്ളി, വാകത്താനം



**നയനാ സാബു അലക്കുകല്ലുങ്കൽ**
റാന്നി ബ്ലോക്ക്
(റാന്നി ഡിവിഷൻ)
സെന്റ് തോമസ് വലിയപള്ളി,
റാന്നി



**അഡ്വ. ജേക്കബ് സ്റ്റീഫൻ കാവുങ്കൽ**
റാന്നി ബ്ലോക്ക്
(അങ്ങാടി ഡിവിഷൻ)
സെന്റ് തോമസ് വലിയപള്ളി,
റാന്നി



**സജീവ്.എം.യു. മാമലക്കുന്നത്ത്**
രാമമംഗലം പഞ്ചായത്ത്
വാർഡ് 5
സെന്റ് ജേക്കബ്സ് ക്നാനായ
വലിയപള്ളി, രാമമംഗലം



**ബിജി രാജു, പുല്ലാട്ടുകുഴിയിൽ**
രാമമംഗലം പഞ്ചായത്ത്
വാർഡ് 6
സെന്റ് ജേക്കബ്സ് ക്നാനായ
വലിയപള്ളി, രാമമംഗലം



**മജു പുത്തൻപറമ്പ്**
വാകത്താനം പഞ്ചായത്ത്
വാർഡ് 3
സെന്റ് സൈമൺസ് ക്നാനായ
പള്ളി വാകത്താനം

# തദ്ദേശം 2020 വിജയികൾക്ക് അനുമോദനങ്ങൾ



**ബോബി സ്കറിയ, കാരിമറ്റത്തിൽ**
പനച്ചിക്കാട് പഞ്ചായത്ത്
വാർഡ് 7
സെന്റ് മേരീസ് ക്നാനായ പള്ളി
ചാന്നാനിക്കാട്



**ജീനാ ജേക്കബ്**
പനച്ചിക്കാട് പഞ്ചായത്ത്
വാർഡ് 15
ചിങ്ങവനം സെന്റ് ജോൺസ്
ദയറാപള്ളി



**സുമ എബി, മഴുവഞ്ചേരിൽ**
കുറിച്ചി പഞ്ചായത്ത്
വാർഡ് 20
സെന്റ് ജോർജ് ക്നാനായ
വലിയപള്ളി, നീലംപേരൂർ



**സോണി കളത്തിൽ**
നീലംപേരൂർ പഞ്ചായത്ത്
വാർഡ് 2
സെന്റ് ജോർജ് ക്നാനായ
വലിയപള്ളി, നീലംപേരൂർ



**ജോസിമോൾ ജിനു, കളത്തിൽ**
നീലംപേരൂർ പഞ്ചായത്ത്
വാർഡ് 3
സെന്റ് ജോർജ് ക്നാനായ
വലിയപള്ളി നീലംപേരൂർ



**റ്റിനു കുര്യൻ**
കാവാലം പഞ്ചായത്ത്
വാർഡ് 12
സെന്റ് ജോർജ് ക്നാനായ
പള്ളി കാവാലം



**ബീനാ സണ്ണി, ചേന്നങ്ങാട്ട്**
വാകത്താനം പഞ്ചായത്ത്
വാർഡ് 20
സെന്റ് സൈമൺസ് ക്നാനായ
പള്ളി വാകത്താനം



**സഞ്ചു ബിനോജ്, ചിറയിൽ**
വെളിയനാട് പഞ്ചായത്ത്
വാർഡ് 10
സെന്റ് മേരീസ് ബേത്‌ലഹേം
ക്നാനായപള്ളി, വെളിയനാട്



**ജോമോൻ കുരുവിള**
കടപ്ര പഞ്ചായത്ത്
വാർഡ് 13
സെന്റ് മേരീസ് ക്നാനായ പള്ളി
മാന്നാർ



**കെ.എ. ചാക്കോ, കുറ്റിയിൽ**
കുറ്റൂർ പഞ്ചായത്ത്
വാർഡ് 8
സെന്റ് മേരീസ് ക്നാനായ
വലിയപള്ളി, കല്ലിശ്ശേരി



**ബീന ബിജു, ചാങ്ങയിൽ**
തിരുവൻവണ്ടൂർ പഞ്ചായത്ത്
വാർഡ് 9
സെന്റ് മേരീസ് ക്നാനായപള്ളി
മഴുക്കീർ



**എൻ.റ്റി. ഏബ്രഹാം, നെടുന്തറമലയിൽ**
കുറ്റൂർ ഗ്രാമപഞ്ചായത്ത്
വാർഡ് 10
സെന്റ് മേരീസ് ക്നാനായ പള്ളി
കുറ്റൂർ

# തദ്ദേശം 2020 വിജയികൾക്ക് അനുമോദനങ്ങൾ



**ബിന്ദു ഷിബു, മാളിയേക്കൽ**
തിരുവൻവണ്ടൂർ പഞ്ചായത്ത്
വാർഡ് 8
സെന്റ് മേരീസ് ക്നാനായ
വലിയപള്ളി, കല്ലിശ്ശേരി



**ആൽഫാ അമ്മിണി ജേക്കബ്, കുരിചിറ്റയിൽ**
കുറ്റൂർ പഞ്ചായത്ത് വാർഡ് 5
സെന്റ് ഗ്രിഗോറിയോസ്
ക്നാനായ പള്ളി വെസ്റ്റ് ഓതറ



**ബിന്ദു കുഞ്ഞുമോൻ തുരുത്തിക്കോണത്ത്**
കുറ്റൂർ പഞ്ചായത്ത് വാർഡ് 6
സെന്റ് മേരീസ് ക്നാനായപള്ളി
വെസ്റ്റ് ഓതറ



**അമ്മിണി ചാക്കോ, ഏർത്തുമണ്ണിൽ**
ഇരവിപേരൂർ പഞ്ചായത്ത്
വാർഡ് 2
സെന്റ് മേരീസ് ക്നാനായപള്ളി,
ഇരവിപേരൂർ



**ഷേർലി ജയിംസ്, പീടികയിൽ**
ഇരവിപേരൂർ പഞ്ചായത്ത്
വാർഡ് 16
സെന്റ് മേരീസ് ക്നാനായ
പള്ളി, ഇരവിപേരൂർ



**സാബു പാറുമലയിൽ**
വടശ്ശേരിക്കര പഞ്ചായത്ത്
വാർഡ് 1
സെന്റ് ജോർജ് ക്നാനായപള്ളി
അഞ്ചാനി



**സച്ചിൻ, വയലാ**
റാന്നി പഞ്ചായത്ത്
വാർഡ് 3
സെന്റ് തോമസ് ക്നാനായ
വലിയപള്ളി, റാന്നി



**ജെവിൻ, കാവുങ്കൽ**
അങ്ങാടി പഞ്ചായത്ത്
വാർഡ് 9
സെന്റ് തോമസ് ക്നാനായ
വലിയപള്ളി, റാന്നി



**ആൻഡ്രൂസ് എം.കെ.**
അങ്ങാടി പഞ്ചായത്ത്
വാർഡ് 8
സെന്റ് തോമസ് ക്നാനായ
വലിയപള്ളി, റാന്നി



**ബിനിറ്റ് ജിജി, കരിപ്പാൽ**
പഴവങ്ങാടി പഞ്ചായത്ത്
വാർഡ് 14
സെന്റ് കുറിയാക്കോസ്
ക്നാനായപള്ളി, ഐത്തല



**ഷൈനി രാജീവ്**
പഴവങ്ങാടി പഞ്ചായത്ത്
വാർഡ് 11
സെന്റ് കുറിയാക്കോസ്
ക്നാനായപള്ളി, ഐത്തല




**ബ്രില്ലി ബോബി, കിഴക്കേമുറിയിൽ**
പഴവങ്ങാടി പഞ്ചായത്ത്
വാർഡ് 12
സെന്റ് കുറിയാക്കോസ്
ക്നാനായപള്ളി, ഐത്തല

# തദ്ദേശം 2020 വിജയികൾക്ക് അനുമോദനങ്ങൾ



**സീമ മാത്യു**
പഴവങ്ങാടി പഞ്ചായത്ത്
വാർഡ് 13
സെന്റ് തോമസ് വലിയപള്ളി,
റാന്നി



**അനിയൻ വളയനാട്ട്**
പഴവങ്ങാടി പഞ്ചായത്ത്
വാർഡ് 15
സെന്റ് തോമസ് വലിയപള്ളി,
റാന്നി

## 41st Wedding Anniversary

20 - 01 - 2021



Advt -

## A.C. Abraham (Thankachan) & Gracykutty Abraham

Ayiramthaickal House, Vakathanam

Prayerful Greetings from
Tiju & Julie- Alister, Savi
Tijina & Sijo- Aalia, Michael, Marcus

Advt -O



## PRAYERFUL CONDOLENCE

## Mor Selwanos Boutros Al-Nehmeh

Archbishop of Homs, Hama, Tartous
and Environs



# 38 –ാം ചരമ വാർഷികം

29- 01- 2021

## പി. ഒ. ഏബ്രഹാം

പള്ളിയമ്പിൽ

ഫൗണ്ടർ : പോബ്സ് ഗ്രൂപ്പ്, ഓതറ

തിരുവല്ല

Advt -S

# 17 –ാം ചരമവാർഷികം

2 –01 –2021



Advt -R

## ചിന്നമ്മ കുര്യൻ

വാണിയപുരയ്ക്കൽ, ഈര

സന്തപ്ത കുടുംബാംഗങ്ങൾ

# 2 –ാം ചരമ വാർഷികം

10 –01 –2021



Advt -R

## കെ. ഒ. കുരുവിള (ബാബു)

കരിപ്പാലിൽ, ചിങ്ങവനം

"നിന്റെ മഹത്വമുദിക്കും നാൾ

നിൽക്കണമിവൻ വലഭാഗത്തിൽ"

By Sorrowing Family

## $14^{th}$ Death Anniversary

10–12–2020



## 4th Birthday in Heaven

29–1–2021



Advt - R

**Kunjachen** **Joji P. Abraham**

**Pulanchanaril, Channanikadu**

"നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Sorrowing Family members

## 1–ാം ചരമവാർഷികം

9–1–2021



Advt -R

**മേരിക്കുട്ടി മാത്യു**

**മൂഴിപ്പെരുമേത്ത്, ഐത്തല, റാന്നി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## വേർപാടിന്റെ 4–ാം വാർഷികം

9–1–2021



Advt -O

**വത്സ ഏബ്രഹാം**

**കുട്ടോലമഠം, തിരുവനന്തപുരം**

*സന്തപ്ത കുടുംബാംഗങ്ങൾ*

## 12th Death Anniversary

**24-01-2021**



Advt -S

## C. K. Kuriakose (Kunjumon)

**Cheriyamoozhiyil, Angadi, Ranny**

"We miss U"
Wife, Children, Grand Children

## 1st Death Anniversary

23-01-2021



Advt - O

## T.A. Abraham (Thankachan)

**Thekkekarottu (H), Chingavanam**

"കരുണനിറഞ്ഞവനെ പുനരഠുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം

4 – 1 – 2021



Advt -S

## T. T. Chandy (Sunny)

**Thundiyil, Kattodu, Thiruvalla**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

സന്തപ്ത കുടുംബാംഗങ്ങൾ

## 2 – ാം ചരമവാർഷികം

**29 – 01 – 2021**



Advt -S

## V. P. KURIAKOSE

**Vakkayil House, Thuruthikadu**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 2 – ാം ചരമവാർഷികം

21-01-2021



**പി. റ്റി. ജേക്കബ്**

(തങ്കച്ചൻ)

പാണംപറമ്പിൽ, ഐത്തല, റാന്നി.


സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

സ്നേഹസ്മരണയ്ക്ക്

## 1 – ാം ചരമവാർഷികം

26 – 1 – 2021



**യു. കെ. മാത്യു**

കുന്നുംപുറത്ത്, വാകത്താനം

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 1 – ാം ചരമവാർഷികം

30 – 1 – 2021



**കുര്യൻ രാജൻ (76)**

കോഴിമറ്റത്തിൽ (മുട്ടത്തുകടവിൽ)

ചിങ്ങവനം

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ "

സന്തപ്ത കുടുംബാംഗങ്ങൾ

Advt -S

## 3 – ാം ചരമവാർഷികം

27 – 01 – 2021



**കുഞ്ഞമ്മ ഉതുപ്പാൻ**

കോവിലാൽ, മഴുക്കീർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ "

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## ഒന്നാം ചരമവാർഷികം

8-02-2021



# എം. എ. ഏബ്രഹാം (ബാബു)

**മണിമലേത്ത്, വെച്ചൂച്ചിറ.**

സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 5-ാം ചരമ വാർഷികം

6-02-2021



# ഏബ്രഹാം സ്കറിയ (ബേബി)

**പാട്ടാളശ്ശേരിൽ, വാലടി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 25-ാം ചരമവാർഷികം

23-01-2021



# സാബു ഏബ്രഹാം

**വാളംപറമ്പിൽ, മഴുക്കീർ**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

## 1-ാം ചരമവാർഷികം

7-1-2021



# Thomas Abraham

**(Thomaskutty)**

**Kannathumuri Mangattil, Ranny**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S



## First Anniversary in Paradise

1-01-2021

## Dr. (Mrs.). ANNE KORAH

**Kochanayil, Kottayam**
**W/o Prof. M.C. Korah,**
**Melel, Ranny**

The song has ended but the melody lingers on.
Your life has touched so many with the
love and values you have showed.
Your memories are in our hearts
forever and always missing you,

Members of the
Sorrowing Families

Advt -O

---

### 3-ാം ചരമവാർഷികം

3-01-2021



## C.K. Philip

**ചാങ്ങാടത്തിൽ, ചിങ്ങവനം**

"നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ"

ഭാര്യ മോളി ഫിലിപ്പ്, മക്കൾ-മരുമക്കൾ-കൊച്ചുമക്കൾ

Advt -O

---

### 9-ാം ചരമവാർഷികം

8-01-2021



## ജെയിംസ് കുറിയാക്കോസ്

**കോലത്ത്, നീലംപേരൂർ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -R

# സ്വന്തം പ്രതിച്ഛായ (Self image)

ഡോ. ഐബി ജോസ്, റാന്നി

'സ്വന്തം (സ്വയം) പ്രതിച്ഛായ' അഥവാ 'സ്വയം ഇമേജ്' എന്നാൽ നിങ്ങൾ സ്വയം നിങ്ങളെ എങ്ങനെ കാണുന്നു എന്നതാണ്. നീയെങ്ങനെ നിന്നെ ഗ്രഹിക്കുന്നു എന്നതിലാശ്രയിച്ചിരിക്കും നിന്റെ സ്വയം പ്രതിച്ഛായ. അതു മറ്റുള്ളവരെ ആശ്രയിച്ചല്ല, മറിച്ച് അവനവനെക്കുറിച്ചുള്ള ബോധ്യത്തിൽ നിന്ന്, അവനവന്റെയുള്ളിലെ ആത്മബലത്തിൽ നിന്നാർജ്ജിച്ചെടുക്കേണ്ടതാണ്. മൗണ്ടൻ സ്റ്റേറ്റ് സെന്ററുകൾ ഫോർ ഇൻഡിപെൻഡന്റ് ലിവിങ്ങിൽ 'സ്വയം പ്രതിച്ഛായ'യെ കുറിച്ചിങ്ങനെ പറയുന്നു. "സ്വയം ഇമേജ്" നിങ്ങൾ സ്വയം എങ്ങനെ കാണുന്നു എന്നതാണ്. ഇതു കാലക്രമേണ വളർത്തിയ നിരവധി 'സ്വയം ഇംപ്രഷനുകളാണ്'. ഈ സ്വയം ഇമേജുകൾ വളരെ പോസിറ്റീവ് ആകാം. ഒരു വ്യക്തിക്ക് അവരുടെ ചിന്തകളിലും, പ്രവർത്തനങ്ങളിലും, ആത്മവിശ്വാസം നൽകുന്നു. അല്ലെങ്കിൽ നെഗറ്റീവ് ആകാം, വ്യക്തിയെ അവരുടെ കഴിവുകളെയും, ആശയങ്ങളെയും സംശയിക്കുന്നു".

നിങ്ങളോടുള്ള മൊത്തത്തിലുള്ള നിങ്ങളുടെ ആദരവാണ് ആത്മാഭിമാനം (Self esteem) അതു നിങ്ങളെക്കുറിച്ച് നിങ്ങൾക്ക് എത്രമാത്രം അനുകൂലമായോ, പ്രതികൂലമായോ തോന്നുന്നു എന്നതിനെ ആശ്രയിച്ചിരിക്കും. നമ്മളെക്കുറിച്ച് നമുക്കെന്തു തോന്നുന്നു എന്നുള്ളതാണ് നമ്മെക്കുറിച്ച് മറ്റുള്ളവർക്കെന്തു തോന്നും എന്ന തോന്നലിനെക്കാൾ പ്രധാനം.

നിങ്ങളുടെ സന്തോഷത്തിന്റെ താക്കോൽ നിങ്ങൾ തന്നെ സൂക്ഷിക്കുക. അതു മറ്റുള്ളവരെ ഏൽപ്പിക്കാതിരിക്കുക. കുറവുകളെക്കുറിച്ച് മാത്രം ചിന്തിച്ച് ആകുലപ്പെടുന്നതുകൊണ്ട് മനുഷ്യന് തന്റെ കഴിവുകൾ കണ്ടെത്തി സന്തോഷിക്കുവാൻ കഴിയുന്നില്ല. യാഥാർത്ഥ്യത്തിൽ അധിഷ്ഠിതമല്ലാത്ത നിങ്ങളെക്കുറിച്ചുള്ള നിങ്ങളുടെ കാഴ്ചപ്പാട് പ്രശ്നങ്ങൾ സൃഷ്ടിക്കും. നെഗറ്റീവ് സെൽഫ് ഇമേജ്, വിഷാദം, ഉത്കണ്ഠ തുടങ്ങിയ ഗുരുതര മാനസിക/വൈകാരിക പ്രശ്നങ്ങൾ ഉണ്ടാക്കുന്നു. നെഗറ്റീവ് സെൽഫ് ഇമേജ് ആത്മാഭിമാനത്തെ പ്രതികൂലമായി ബാധിക്കുന്നു. അഹങ്കാരത്തിലധിഷ്ഠിതമായ അമിതമായ ആത്മാഭിമാനം 'മാനിയ' ഉണ്ടാക്കാം. വികലമായ 'സ്വയം ഇമേജ്' മൂലം. സ്വയം ഇമേജ് ഡിസോർഡർ ഉണ്ടാകാം. വണ്ണം കുറഞ്ഞ്, മെലിയാൻ ഉത്കണ്ഠയോടെ പട്ടിണി കിടക്കുന്നവർ ഉണ്ട്. Anerexia nervosa എന്ന ഭക്ഷണ ക്രമക്കേട് മരണനിരക്ക് ഉയർത്തുന്നു. സ്വയം ഇമേജുമായി ശരിക്കും പോരാടുന്നവർക്ക് അവരുടെ സ്വന്തം ഇമേജ് മെച്ചപ്പെടുത്തുന്നതിനും യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുത്തുന്നതിനും നിരവധി തെറാപ്പികൾ ഉണ്ട്. ആത്മാഭിമാനം വർദ്ധിപ്പിക്കുന്നതിനും ആത്മബോധം നിലനിർത്തുന്നതിനും ധ്യാനം നല്ലതാണ്. 'ഞാൻ ആരാണ്' എന്ന് കണ്ടെത്തി ആത്മജ്ഞാനം വർദ്ധിപ്പിച്ചാൽ കഴിവുകൾ മെച്ചപ്പെടും. കൃതജ്ഞത, അഭിനന്ദനം, സ്നേഹം, ഒരുമ ഇവ സെൽഫ് ഇമേജ് ബൂസ്റ്റ് ചെയ്യുന്നു. ശക്തമായ പോസിറ്റീവും ക്രിയാത്മകവുമായ ഒരു സെൽഫ് ഇമേജ് ജീവിത വിജയമുണ്ടാക്കുന്നു. നിങ്ങളെ തിരിച്ചറിഞ്ഞ് അംഗീകരിക്കുന്ന അഭ്യുദയ കാംക്ഷികളുമായി സൗഹൃദം നിലനിർത്തുക. സ്വയം തിരിച്ചറിഞ്ഞ്, സ്വയം പ്രോത്സാഹിപ്പിച്ച്/പ്രചോദിപ്പിച്ച് ഉയരുക. സ്വയം പഠിക്കുക. നിങ്ങളെക്കാളധികം നിങ്ങളെ തിരിച്ചറിയാൻ മറ്റൊരാൾക്ക് കഴിയുകയില്ല. ക്ഷമയോടെ, സാവകാശം അവനവനെ പഠിക്കുക.

സ്വന്തം കണ്ണിലെ കോലെടുക്കാതെ മറ്റുള്ളവരുടെ കണ്ണിലെ കരടെടുക്കാൻ ശ്രമിക്കുന്നത് തെറ്റാണ്. നീ പരിപൂർണ്ണനല്ലായിരിക്കെ മറ്റുള്ളവരുടെ കുറ്റങ്ങളും, കുറവുകളും ഊതിപ്പെരുപ്പിച്ച് കളിയാക്കാൻ/പുകഴ്ത്താൻ നിനക്കെന്തവകാശം. ചിലപ്പോൾ നിന്റെ ഒരു വാക്കിലാവാം അപരന്റെ നന്മയും/നാശവും, ആത്മവിശ്വാസവും/ആത്മനിന്ദയും രൂപപ്പെടുന്നത്. നിന്റെ ഒരു ചെറുപുഞ്ചിരിയിൽ/നല്ല സമീപനത്തിൽ അപരന് നല്ല ഭാവിയും ഉയർച്ചയും ഉണ്ടാകാം. നീ അപരനെ അംഗീകരിക്കുന്നു, ബഹുമാനിക്കുന്നു എന്ന തോന്നൽ അവനെ വിജയത്തിലെത്തിച്ചേക്കാം. ചെയ്യാൻ കഴിയുന്ന നന്മ ചെയ്യാതിരിക്കുന്നതും പാപമാണ്.

മറ്റുള്ളവരുടെ ആത്മവിശ്വാസം തകർക്കുന്നതൊന്നും നാം പറയരുത് ചെയ്യരുത്. അതു പാപമാണ്. അവരെ കൊല്ലുന്നതിനു തുല്യമാണ്. 'സഹോദരനോട് നിസ്സാര' എന്നു പറയുന്നവൻ അഗ്നി നരകത്തിനു യോഗ്യനാകും എന്നു ബൈബിൾ പറയുന്നു.

